5. നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(1) 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) സർ, Introduce ചെയ്തുകൊണ്ട് സംസാരിച്ചതാണ്. ചർച്ചയ്ക്കുള്ള മറുപടിയായി വിശദമായി പറയാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ചില ഭേദഗതികളാണ് ഈ ബില്ലിലൂടെ സർക്കാർ നടപ്പിലാക്കാനായി കൊണ്ടുവന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് സബ്ജക്ട്

കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നു. അവിടെ ന്യായമായ ആശങ്കകൾ ഉന്നയിച്ചുകൊണ്ട് അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഭേദഗതി എഴുതി നൽകിയിട്ടുണ്ട്. വിയോജനക്കുറിപ്പിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം സവിസ്തരം പറയേണ്ട കാര്യമില്ല. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പുതന്നെ കേരളത്തിന്റെ സമുദ്രതീരവും ജലലഭ്യതയും നദികളിലൂടെയും കടലുകളിലൂടെയുമുള്ള യാത്രയും വിദേശികളെയും ലോകസഞ്ചാരികളെയും ആകർഷിച്ചിരുന്നു. ലോക വ്യാപാര വാണിജ്യരംഗത്ത് പത്തോ രണ്ടായിരമോ മൂവായിരമോ അയ്യായിരമോ വർഷമുള്ള ചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ളതും ആ ചരിത്രത്തിലില്ലാത്തതുമായ ബന്ധം ലോകത്താകെ നമുക്കുണ്ട്. അങ്ങനെ സവിശേഷമായ സാഹചര്യമുള്ള കേരളത്തിന്റെ തീരപ്രദേശങ്ങളെ ഇങ്ങനെയൊരു ബിൽ വഴി കൂടുതൽ വാണിജ്യപരമായും നമ്മുടെ നാടിന്റെ ആകെ വികസനത്തിന് സഹായകരമായ കാര്യങ്ങൾക്കായും കൊണ്ടുവരുക എന്നുള്ളതാണ് നമ്മൾ എപ്പോഴും മാരിടൈമുമായി ബന്ധപ്പെട്ട് ഉദ്ദേശിക്കുന്നത്. മാരിടൈം രംഗത്ത് നമ്മുടെ അനന്തസാധ്യതകളെ തുറന്ന് കാണിക്കുന്ന ഏറ്റവും വലിയ കാര്യമാണ്

ഇപ്പോൾ വന്നിട്ടുള്ള വിഴിഞ്ഞം. അതിനുമുമ്പുതന്നെ അറബിക്കടലിന്റെ റാണിയായ കൊച്ചി വളരെയേറെ വികസിച്ചതാണ്. ആ വികസനത്തിന്റെ പരിമിതികൾപോലും പരിഹരിക്കുന്നതാണ് ഇപ്പോഴത്തെ വിഴിഞ്ഞം തുറമുഖം. കാരണം നാച്ചുറൽ ഡ്രാഫ്റ്റ് 20 മീറ്ററിനടുത്തുള്ള ലോകത്തെ അപൂർവം തുറമുഖങ്ങളിലൊന്നാണ് വിഴിഞ്ഞം. അതിന്റെ ഒന്നാംഘട്ടം വളരെ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് മെച്ചമാണ്. ലോകത്ത് മുമ്പ് അറബിക്കടലിന്റെ റാണിയെന്ന നിലയിൽ വലിയ തോതിൽ കൊച്ചിക്ക് ആ നേട്ടമുണ്ടായിരുന്നു. അതിനുമുമ്പ് മുസിരിസ് ആണ് റോമാ സാമ്രാജ്യവുമായി വാണിജ്യ വ്യാപാര ബന്ധങ്ങളുണ്ടായിരുന്നത്. പെരിയാറിൽ പിന്നീടുണ്ടായ വലിയൊരു വെള്ളപ്പൊക്കംമൂലം കൊച്ചി രൂപപ്പെടുകയും കൊച്ചിയിലെ വൈപ്പിൻ ദ്വീപ് ഉൾപ്പെടെയുള്ള ദ്വീപുകൾ രൂപപ്പെടുകയും കൊടുങ്ങല്ലൂരിൽ വെള്ളം കയറി അവിടത്തെ തുറമുഖ സൗകര്യങ്ങൾ പോകുകയും ചെയ്തതിനെത്തുടർന്നാണ് കൊച്ചി വികസിച്ചത്. ഇതെല്ലാം കാണിക്കുന്നത് നമ്മുടെ സാധ്യതകളെ തുറന്ന ഒരു സൗകര്യമായി ഉപയോഗിക്കണമെന്നാണ്. വിഴിഞ്ഞം വന്നതോടുകൂടി ലോകം വീണ്ടും

ഇങ്ങോട്ട് നോക്കാൻ തുടങ്ങി. പലഘടകങ്ങളുണ്ട്, അതെല്ലാം നമുക്ക് അറിയുന്നതാണ്. വിഴിഞ്ഞത്തെ നേട്ടത്തിലെത്തിക്കുന്നതിൽ എളിയ പങ്ക് വഹിച്ചൊരു ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിച്ച ഒരാളെന്ന നിലയിൽ എനിക്ക് സന്തോഷമുണ്ട്. വിഴിഞ്ഞം ഇപ്പോൾ functional ആയി. ലോകവ്യാപാര രംഗത്ത് ഏറ്റവും കൂടുതൽ ചരക്കുകൾ വരുന്നൊരു മേഖലയാണ് ജപ്പാനും ചൈനയും കൊറിയയും അടക്കമുള്ള സ്ഥലങ്ങൾ. ലോകവ്യാപാരത്തിന്റെ 50 മുതൽ 60 ശതമാനംവരെ ഷിപ്പ്മെന്റ് വരുന്നത് അവിടെനിന്നാണ്. അപ്പോൾ ഒരു ഓട്ടോറിക്ഷ ഓടിച്ചെത്തിക്കുന്ന ദൂരം പ്രധാന കപ്പൽ ശാലയിൽനിന്ന് എത്താൻ കഴിയുന്ന ഇത്തരം തുറമുഖങ്ങൾ അപൂർവമാണ്. 10 കിലോമീറ്റർ അകലത്തുക്കൂടി പോകുന്ന മെയിൻ പാതയിൽനിന്ന് നേരെ ഇടത്തേക്ക് തിരിച്ചാൽ വഴിഞ്ഞമെത്തും. ഹോർമൂസ് കടലിടുക്കിലെ പ്രശ്നങ്ങളും ഗൾഫ് മേഖലയിലെ പ്രശ്നങ്ങളിലും അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ സാമ്പത്തിക പ്രശ്നങ്ങളുമൊക്കെ ഈ മേഖലയിലെ കച്ചവട സാധ്യതകളെ കൂടുതൽ വ്യാപിപിക്കാൻ സഹായിക്കും. എന്നുമാത്രമല്ല, ലോകജനസംഖ്യയുടെ 10-60 ശതമാനം ആളുകൾ

നിവസിക്കുന്ന മേഖല എന്ന നിലയിൽ ഏഷ്യ-പസഫിക് മേഖലയ്ക്ക് പ്രത്യേകതകളുണ്ട്. ഈ പ്രത്യേകത കണ്ടുകൊണ്ടുതന്നെ കേരളത്തിന്റെ വാണിജ്യ-വ്യാപാര മേഖലയെ, ലോകത്തിലെ 70-80 ശതമാനം ചരക്ക് കൊണ്ടുപോകുന്ന കപ്പൽഗതാഗത മേഖലയെ എല്ലാ ലോക വാണിജ്യശക്തികളും ശ്രദ്ധിക്കാൻ സാധ്യതയുണ്ട്. അവിടെയാണ് വിഴിഞ്ഞം വന്നതിന്റെ തൊട്ടുപിന്നാലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കടലുകളുടെ സാധ്യതകളെ സംബന്ധിച്ച് വളരെ വിശാലമായി സംസാരിച്ചത്. ഓപ്പറേഷൻ സമുദ്ര അതിന്റെ ഭാഗമാണ്. 'മിഷൻ സമുദ്ര' പദ്ധതി നമ്മുടെ വാതായനങ്ങളെ വിശാലമായി തുറക്കുകയും നമ്മുടെ നാടിന് ആകെ ഗുണകരമാകുകയും കോമ്പറ്റീഷൻ രംഗത്ത് പലയാളുകൾക്ക് വരാൻകഴിയുന്ന രീതിയിൽ ആക്കുന്നതിന് സഹായകരമായ ഒരു ബില്ലാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷെ, ഈ ബില്ലിൽ ചില അപകടകരമായ പ്രൊവിഷൻസുണ്ട്. അത് എങ്ങനെ അപകടമുണ്ടാക്കുമെന്ന ആശങ്കയുള്ളതുകൊണ്ടാണ് ഈ വിയോജന കുറിപ്പ്. നമുക്ക് പരിചയമില്ലാത്ത, കണ്ടിട്ടില്ലാത്ത, ചരിത്രത്തിൽപോലും വായിച്ചിട്ടില്ലാത്ത

പൂർവികരുടെ പ്രവർത്തനങ്ങൾ വഴി ലോകത്തിന്റെ പല സ്ഥലങ്ങളിൽനിന്നും ഇവിടേയ്ക്ക് വന്നവരുണ്ട്, ആഫ്രിക്കയിൽനിന്നും ന്യൂസിലാൻഡിൽനിന്നും വന്നവരുണ്ട്. അതുകൊണ്ട് നമുക്ക് ജനിറ്റിക്കലി പല സ്ഥലങ്ങളുമായും ബന്ധമുണ്ട്. പണ്ട് കപ്പലൊക്കെ വരുന്നതിനുമുമ്പും വന്നിട്ടുണ്ടെന്നാണ് കണക്ക്. ഈ ബില്ലിൽ ചില റെസ്ട്രിക്ഷനുകളുണ്ടാകുമോയെന്ന് സംശയമുണ്ട്. ബില്ലിലെ 22(എ) പ്രകാരം, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അവകാശം ബോർഡിന് കൈമാറാൻ വ്യവസ്ഥ ചെയ്യുന്ന ഒരു പ്രൊവിഷനുണ്ട്. മാരിടൈം ഏരിയ എന്നത് പോർട്ട് വകുപ്പിന്റെ കയ്യിലുള്ള സ്ഥലങ്ങളെന്നാണ് നമ്മുടെ ധാരണ. ഉദാഹരണത്തിന് കൊല്ലം ജില്ലയിലെ ആശ്രാമം മൈതാനത്തോട് ചേർന്ന് തുറമുഖ വകുപ്പിന്റെ സ്ഥലമുണ്ട്. ഇത് മുഖ്യമന്ത്രിക്കും ചെയറിനും മറ്റ് അംഗങ്ങൾക്കും അറിയാവുന്നതാണ്. അത് എങ്ങനെയാണെന്ന് ഞാനും അത്ഭുതപ്പെട്ടു. പണ്ട് കായൽ വഴി സഞ്ചാരമുണ്ടായിരുന്നപ്പോൾ ട്രാൻസ്പോർട്ട് സ്റ്റാന്റിന്റെ എതിർവശത്ത് കുറെ സ്ഥലങ്ങളുണ്ടായിരുന്നു. അതുപോലുള്ള സ്ഥലങ്ങളാണ് പോർട്ടിന്റെ കൈവശമുള്ളത്. കേരളത്തിന്റെ അങ്ങോളമിങ്ങോളം ഇത്തരത്തിൽ

സ്ഥലങ്ങളുണ്ട്. കേരളത്തിന്റെ തീരദേശത്തുള്ള ആകെ ഭൂമി പോർട്ട് വകുപ്പിന്റെ കയ്യിലുള്ള ഭൂമിയല്ല. കേരളത്തിന്റെ ഭൂമി പൊതുവിൽ ആരുടെ കയ്യിലാണ്; അത് റവന്യൂ വകുപ്പിന്റെ കയ്യിലാണ്. റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി മാരിടൈം ബോർഡിന്റെ ഡേ ടു ഡേ ആക്ടിവിറ്റികൾക്കോ കൊമേഴ്സ്യൽ ആക്ടിവിറ്റികൾക്കോ പി.പി.പി. ആക്ടിവിറ്റികൾക്കോ കൊടുക്കാനുള്ള പ്രൊവിഷൻ എന്നത് dangerous ആയി അത് ഉപയോഗിക്കുമെന്നതാണ്. കാരണം, ഇപ്പോൾത്തന്നെ വേണ്ടത്ര ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്ന ഭൂമിയുണ്ട്.

ഇവിടെയുള്ള പ്രശ്നം, കൊല്ലം തങ്കശ്ശേരിയിലെ കാര്യം എനിക്കറിയാം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെ നവകേരള സദസ്സിന്റെ ഒരു പരിപാടിക്ക് പോയപ്പോൾ അവിടെയുള്ള ഒരു പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചു. തങ്കശ്ശേരിയിൽ വർഷങ്ങളായി പട്ടയമില്ലാതെ താമസിക്കുന്ന അറുന്നൂറോ എഴുന്നൂറോ കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. കടലിനോട് ചേർന്ന സ്ഥലങ്ങൾക്ക് പട്ടയം നൽകാൻ വലിയ ബുദ്ധിമുട്ടാണ്. അവർക്ക് എത്രയോ വർഷമായി സ്വന്തമായി ഭൂമിയില്ല. അത്

റവന്യൂ വകുപ്പിന്റെ സ്ഥലമായതുകൊണ്ടാണ് ഈ പാവങ്ങൾക്ക് പട്ടയം നൽകാൻ സാധിച്ചത്. ഇത് അവിടെ മാത്രമുള്ള പ്രശ്നമല്ല. കേരളത്തിൽ അങ്ങോളമിങ്ങോളം കടൽതീരത്തോ കായൽതീരത്തോ പുഴകളോടോ ചേർന്ന് കിടക്കുന്ന ധാരാളം സ്ഥലങ്ങളുണ്ട്. കരയും കായലും പുഴയും എല്ലാം ചേർന്ന ഈ ഭൂമി മാരിടൈം ബോർഡിന്റെ പുതിയ നിയമമനുസരിച്ച്, റവന്യൂ വകുപ്പിൽനിന്നോ മറ്റേതെങ്കിലും ഭരണവകുപ്പിൽനിന്ന് ഇത് മുഴുവനും മാരിടൈം ബോർഡിന് പോകാൻ കഴിയുന്ന enabling പ്രൊവിഷൻ വന്നിട്ടുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട അമെന്റ്മെന്റ്. ഈ അമെന്റ്മെന്റ് വരുമ്പോൾ ഇതൊന്നും കൃത്യമായി ഉപയോഗിക്കപ്പെടുമെന്ന് നമുക്ക് ഉറപ്പില്ല.

Enabling പ്രൊവിഷൻ വന്നുകഴിഞ്ഞാൽ ഏത് ലാന്റും..... കോട്ടയം പോർട്ടിന്റെ കാര്യം ഇവിടെ പറഞ്ഞു. അങ്ങയുടെ ജില്ലയായ കോട്ടയത്ത് ധാരാളം പുറമ്പോക്ക് ഭൂമിയുണ്ട്. തമിഴ്നാട്ടിൽനിന്നുള്ള സാധനങ്ങൾ സ്റ്റഫ് ചെയ്ത് കണ്ടെയ്നറിൽ നിറച്ച് പോകുകയാണ്. കോട്ടയം പോർട്ടുൾപ്പെടെ ഉൾനാടൻ പോർട്ടുകൾ ഉൾപ്പെടെ നമുക്കുണ്ട്. ഇതിന്റെയെല്ലാം അടുത്തുള്ള സ്ഥലങ്ങൾ ഈ തരത്തിലേക്ക് ഉപയോഗിച്ച് പോകും. അവിടെ സംയോജിത

ടൗൺഷിപ്പ് കൊണ്ടുവരാൻ സാധിക്കും. തുറമുഖയിതര ഭൂമികളുടെ ഉൽപാദനപരമായ ഉപയോഗത്തിന് ഇതെല്ലാം ഉപയോഗിക്കാം. ലിമിറ്റഡായി നമ്മൾ ആ വസ്തുവിനെ ഉപയോഗിച്ചാൽ ടൂറിസം നല്ലതാണ്. അത് മുഴുവനും വലിയ ടൗൺഷിപ്പുകൾ, റിയൽ എസ്റ്റേറ്റ് പരിപാടികൾ, പരിസ്ഥിതി മാനദണ്ഡങ്ങൾ വിട്ടുകൊണ്ടുള്ള പൊതുനിർമ്മാണ പ്രവർത്തനങ്ങളൊക്കെ വരുമെന്നുള്ള ആശങ്ക 22 (എ)-യിൽ വരുന്നുണ്ട്.

22(എ)-യിലെ സംസ്ഥാന മാരിടൈം ലാൻഡ് ബാങ്ക് രൂപീകരണം. വലിയൊരു ലാൻഡ് ബാങ്കുണ്ടാകും. 'സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ, ഈ ആക്ടിലെയും അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം ചെറുകിട തുറമുഖങ്ങളുടെ വികസനം, മാരിടൈം വ്യവസായം, മാരിടൈം ലോജിസ്റ്റിക്സ് മറ്റ് അനുബന്ധകാര്യങ്ങൾ എന്നിവയ്ക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള ഭൂമി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന മാരിടൈം ലാൻഡ് ബാങ്ക് വിജ്ഞാപനം വഴി

രൂപീകരിക്കേണ്ടതാണ് . എവിടെയുള്ള ലാൻഡും, വെള്ളവുമായി ചേർന്നുകിടക്കുന്ന ഏത് സ്ഥലത്തെ ലാൻഡും ഏത് വകുപ്പിന്റെ കീഴിലായാലും അത് മുഴുവൻ മാരിടൈം ലാൻഡ് ബാങ്കിൽ വരും. പതിനായിരക്കണക്കിന് ഏക്കർ അല്ല, അതിലും അധികം വരുന്ന തരത്തിലേക്ക് വരും. അത് ഉപയോഗിക്കപ്പെടാം.

ബില്ലിലെ ‘ (2)(1)-ാം ഉപവകുപ്പ് പ്രകാരമുള്ള സംസ്ഥാന മാരിടൈം ലാൻഡ് ബാങ്കിലുൾപ്പെട്ട ഭൂമി സംബന്ധിച്ച് സർക്കാരിന്, ഉത്തരവ് വഴി പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉത്തരവിൽ പറയുന്ന നിരക്കിലും നിബന്ധനകളിന്മേലും ഉപാധികളിന്മേലും പാട്ടത്തിനോ ലൈസൻസ് വ്യവസ്ഥയിലോ ബോർഡിന് നൽകാവുന്നതാണ് . (3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെടുന്ന ഭൂമിയിൽ തുറമുഖ പരിധിയിൽപ്പെടുന്നതും എന്നാൽ തത്സമയം പ്രസ്തുത ഭൂമി മറ്റ് സർക്കാർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പക്ഷം, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ബോർഡിന് നൽകുന്നതിനുള്ള നടപടികൾ കഴിയുന്നത്രവേഗത്തിൽ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതാണ്.

ഈ അധികാരികൾ മാൻഡേറ്ററിയായയാണ് because, they may have some land, മാൻഡേറ്ററിയായതിനാൽ ബോർഡിന് നൽകണം. ഇങ്ങനെ പ്രൊവിഷൻ വച്ചുകഴിഞ്ഞാൽ ലാൻഡ് എടുക്കുന്നതിന് Draconian laws എന്ന് സാധാരണ പറയാൻ കഴിയില്ല. ഇത് ആളുകളെ ബാധിക്കുന്നതാണ്. Draconian ഇഫക്ടുള്ളതിനാൽ ഇതിലേക്ക് കൊടുക്കേണ്ടി വരും.

ഈ ബില്ലിനോടനുബന്ധിച്ച് ബാക്കി കാര്യങ്ങൾ പറയുന്നുണ്ട്. ഇതുണ്ടാക്കുന്ന അപകടങ്ങളുമുണ്ട്. നമ്മൾ ഒരു നിയമനിർമ്മാണം നടത്തിയത് കോടതി പരിശോധിക്കുമ്പോൾ അതിലെ നല്ല ഇന്റൻഷനും അപകടം കാണിച്ചിട്ടില്ലായെന്ന് കാണിക്കുകയും ചെയ്യുന്നത് വളരെ പ്രധാനമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസത്തെ ബില്ലിന്റെ ചർച്ചയിൽ പറഞ്ഞു. അപകടം കാണിക്കുന്ന തരത്തിലേക്ക് പോകാൻ പാടില്ല. മറ്റ് ധാരാളം കാര്യങ്ങൾ ചർച്ച ചെയ്തതൊന്നും ഇവിടെ കൂട്ടിചേർത്ത് പറയുന്നില്ല. ഞങ്ങൾ കഴിഞ്ഞ ദിവസം സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചു. ലാൻഡ് ബാങ്കിന്റെയും കിഫ്ബിയുടെയും കാര്യം രാവിലെ പറഞ്ഞു. ഇവിടെ അതിനെക്കാൾ എത്രയോ ഇരട്ടി ഏക്കർ ഭൂമിയാണ്

കേരളത്തിന്റെ തീരത്തുള്ളത്. പൊന്നാനിയായാലും..... കേരളത്തിലെ ഓരോ സ്ഥലവും എടുത്തുപറയേണ്ടതില്ല. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള കടൽ, കായൽ, പുഴ എന്നിവയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെല്ലാം സ്ഥലങ്ങളുണ്ടാകും. നമുക്ക് കടലും കാടും ഉള്ളതുപോലെ വലിയൊരു ഏരിയ ബാക്ക് വാട്ടറും വെള്ളകെട്ടുമാണ്. ഇതിൽ മത്സ്യ വകുപ്പിന് പ്രത്യേക കാര്യമില്ല. കയ്യിലുള്ള ഭൂമി അങ്ങോട്ട് കൊടുക്കേണ്ടിവരും, സ്മാൾ പോർട്ട്സിന് കൊടുക്കേണ്ടിവരും. പറഞ്ഞുകഴിഞ്ഞാൽ കൊടുക്കേണ്ടി വരുമെന്ന അപകടമുണ്ട്.

കടൽത്തീരത്ത് താമസിക്കുന്ന സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് ഇപ്പോൾ പട്ടയവും വീടും താമസസൗകര്യവുമില്ലാത്ത അവസ്ഥയാണ്. മത്സ്യബന്ധനത്തിലും പ്രശ്നമുണ്ട്. അതിനെയൊക്കെ ബാധിക്കുന്ന തരത്തിലുള്ള വിഷയങ്ങളാണ് ഏറ്റവും വലിയ ആശങ്കയായി ചൂണ്ടിക്കാണിക്കാനുള്ളത്. ആ ആശങ്കയുൾപ്പെടെ പരിഹരിക്കേണ്ടതുണ്ട്. uncontrolled ആയിട്ടുള്ള, എന്തും ചെയ്യാവുന്ന തരത്തിലേക്ക് പോകരുത്. ഇങ്ങനെ ഏത് വകുപ്പിൽനിന്നും അങ്ങോട്ട് പോകരുതെന്നാണ്. ഈ ബിൽ

സ്ഥിക്കായ സെൻസിൽ വായിച്ചാൽ മനസ്സിലാകും. അങ്ങനെ വരില്ല, ഞങ്ങൾ എടുക്കുമെന്ന് വേണമെങ്കിൽ പറയാം. ഈ ബില്ലിലെ സെൻസിൽ എന്ത് പ്രവർത്തനമുണ്ടോ, ഷിപ്പുമായി ബന്ധപ്പെട്ടത്, റിവേഴ്സൽ ആക്ടിവിറ്റീസ്, റിയൽ എസ്റ്റേറ്റ്, ടൂറിസം, ഹൗസ് ബിൽഡിങ്, ടൗൺഷിപ്പ് ഇതെല്ലാം പറ്റുന്ന തരത്തിലുള്ള ഒരു പ്രൊവിഷനാണ്. കേരളത്തിലെ എല്ലാ മേഖലയിലുമുള്ള blanket provision ഇട്ട് മുഴുവൻ കൊണ്ടുവരാൻ കഴിയുന്ന നിയമം വരുന്നത് വേറെ വകുപ്പുകളൊന്നും വേണ്ടിവരില്ല. റവന്യൂ വകുപ്പാണ് വരുന്നത്. സഭ കഴിഞ്ഞാൽ ഒന്നുരണ്ട് സ്ഥാപനങ്ങളുടെ ലാൻഡുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയുമായി മീറ്റിങ് കൂടാൻ ചോദിച്ചിട്ടുണ്ട്. ഇതൊരു blanket provision ആണ്. ഒരു വലയിട്ടശേഷം മുഴുവൻ ഭൂമിയും പിടിച്ചെടുത്ത് ഈയൊരു കാര്യത്തിലേക്ക് കൊണ്ടുവരുന്നത് അങ്ങേയറ്റം അപകടകരമായ അവസ്ഥയുണ്ടാക്കും. അത് ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുള്ളതുകൊണ്ടാണ് ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ശക്തമായി ഈ കാര്യത്തിൽ ഇടപെട്ട് ആവശ്യമായ ഈ അമെന്റ്മെന്റിൽ മാറ്റമുണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. പ്രവീൺ: സർ, ഈ പുതിയ ബിൽ പ്രകാരം, പി.പി.പി. വ്യവസ്ഥയിലുള്ള പദ്ധതികളുടെ 30 വർഷ കരാർ കാലാവധി പൂർത്തിയാക്കുമ്പോൾ പുതിയ ടെൻഡർ വിളിക്കാതെ ദീർഘിപ്പിച്ചുനൽകുകയാണ്. ശരിക്കുപറഞ്ഞാൽ 2 ജി സ്പെക്ട്രം കേസിൽ ഉൾപ്പെടെ സുപ്രീംകോടതി ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. 30 വർഷം നൽകുകയും പിന്നീട് യാതൊരു നടപടിയുമില്ലാതെ അവർക്കുതന്നെ നീട്ടിക്കൊടുക്കുന്ന അവസ്ഥ വലിയൊരു പ്രശ്നമായി വരും. 28(എ) പ്രകാരം, ഭൂമിയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അവിടെ വേറൊരു പ്രശ്നവും വരുന്നുണ്ട്. പരിസ്ഥിതിയുമായുള്ള പ്രശ്നങ്ങളും അവിടെ വരുന്നുണ്ട്. അതും ഇതിൽ ഉൾപ്പെടുന്നതായി കാണുന്നില്ല. അതുപോലെ, ധനകാര്യ മെമ്മോറാണ്ടത്തിൽ സർക്കാരിന് ഒരു സാമ്പത്തിക ബാധ്യതയും ഉണ്ടാകില്ലെന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് സമാനമായ സേവന-വേതന അവകാശങ്ങളും ആനുകൂല്യങ്ങളും നൽകുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കും. ബില്ലിൽ കൂട്ടിച്ചേർത്ത 17(എ) വകുപ്പ്

പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച താൽക്കാലിക ജീവനക്കാർക്ക് സൂപ്പറാന്വേഷൻ വരെ സർക്കാർ ജീവനക്കാർക്ക് സമാനമായ എല്ലാവിധ അവകാശങ്ങളും പരിരക്ഷയും നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിശ്ചിത സർവീസ് കാലാവധി പൂർത്തിയാകാത്തവരെയോ തുടർച്ചയായി സർവീസ് ഇല്ലാത്തവരെയോ ഈ രീതിയിൽ സ്ഥിരപ്പെടുത്തുന്നത് നിയമപരമല്ല. ഇതും സുപ്രീംകോടതി വിധിയുടെ ലംഘനമാണ്. പി.എസ്.സി. മുഖേന സുതാര്യമായ നിയമന പ്രക്രിയയിലൂടെ വന്ന ഉദ്യോഗസ്ഥരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ വന്നവരെയും ഒരേ തട്ടിൽ കാണുന്നത് ഭരണഘടനാ ലംഘനമല്ലേ; ഇതാണ് പ്രത്യേകമായി സൂചിപ്പിക്കാനുള്ളത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഈ ബില്ലിനുമേൽ വിയോജനം രേഖപ്പെടുത്തിയത്.

<u>ശ്രീ. കെ. രാജൻ</u>: സർ, കേരളത്തിന്റെ തന്ത്രപ്രധാനമായിട്ടുള്ള സമുദ്രമേഖലയെയും തുറമുഖങ്ങളെയും സ്വകാര്യ കുത്തകകൾക്ക് അടിയറവുവയ്ക്കാനും കോർപ്പറേറ്റ് താൽപര്യങ്ങൾ സംരക്ഷിക്കാനും ലക്ഷ്യമിട്ടുകൊണ്ട് എത്ര വിശാലമായിട്ടുള്ള ചർച്ച നടത്തിയാലും 2026-ലെ

കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതിനുശേഷം സമർപ്പിച്ചിട്ടുള്ള ശിപാർശകളെ ശക്തമായ ഭാഷയിൽ തന്നെ എതിർക്കുകയാണ്. ബി.സി 3000 മുതൽ, കേരളത്തിന്റെ മാത്രമല്ല വിദേശ ശക്തികളോടും കടൽക്കൊള്ളക്കാരോടും പോരാടി കുഞ്ഞാലി മരക്കാരും സാമൂതിരിമാരും സംരക്ഷിച്ചുനിർത്തിയിരുന്ന ഒരു സാമൂതിരിക പരമാധികാരത്തിന്റെ ചരിത്രമുള്ള നാടാണ് കേരളം. അന്ന് വിദേശികൾക്കുമുന്നിൽ അടിയറവുവയ്ക്കാത്ത നമ്മുടെ സമുദ്രസമ്പത്തും തീരങ്ങളും പുതിയ നിബന്ധനകളോടെയും നിർവചനങ്ങളോടെയും സ്വകാര്യ കുത്തകവൽക്കരണത്തിന് അടിയറവുവയ്ക്കുന്ന അപകടകരമായിട്ടുള്ള സ്ഥിതിവിശേഷം ഇതിൽ കാണാനുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മത്സ്യത്തൊഴിലാളി പ്രതിനിധികൾക്കും നിർണായകമായ പങ്കുണ്ടായിരുന്ന മേഖലയിൽനിന്നും അവരുടെ പ്രാതിനിധ്യം വെട്ടിമാറ്റി ഉദ്യോഗസ്ഥ മേധാവിത്വത്തിലേക്കും കേന്ദ്രീകൃത ഭരണതലത്തിലേക്കും ഈ ബില്ലിന്റെ ഭാഗമായിട്ട് അധികാരം കൈമാറപ്പെടുന്ന അപകടകരമായ സാഹചര്യമാണ് ഏറ്റവും ഗൗരവമായിട്ടുള്ള പ്രശ്നം. ക്ലോസ് 3-ൽ സെക്ഷൻ ii

(ഡിഎ) പ്രകാരം "കൺസെഷനെയർ" എന്ന പുതിയ പദം നിർവചിക്കുന്നതിലൂടെ തുറമുഖങ്ങളുടെയും അനുബന്ധ ഭൂമികളുടെയും നടത്തിപ്പ് വിദേശ സ്വകാര്യ കോർപ്പറേറ്റുകളുടെ കൈകളിൽ എത്തുമെന്ന ഗൗരവമായിട്ടുള്ള പ്രശ്നം ആശങ്കയോടെതന്നെ ഈ ഘട്ടങ്ങളിൽ കാണുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, പബ്ലിക് യൂട്ടിലിറ്റി ആസ്തികൾ ദീർഘകാലത്തേക്ക് സ്വകാര്യ മേഖലയ്ക്ക് തീറെഴുതപ്പെടുന്ന വിധത്തിലുള്ള ഒരു ബില്ലായി ഈ ബില്ലിന്റെ സ്വഭാവം മാറുകയാണ്. ഇതുമായി ബന്ധപ്പെട്ട് സെക്ഷൻ മൂന്നും നാലും പറയുന്നപ്രകാരം മുഖ്യമന്ത്രി ചെയർപേഴ്സണും തുറമുഖ വകുപ്പുമന്ത്രി വൈസ് ചെയർപേഴ്സണും അംഗങ്ങളാക്കികൊണ്ട് ഈ ബോർഡ് പുന:സംഘടിപ്പിക്കുമ്പോൾ, പിന്നെ സർക്കാരും ബോർഡും തമ്മിൽ വ്യത്യാസമില്ല. മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ഒരാളാണ് എന്നത് കേവലപ്രശ്നമാണ്. അത് ഓരോ ഗവൺമെന്റിന്റെ കാലത്തും മാറും. എന്നാൽ സർക്കാരും ബോർഡും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാതാവുകയാണ്. നേരത്തെ ഞാൻ പറഞ്ഞ ii (ഡിഎ)-യിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള കൺസെഷനെയർമാർക്ക് സ്വകാര്യ കൺസെഷനെയർമാർ ഏതെങ്കിലും

അനഭിലഷണീയമായ തീരുമാനങ്ങൾക്കെതിരെ സർക്കാരിൽ അപ്പീൽ നൽകാനുള്ള പൊതുജനങ്ങളുടെ അവസരം പൂർണ്ണമായും നിഷേധിക്കപ്പെടുന്ന സാഹചര്യം ഇതിലൂടെ ഉണ്ടാകുകയാണ്. സെക്ഷൻ 22 പ്രകാരം പിപിപി പദ്ധതികളുടെ മുപ്പതുവർഷ കാലയളവ് പൂർത്തിയാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ ഒത്താശയോടെ അത് വീണ്ടും നീട്ടി നൽകാൻ വ്യവസ്ഥ ചെയ്യുകയാണ്. ഇരുമുഖങ്ങൾക്ക് മുകളിൽ സ്ഥിരമായിട്ടുള്ള ഒരു ശാശ്വത കോർപ്പറേറ്റ് ആധിപത്യത്തിന് വഴിയൊരുക്കുന്ന നടപടിയാണ് ഈ സംവിധാനം. മുപ്പതുവർഷ കാലയളവ് കഴിഞ്ഞാൽ മറ്റൊന്നും ആലോചിക്കാതെ ആ സ്ഥലം വീണ്ടും നൽകാം എന്നുപറഞ്ഞാൽ അത് കാലങ്ങളോളം മുന്നോട്ടുപോവുകയാണ്. സ്റ്റേറ്റ് മാരിടൈം ലാൻഡ് ബാങ്കിങ്ങിന്റെ രൂപീകരണത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം നേരത്തെ വിയോജനക്കുറിപ്പിൽ സൂചിപ്പിച്ചു. പുതിയ പ്രധാന ആക്ടിലെ 22-ാം വകുപ്പിനുശേഷം ചേർക്കുന്ന 22 എ അപകടകരമായിട്ടുള്ള സംസ്ഥാന മാരിടൈം ലാൻഡ് ബാങ്കിന്റെ രൂപീകരണത്തിലേക്കാണ് കടക്കുന്നത്, ഒന്നും രണ്ടും മൂന്നും. "(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള മാരിടൈം ലാൻഡ്

ബാങ്കിൽ ഉൾപ്പെടുന്ന ഭൂമിയിൽ തുറമുഖപരിധിയിൽപ്പെടുന്നതും എന്നാൽ തത്സമയം പ്രസ്തുത ഭൂമി മറ്റ് സർക്കാർ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പക്ഷം, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ബോർഡിന് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കഴിയുന്നത്രവേഗത്തിൽ ബന്ധപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ടതാണ്" എന്ന് പറയുന്നതുവരെ notwithstanding ക്ലോസ് അടക്കം കേരളത്തിൽ ശരിക്കും ഭൂമിയുടെ അവകാശി സർക്കാർ ആണ്. സർക്കാർ ഭൂമി എന്നുപറഞ്ഞാൽ നേരത്തേ നിശ്ചയിച്ചതുപോലെ റവന്യൂ വകുപ്പിന്റെ കൈയിൽ ഇരിക്കപ്പെടുന്ന ഭൂമിയാണ്. ഒരു വകുപ്പിന്റെ കൈയിൽനിന്നും മറ്റൊരു വകുപ്പിലേക്ക് ഭൂമി കൈമാറാൻപോലും റവന്യൂ വകുപ്പ് മുഖാന്തരമല്ലാതെ നമുക്ക് കഴിയില്ല. എന്നാൽ സർക്കാരിന്റെ അമൂല്യമായിട്ടുള്ള തീരദേശഭൂമി മുഴുവൻ ലാൻഡ് ബാങ്ക് എന്ന പേരിൽ ഒരുമിച്ചുകൂട്ടുകയും അത് ടൗൺഷിപ്പിന്റെ വികസനത്തിനും റിസോർട്ട് ടൂറിസത്തിന്റെയും പേരിൽ സ്വകാര്യ മുതലാളിമാർക്ക് പാട്ടത്തിന് നൽകുകയും ചെയ്യാനുള്ള ഒരു റിയൽ എസ്റ്റേറ്റ് തന്ത്രം ഇക്കാര്യത്തിൽ ഗൗരവമായിട്ട് വരുന്നുണ്ട് എന്നുള്ളത് സെക്ഷൻ 22 എ- യിലെ പുതിയതായി

കൂട്ടിച്ചേർക്കുന്ന മൂന്നുവകുപ്പുകളും വളരെ ഗൗരവമായി സൂചിപ്പിക്കുകയാണ്. തീരദേശഭൂമിയിൽ പൂർണ്ണമായിട്ടുമുള്ള ആധിപത്യം ഇതിന്റെ ഭാഗമായി വരുകയാണ്. ഇതിന്റെ ഓരോ സെക്ഷനിലും അത് പറയുന്നുണ്ട്. സെക്ഷൻ 7 എ -യും സെക്ഷൻ 2 (എഫ് എ)-യും ഇവിടെ സൂചിപ്പിച്ചു, ഒരു പുതിയതായിട്ടുള്ള വാട്ടർഫ്രണ്ട് റോയൽറ്റി; അതായത് തീരദേശത്ത് കുടിവെള്ളത്തിനും പ്രാദേശിക ആവശ്യങ്ങൾക്കും ജലാശയം ഉപയോഗിക്കുന്നവർക്കുപോലും അവകാശങ്ങൾ തടസ്സപ്പെടുത്തുന്ന വിധം വാട്ടർഫ്രണ്ട് റോയൽറ്റി അടക്കമുള്ള അധികാര ഭാരങ്ങൾ അടിച്ചേൽപ്പിക്കാൻ കഴിയുന്ന സെക്ഷനായി ഇത് മാറുകയാണ്. സെക്ഷൻ 17 കോർട്ട് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയും സ്പെഷ്യൽ ഏരിയ പ്ലാനുകളും വഴി പ്രാദേശിക ഗ്രാമപഞ്ചായത്തുകളുടെ ഭരണഘടനാപരമായിട്ടുള്ള അവകാശങ്ങൾ വെട്ടിച്ചുരുക്കപ്പെടുന്ന ഒരു അന്തരീക്ഷം ഉണ്ടാവുകയാണ്. സെക്ഷൻ 13-ഉം സെക്ഷൻ 63 (എ)-യും ലിസ്റ്റഡ് കമ്പനികളുടെ ഓഹരികൾ വാങ്ങാനും വിൽക്കാനും മാരിടൈം ബോർഡിന് അനുമതി നൽകുന്നത് പൊതുജനങ്ങൾ പണം ഓഹരി

വിപണിയെ അപകടസാധ്യതകളിലേക്ക് എറിഞ്ഞുകൊടുക്കുന്നതിന് തുല്യമാണ്. സാധാരണക്കാരായ ജനങ്ങളുടെ പണം ഓഹരി വിപണിയിലേക്ക് എറിഞ്ഞുകൊടുക്കുന്ന വിധത്തിലുള്ള ഒന്നായി ഇത് മാറിവരുന്ന കാലത്ത് വ്യാഖ്യാനിക്കപ്പെടാൻ ഇടയുണ്ടാകുന്ന വളരെ ഗൗരവമായ പ്രശ്നമാണ്. ലാൻഡ് ബാങ്കിന്റെയും ടൗൺഷിപ്പുകളുടെയും പേരിൽ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത ലാൻഡിങ് സെന്ററുകളും വള്ളം കെട്ടിയിടുന്ന സ്ഥലങ്ങളെയും സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക ഗൗരവമായി അറിയിച്ചുകൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി ഫെഡറേഷൻ എ.ഐ.ടി.യു.സി.-യുടെ ഒരു വലിയ സമരം ഇന്ന് സെക്രട്ടറിയേറ്റിനു മുന്നിൽ നടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖ വികസനപ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതോടെ തീരക്കടലിലെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം സ്വകാര്യ ഏജൻസികൾ തടയാനുള്ള വളരെ വിപുലമായിട്ടുള്ള സാധ്യത ഇക്കാര്യത്തിലുണ്ട്. നേരത്തേ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ,

അശാസ്ത്രീയമായിട്ടുള്ള ഡ്രെഡ്ജിങ്ങും കോൺക്രീറ്റ് നിർമ്മിതികളും കടൽക്ഷോഭത്തിനും തീരശോഷണത്തിനുമിടയാക്കുകയും ഇത് തീരദേശ ജനതയുടെ കിടപ്പാടം പോലും നഷ്ടപ്പെടുത്തുകയും ചെയ്യും. നമുക്കറിയാം തീരദേശത്ത് കേരളം അഭിമാനത്തോടെ മലയാളിയുടെ പട്ടാളം എന്നുവിളിച്ച, സൈന്യമെന്ന് വിളിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സഞ്ചാരസ്വാതന്ത്ര്യം, ഈ മേഖലയിലേക്ക് കൺസെഷനെയർ എന്ന പേരിൽ രംഗപ്രവേശം ചെയ്യുന്ന പുതിയ ഏജൻസികളുടെ ഇടപെടലോടുകൂടി നഷ്ടമാവുകയാണ് എന്ന കാര്യംകൂടി വളരെ ഗൗരവമായി നമ്മൾ കാണേണ്ടതുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവൺമെന്റുകളുടെ കാലത്ത് വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ മദർ പോർട്ടും ഇൻലാൻഡ് വാട്ടർ ട്രാൻസ്പോർട്ട് വിപ്ലവവും മത്സ്യത്തൊഴിലാളികൾക്ക് പുനർഗേഹത്തിലൂടെ നൽകിയ സംരക്ഷണവും മാരിടൈം അക്കാദമികളും തൊഴിലവസരങ്ങളും ഉൾപ്പെടെ മത്സ്യത്തൊഴിലാളി മേഖലകളിൽ സൃഷ്ടിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിനകത്ത് ശ്രദ്ധേയമായ നിരവധി ഇടപെടലുകൾ നടത്തിയ ഒരു

സംസ്ഥാനമാണ് കേരളം. ഇവിടെ വളരെ ഗംഭീരമായി മുഖ്യമന്ത്രി ഇത് അവതരിപ്പിക്കുമ്പോൾ സൂചിപ്പിച്ച കുറെ സ്വപ്നങ്ങൾ ഉണ്ട്. ശരിയാകാം. പക്ഷേ, ആ സ്വപ്നങ്ങൾക്ക് വിവിധ രാജ്യങ്ങൾ ഉണ്ടാക്കിയിട്ടുള്ള ആഗോള മാതൃകകൾ ഉണ്ട്. തുറമുഖത്തിന്റെ ഉടമസ്ഥതയും ലാൻഡ് ബാങ്കും പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തിക്കൊണ്ട്, ഓപ്പറേഷൻ മാത്രം നിയന്ത്രിത പങ്കാളിത്തത്തോടെ സ്വകാര്യമേഖലയ്ക്ക് നൽകുന്ന സംവിധാനമാണ് 'സിംഗപ്പൂർ മാതൃക' പോർട്ട് അതോറിറ്റി. നെതർലാൻഡ്സിലെ റോട്ടർ ഡാം പോർട്ട് മാതൃകയിൽ, തുറമുഖത്തിന്റെ നൂറുശതമാനം ഓഹരികളും പൂർണ്ണമായും നഗരസഭയുടെയും ഗവൺമെന്റിന്റെയും ഉടമസ്ഥതയിലാണ്. ചൈനീസ് ഗ്രീൻ ആൻഡ് സ്മാർട്ട് പോർട്ട് പോളിസി പൂർണ്ണമായും ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ സ്ഥലങ്ങൾ നിർത്തിക്കൊണ്ട് അവതരിപ്പിക്കുന്ന നടപടിക്രമങ്ങളാണ്. ഇത് മാറുകയാണ്. തീരദേശം പൂർണ്ണമായും വിലയ്ക്കെടുക്കുന്ന വിധത്തിലാകുമ്പോൾ വലിയ ഗൗരവമായിട്ടുള്ള പ്രശ്നം ഉണ്ടാകും. ജനപ്രതിനിധികളെയും മത്സ്യത്തൊഴിലാളി യൂണിയന്റെ പ്രതിനിധികളെയും

ഉൾപ്പെടുത്തിയായിരിക്കണം ഈ ബോർഡിന്റെ പുനഃസംഘടന എന്നതാണ് ഞങ്ങളുടെ അഭ്യർഥന. പൊതുമേഖല അധിഷ്ഠിത ലാൻഡ് ബാങ്ക് ആകണം നമുക്കുണ്ടാകേണ്ടത്. തീരദേശ ഭൂമി സ്വകാര്യ കോർപ്പറേറ്റുകൾക്ക് നൽകുന്ന ലാൻഡ് ബാങ്കിങ് വ്യവസ്ഥ ഒഴിവാക്കി സുതാര്യമായ രീതിയിൽ പൊതുമേഖല ഉപയോഗങ്ങൾക്ക് മാത്രമായി മുൻഗണന നൽകുന്ന ഒരു സംവിധാനം നടപ്പിലാക്കണം. മറ്റൊരു വിഷയത്തിലേക്കും ഞാൻ കടക്കുന്നില്ല. അങ്ങ് മുഖാന്തരം വളരെ ഗൗരവമായി ഗവൺമെന്റ് മുമ്പാകെ ഒരു ബില്ലിന്റെ നിർമ്മാണവേളയിൽ ഇടപെടേണ്ടവരാണല്ലോ നമ്മൾ; അത് മാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. മത്സ്യബന്ധന തുറമുഖങ്ങളെയും ഇറക്കുമതി ഹബ്ബുകളെയും വേർതിരിച്ച് മത്സ്യത്തൊഴിലാളികളുടെ സഞ്ചാരസ്വാതന്ത്ര്യവും ലാൻഡിങ് അവകാശങ്ങളും നിയമപരമായി സംരക്ഷിക്കാനുള്ള ഒരു ക്ലോസ് ഈ ബില്ലിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ അങ്ങേക്ക് അറിയാവുന്നതുപോലെ തീരദേശം സ്വകാര്യ വ്യക്തികളുടെ കൈയിലായാൽ പിന്നെ അവർ അതിന്റെ ലാഭം മാത്രമേ നോക്കുകയുള്ള. അവർക്ക് മത്സ്യത്തൊഴിലാളികൾ പ്രശ്നമല്ല. കഴിഞ്ഞ പ്രളയകാലത്ത് നമ്മുടെ

മുമ്പിലേക്ക് സ്വന്തം വാഹനവുമായി, വഞ്ചിയുമായി എത്തിച്ചേർന്ന മത്സ്യത്തൊഴിലാളികളുടെ പ്രതിബദ്ധതയെക്കുറിച്ച് അവർക്ക് ഓർക്കേണ്ടതില്ല. പണം ഇറക്കുന്നവന് അത് സമ്പാദിക്കുക എന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് വളരെ അപകടകരമായിട്ടുള്ള ഒന്നായിരിക്കും ഇത്. സി&എ.ജി-യുടെ ഓഡിറ്റും നിയമസഭാ സമിതികളുടെ പരിശോധനയും നിർബന്ധമാക്കുന്ന ഒരു സംവിധാനം ഇതിനകത്ത് ഉൾപ്പെടുത്താനുള്ള ശ്രദ്ധേയമായ പരിശ്രമം ഇക്കാര്യത്തിലുണ്ടാകണം എന്നുള്ളത് വളരെ ഗൗരവമായി മനസ്സിലാക്കേണ്ട കാര്യമാണ്. പ്രധാന ആക്ടിൽ 7 എ -യിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധങ്ങളായ ഉപവകുപ്പുകൾ ഉണ്ട്. (എ), (എച്ച്), (ഐ), (എൽ), (എൻ), (ഒ), (ആർ), (ഇസഡ് എ), (ഇസഡ് ഇ), (ഇസഡ് ജി), (ഇസഡ് ഒ). തുറമുഖം എന്ന പദത്തിന് ഒരു പുതിയ സംവിധാനം ഉണ്ടാകുകയാണ്. തുറമുഖം എന്ന പദത്തിന് മുന്നിലായി ചെറുകിട എന്ന വാക്ക് രംഗപ്രവേശം ചെയ്യു.

ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയോട് സൂചിപ്പിച്ചത് അക്കാര്യമാണ്. 'no major' എന്ന വാക്ക് കൂട്ടിച്ചേർക്കുന്നതോടെ മാരിടൈം

ബോർഡിന്റെ അധികാരപരിധി വലിയ അന്താരാഷ്ട്ര തുറമുഖങ്ങളിൽനിന്നും മാറി പൂർണ്ണമായും ചെറിയ തുറമുഖങ്ങളുടെയും ചെറുകിട തുറമുഖങ്ങളുടെയും വികസനത്തിലും പ്രവർത്തനങ്ങളിലും കൃത്യമായി പരിമിതപ്പെടുത്താൻ ഈ ഭേദഗതിയിലൂടെ ഇടയാക്കും. ഇത് ചെറുകിട തുറമുഖങ്ങളിലെ സ്വകാര്യ പങ്കാളിത്തത്തിനും ലൈസൻസിങ് നടപടികൾക്കും വേഗത കൂട്ടുമെന്നത് നാം ഗൗരവമായി കാണേണ്ടതുണ്ട്. 600 കി.മീ. തീരപ്രദേശം കേന്ദ്രീകരിച്ചിട്ടുള്ള പദ്ധതികളും തുറമുഖ ഏകോപനവും നടപ്പാക്കുമ്പോൾ പരമ്പരാഗതമായി കടലിനെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ സഞ്ചാരസ്വാതന്ത്ര്യത്തെയും കരയിലെ അവരുടെ തൊഴിലിടങ്ങളെയും ബാധിക്കപ്പെടാം. നാമിപ്പോൾ അവർക്ക് നൽകുന്ന ജോലിയെക്കുറിച്ച് വിശാലമായി സംസാരിക്കുന്നുണ്ടെങ്കിലും പണം ഇറക്കുന്ന കൺസെഷനെയർമാരുടെ താൽപര്യങ്ങൾ അവരുടെ ഇഷ്ടംപോലെ നടത്താനുള്ള അധികാരത്തിലേക്ക് അത് നയിക്കും. പദ്ധതികളുടെ ഭാഗമായുള്ള നിർമ്മാണങ്ങൾ തീരശോഷണത്തിനും കടൽക്ഷോഭത്തിനും കാരണമായി, തീരദേശങ്ങളുടെ കിടപ്പാടംപോലും നഷ്ടപ്പെടുത്താൻ

ഇടയാകുന്നുവെന്ന ഭീതി അവരുടെ മുമ്പിലുണ്ട്.

ചരക്കുനീക്ക മാറ്റവും, പ്രാദേശിക ഗതാഗത പ്രതിസന്ധികളും ടൂറിസം വികസനത്തിന്റെ മറവിലുള്ള ഭൂമി കൈയേറ്റങ്ങളുമെല്ലാം വളരെ ഗൗരവമായി നമ്മുടെ മുമ്പിൽ വരികയാണ്. ക്രൂയിസ് ടെർമിനലുകൾ, മാരിടൈം മ്യൂസിയം, ഓഷ്യനേറിയം എന്നിവ കേൾക്കാൻ വളരെ ഗംഭീരമായ ടൂറിസം പദ്ധതികളാണ്. പക്ഷേ വലിയ തോതിൽ തീരദേശഭൂമി ഏറ്റെടുക്കുന്നത് റിയൽ എസ്റ്റേറ്റ് താൽപര്യങ്ങൾക്കും വലിയ കോർപ്പറേറ്റ് നിക്ഷേപങ്ങൾക്കും വഴിയൊരുക്കും. ഇത് പൊതുഭൂമിയിലെ സാധാരണക്കാരുടെ അവകാശങ്ങൾ ഇല്ലാതാക്കുന്ന വിധത്തിൽ മുന്നോട്ടുപോകുമെന്ന ഗൗരവപ്പെട്ട പ്രശ്നവും ഈ ഗവൺമെന്റിന്റെ മുമ്പാകെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. നേരത്തെ പറഞ്ഞ രണ്ടുമൂന്ന് പോയിന്റുകൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് എത്ര സമയം കൂടി വേണ്ടിവരും?

<u>ശ്രീ. കെ. രാജൻ</u>: സർ, മൂന്ന് മിനിട്ടുകൂടി മതി. തുറമുഖങ്ങളുടെയും അനുബന്ധ മേഖലകളുടെയും നടത്തിപ്പ് സ്വകാര്യ കൺസെഷനെയർമാരുടെ

കൈകളിലെത്തുമ്പോൾ, പരമ്പരാഗതമായി കടലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സഞ്ചാരസ്വാതന്ത്ര്യം ഇല്ലാതാകുമെന്നുള്ളത് ഇപ്പോൾ ബില്ലിൽ കൂട്ടിച്ചേർക്കേണ്ട നിയമമല്ല. പക്ഷേ അതിനെ വളരെ ഗൗരവമായി നമ്മൾ കാണേണ്ടതുണ്ട്. കേരളത്തിന് പ്രകൃതിദത്തമായി ലഭിച്ചിരിക്കുന്ന മാരിടൈം സാധ്യതകൾ നാടിന്റെ പൊതുപുരോഗതിക്കും സാധാരണക്കാരുടെ തൊഴിലവസരങ്ങൾക്കുമാണ് ഉപയോഗിക്കേണ്ടത്. എന്നാൽ ഈ സാധ്യതകളെല്ലാം ഏതാനും ചില സ്വകാര്യകുത്തകകളുടെ ലാഭവേട്ടയ്ക്കായി മാറുമെന്ന പേടിയാണുള്ളത്. സർക്കാരിന്റെ എല്ലാ നിയന്ത്രണങ്ങളും പരിശോധനകളും ലഘൂകരിച്ചുകൊണ്ട് കൺസെഷനെയർമാർക്കും സ്വകാര്യ നിക്ഷേപകർക്കും തീരദേശ ഭൂമി യഥേഷ്ടം കൈമാറാനുള്ള വ്യവസ്ഥകളിലൂടെ ഉണ്ടാകാൻ പോകുന്നത് തീരദേശ മനുഷ്യരെ ആശങ്കപ്പെടുത്തുന്ന ചെറിയ പ്രശ്നമല്ല. വികസനത്തിന്റെ പേരിൽ സമുദ്രതീരത്തെയും തുറമുഖങ്ങളെയും സ്വകാര്യ കൺസെഷനെയർമാർക്ക് 30 വർഷക്കാലത്തെക്കാൾ നീട്ടിക്കൊടുത്താൽ അതുണ്ടാക്കുന്ന പ്രയാസങ്ങൾ ചെറുതല്ല. ആയത് ഗൗരവമായ പ്രശ്നമാണ്.

നൂറ്റാണ്ടുകളായി കടലിനെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ തൊഴിലും കിടപ്പാടവും സംരക്ഷിക്കുന്നതിന് ഒരു മുൻകരുതലുകളും ഈ ബില്ലിന്റെ ഭാഗമായി എടുത്തിട്ടില്ല. കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിങ് നിയമത്തിന്റെ പരിധിയിൽ തീരദേശത്തെ സ്പെഷ്യൽ ഏരിയകളായി പ്രഖ്യാപിച്ച് സ്പെഷ്യൽ പ്ലാനുകൾ നടപ്പിലാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത് പ്രാദേശികമായിട്ടുള്ള പഞ്ചായത്തുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരമാധികാരം കവർന്നെടുക്കുന്നതിനും നാട്ടുകാർ പോലുമറിയാതെ കോർപ്പറേറ്റുകൾക്ക് ഭൂമി കൈമാറാൻ അവസരം കൊടുക്കുന്നതിനും ഇടവരുത്തുമെന്ന പ്രശ്നം കൂടി വളരെ ഗൗരവമായി കാണേണ്ടതുണ്ട്. സ്വകാര്യ മുതലാളിമാർക്ക് യാതൊരു കർശന പരിശോധനകളോ ഉത്തരവാദിത്വങ്ങളോ ഇല്ലാത്ത പദ്ധതികൾ നടപ്പാക്കാൻ അനുമതി നൽകിയാൽ അത് വ്യാപകമായ ടഞ്ചിങ്ങിനും തീരശോഷണത്തിനും കാരണമാകും. ഇത് പരമ്പരാഗതമായുള്ള മത്സ്യത്തൊഴിലാളികളുടെ തൊഴിലിനെയും കിടപ്പാടത്തെയും മാത്രമല്ല; അവരുടെ ആവാസവ്യവസ്ഥയെ

ബാധിക്കുന്നതും കടുത്ത പാരിസ്ഥിതിക ദുരന്തത്തിലേക്ക് തള്ളിവിടാൻ ഇടം കൊടുക്കുന്നതുമാണ്. സർക്കാരിന്റെ പരിശോധനകളും നിയന്ത്രണങ്ങളും ഒഴിവാക്കിക്കൊണ്ട് സ്വകാര്യ മുതലാളിമാർക്ക് ചൂവപ്പ് പരവതാനി വിരിക്കുന്ന വിധത്തിലുള്ള ഒരു ബില്ലായി ഇത് മാറിയാൽ അത് കേരളത്തിന് അപരിഹാര്യമായ നഷ്ടത്തിന് ഇടവരുത്താവുന്ന പ്രശ്നങ്ങളായി മാറുമെന്നുള്ളതാണ് ഇതിലേറ്റവും പ്രധാനപ്പെട്ട കാര്യം.

നമുക്ക് സ്വപ്നം കാണാനുള്ള അവകാശമുണ്ട്. കേരളത്തിന്റെ പ്രകൃതി സമ്പത്ത് പ്രകൃതിക്ക് അനുകൂലമാകുന്ന വിധത്തിൽ ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകൾ തീരപ്രദേശങ്ങളിലാണെങ്കിലും അല്ലാത്ത പ്രദേശങ്ങളിലാണെങ്കിലും പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിന് ഒരു പ്രയാസവുമുണ്ടാകില്ല. പക്ഷേ അവിടെ മനുഷ്യർ ജീവിക്കുന്നുണ്ടെന്ന ധാരണ നമുക്കുണ്ടാകണം. അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസത്തിന് പണം മാറ്റിവയ്ക്കാമെന്നതും കുടുംബാംഗങ്ങൾക്ക് ജോലി നൽകാമെന്നുമുള്ള വാഗ്ദാനങ്ങളെല്ലാം നാം കേട്ടതാണ്. ഇതിനുമുമ്പും ഇപ്രകാരം ഭൂമി ഏറ്റെടുക്കപ്പെട്ട സ്ഥലങ്ങളിൽ പിന്നീട് പലവിധത്തിലുള്ള പ്രയാസങ്ങൾ

അനുഭവിക്കുന്നവരെ നാം കാണുകയാണ്. വളരെ ബ്ലാങ്കായിക്കൊണ്ട് കേരളത്തിന്റെ തീരദേശത്ത് ഏത് വകുപ്പിന്റെ അധീനതയിൽ സ്ഥലമുണ്ടെങ്കിലും അത് ഏറ്റെടുക്കാനും ലാൻഡ് ബാങ്കിലേക്ക് ലയിപ്പിക്കാനും പ്രദേശിക ഭരണകൂടങ്ങളെപ്പോലും മുഖവിലയ്ക്കെടുക്കാത്ത വിധത്തിൽ കൂടുക്കാനും..., നേരത്തെ മാരിടൈം ബോർഡ് ഒരു തെറ്റ് ചെയ്താലോ മാരിടൈം ബോർഡുമായി ബന്ധപ്പെട്ട പ്രവൃത്തി ഏല്പിക്കുന്ന ഏജൻസികളുടെ കൺസെഷനെയർ നിയമവിരുദ്ധമായി പ്രവർത്തിച്ചാലോ അവർക്കെതിരെ പരാതി സമർപ്പിക്കാൻ കഴിയുന്ന ഒരു കേന്ദ്രം സർക്കാരാണ്. എന്നാൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയും ബോർഡിൽ അംഗങ്ങളായിരുന്ന് ഒരുപോലെ തീരുമാനങ്ങളെടുത്താൽ പിന്നെ അത് അവർക്ക് ഗുണകരമായി വരില്ലെന്ന കാര്യം നാം വളരെ ശ്രദ്ധയോടെ കാണേണ്ടതുണ്ട്. പണ്ട് ലൂയി മൗണ്ട് ബാറ്റൺ പ്രഭു ഗാന്ധിജിയെ സന്ദർശിക്കുന്നതിന് അരമണിക്കൂർ നേരം കാത്തിരുന്നു. യോഗം കഴിഞ്ഞ് വന്നപ്പോൾ, അദ്ദേഹം ഗാന്ധിജിയോട് പറഞ്ഞു. 'I am the viceroy of the nation'. ആ നേരത്ത് ഗാന്ധിജി

സാധാരണക്കാരും ദളിതരുമായിട്ടുള്ള ചില മനുഷ്യരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. ഇതുകേട്ട അദ്ദേഹം മൗണ്ട് ബാറ്റൺ പ്രഭുവിനോട് പറഞ്ഞത്, 'You are the viceroy of the nation; but the nation is theirs'. അതാണ് ഇവിടെയുള്ള പ്രശ്നം. 'We are the government, you are the Chief Minister, but the state is theirs'; സാധാരണക്കാരായ മനുഷ്യരുടെ തീരമാണത്. ആ സാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള ഒരു ചെറിയ ആശങ്കപോലും ഈ ബില്ലുമായി ബന്ധപ്പെട്ട് ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത ഈ ബില്ലിനോട് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവിതപ്രയാസങ്ങൾകൂടി ഉയർത്തിപ്പിടിച്ചുകൊണ്ട് ശക്തമായ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നത്.

ശ്രീ. സി. കെ. കാസിം: സർ, 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ സർക്കാരിന്റെ എക്കാലത്തെയും ഓർമ്മിക്കാൻ

പോകുന്ന, ഒരു സംസ്ഥാനത്തിന്റെ ജാതകം തന്നെ മാറ്റിയെഴുതാൻ പോകുന്ന ഒരു സ്വപ്നപദ്ധതിയാണ് 'മിഷൻ സമുദ്ര' എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിനാൽ ഈ നിയമനിർമ്മാണത്തെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയും പിന്താങ്ങുകയും ചെയ്യുകയാണ്. കടലിന്റെ മക്കൾക്കും തീരദേശവാസികൾക്കും ഏറെ നേട്ടങ്ങൾ കൈവരിക്കത്തക്ക വിധത്തിലാണ് ഈ നിയമ നിർമ്മാണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാധാരണ ജനങ്ങളെ ചേർത്തുപിടിച്ച് മുന്നോട്ടുപോകുന്ന ഒരു മുഖ്യമന്ത്രിയുടെ വലിയ സന്ദേശമാണ് ഇതിലൂടെ കേരളത്തിലെ ജനങ്ങൾക്ക് നൽകാൻ പോകുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്നതുപോലെ സാമ്പത്തിക ക്രമക്കേടുകൾക്കും ഭരണ പരാജയങ്ങൾക്കും ഇടനൽകാത്ത വിധത്തിലുള്ള ഒരു നിയമനിർമ്മാണം സുതാര്യമായാണ് നടപ്പിലാക്കുന്നത്. കോർപ്പറേറ്റുകളെ കൊണ്ടുവരാൻ വേണ്ടിയെന്നാണ് ഈ ബില്ലിനെ എതിർത്ത് സംസാരിക്കുന്ന പ്രതിപക്ഷത്തിലെ എന്റെ സഹപ്രവർത്തകർ പറയുന്നത്. എനിക്ക് ഇത് കേൾക്കുമ്പോൾ തോന്നുന്നത്, ഇന്ന് ഇവിടെ സൂചിപ്പിക്കപ്പെട്ട പല പ്രധാനപ്പെട്ട പദ്ധതികളും, സിയാലിന്റെ

കൊച്ചിൻ എയർപോർട്ട്, വിഴിഞ്ഞം പോർട്ട്, കണ്ണൂർ എയർപോർട്ട്, കൊച്ചി മെട്രോ എന്നുതുടങ്ങി ഈ കേരളത്തിലെ വൻകിട പദ്ധതികളെയെല്ലാം അന്ന് പ്രതിപക്ഷം എതിർത്തുകൊണ്ടിരുന്നത് ഈ പറയുന്ന കോർപ്പറേറ്റുകളുടെ ലേബലുകൾ വച്ചുകൊണ്ടായിരുന്നു. എന്നാൽ ഇവരൊക്കെ അധികാരത്തിൽ വന്നുകഴിയുമ്പോൾ, കോർപ്പറേറ്റുകളുടെ മാത്രമല്ല; അവരെ ഇവിടെ കൊണ്ടുവരാതെ അവിടെപ്പോയി അവരുടെ പണം കേരളത്തിൽ കൊണ്ടുവന്ന് അവർ പറയുന്ന കണ്ടീഷനിൽ കേരളത്തിൽ പല പദ്ധതികളും നടപ്പിലാക്കാൻ ശ്രമിച്ചവരാണ് ഇപ്പോൾ ഈ കോർപ്പറേറ്റുകളുടെ പേരുപറഞ്ഞ് കേരളത്തിന് അനിവാര്യമായ ഈ പദ്ധതിയെ/നിയമനിർമാണത്തെ എതിർക്കുന്നത്.

നമ്മുടെ കൈയിൽ എന്താണുള്ളത്? തീരദേശവും മലയോരവുമാണ് നമ്മുടെ കൈയിലുള്ളത്. തീരദേശത്ത് അറുന്നൂറോളം കി.മീ. ദൂരത്തിലുള്ള വലിയ കടൽത്തീരവും കടലുമുള്ളതിനാൽ ഈ കടൽത്തീരത്തെ നന്നായി ഉപയോഗപ്പെടുത്തുക എന്നുള്ളത് തന്നെയാണ് ഈ നിയമനിർമാണം കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും.

തീരദേശമേഖലയിലെ ജനങ്ങളുടെ പ്രയാസം നമുക്കറിയാം. ഇതുപോലെ ഒരു നിയമനിർമാണം വരുമ്പോൾ, അവരെ ഓർത്തിട്ട് കാര്യമില്ല. കാരണം അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ നമ്മൾ അധികാരത്തിലുള്ളപ്പോൾ നമുക്ക് സാധിക്കണം. അത്തരത്തിലുള്ള ഒരു നിയമനിർമാണമാണിത്. തീരദേശമേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരമുയർത്തി അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും ആരോഗ്യപരിരക്ഷയും ലഭിച്ച് അവർക്ക് ഈ രാജ്യത്തും ലോകത്തും നടക്കുന്ന മാറ്റങ്ങളെ കാണാൻ കഴിയുന്നതിന് ഒരവസരം ഉണ്ടാക്കാനാണ് ഇത്തരത്തിലുള്ള ഒരു നിയമത്തെ പിന്തുണക്കുന്നത്. സ്വാഭാവികമായും ഈ നിയമം വരുന്നതോടെ കേരളത്തിൽ വരുന്ന വലിയ വരുമാനം...,

ഇപ്പോൾ ഒരു പുതിയ സർക്കാർ വന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഏതെല്ലാം രൂപത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻപോലും സാധിക്കാത്ത സാഹചര്യത്തിൽ, നടക്കേണ്ടത്

നിലവിലെ സർക്കാരിന്റെ കാലഘട്ടത്തിൽ എല്ലാ കാര്യങ്ങളും പറഞ്ഞതുപോലെ നടപ്പാക്കാൻ ശ്രമിക്കുന്നുവെന്ന് മാത്രമല്ല; അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൂടിയായ ശ്രീ. വി. ഡി. സതീശൻ അവർകൾക്ക് ലഭിക്കുന്ന പിന്തുണ ജനങ്ങൾ നൽകിയതാണ്.

ഒരു ഓണക്കാലത്ത് നന്നായി ഇടപെടൽ നടത്തിയതിനാൽ ജനങ്ങൾ അതിന്റെ സന്തോഷം ജി.എസ്.ടി.- രൂപേണ കേരളത്തിലെ സർക്കാരുമായി പങ്കുവയ്ക്കുന്നു. 7000 കോടി രൂപയുടെ ജി.എസ്.ടി. വർധനവാണുണ്ടായിരിക്കുന്നത്. ഈ 7 മാസം കൊണ്ട് വിഭാവനം ചെയ്തതിനേക്കാൾ കൂടുതലാണത്. സമസ്തമേഖലയിലെയും റവന്യൂ വരുമാനം വർധിക്കുകയാണ്. ജനങ്ങൾ വലിയ ക്രയവിക്രയം നടത്തുന്നു; അവർ വലിയ ഉത്സാഹത്തിലും പ്രതീക്ഷയിലുമാണ്. ആ പ്രതീക്ഷയ്ക്കനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാനുള്ള അവസരമുണ്ടാക്കാനാണ് ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നത്. തീർച്ചയായും നാടിന് അനിവാര്യമായ ഈ നിയമനിർമാണത്തോടൊപ്പം ചേർന്നിരുന്ന് എല്ലാവരും ഒറ്റക്കെട്ടായി പാസാക്കേണ്ട ചില നിയമങ്ങളാണിത്.

സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഈ നിയമത്തിലൂടെ നമുക്ക് സാധിക്കും. ലോകത്തിന്റെ പല മേഖലകളിൽനിന്നും കേരളത്തിലേക്ക് കടന്നുവരുന്ന ടൂറിസ്റ്റുകളുടെ ട്രാവൽ റൂട്ടിൽ കേരളത്തിന്റെ പല മേഖലകളും ഉൾപ്പെട്ടിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ തിരുവമ്പാടിയിലെ പല മേഖലകളിലും അവർ വരാറുണ്ട്. കൂടാതെ തുഷാരഗിരി, അരിപ്പാറ, വെള്ളരിമല, കക്കാട് എന്നിവിടങ്ങളിലൊക്കെ അവർ എത്താറുണ്ട്. പക്ഷേ നമ്മുടെ തീരദേശമേഖലയിലേക്ക് അവരെ കടത്തിക്കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ വിഴിഞ്ഞത്തിന്റെ പുതിയ സാധ്യതകളെയും അതിനോടൊപ്പം 600 കി.മീ. ദൂരമുള്ള നമ്മുടെ തീരദേശത്തെയും പൂർണ്ണമായും ഉപയോഗപ്പെടുത്തി ടൂറിസം സാധ്യതകളും തദ്ദേശീയമായ സാമ്പത്തിക വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള ടൂറിസം പദ്ധതികളുമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമനിർമ്മാണമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അത് പൂർണ്ണമായും ജനങ്ങൾ ഏറ്റെടുക്കും. അത്തരത്തിലുള്ള ഏറ്റവും വിപ്ലവകരമായ ഒരു നടപടിയിലേക്ക് കടന്നിട്ടുള്ള സംസ്ഥാന സർക്കാരിനെയും അതിന്

നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയെയും പ്രത്യേകം ഞാൻ അഭിനന്ദിക്കുകയാണ്.

ചെറിയ ഒന്നുരണ്ട് കാര്യങ്ങൾ കൂടിയുണ്ട്. പ്രത്യേകിച്ച് ഈ നിയമത്തിൽ പറയുന്ന ഒരു മാരിടൈം ബോർഡ് ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ ബോർഡിൽ, 3-ാം വകുപ്പിലെ (xviii)-ൽ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിവിധ മേഖലകളിൽ നിന്നുള്ള നാല് അംഗങ്ങൾ: നാല് വിദഗ്ധർ എന്നതിൽ വിവിധങ്ങളായ വിദഗ്ധരുടെ പേര് പറയുന്നുണ്ട്. വിദഗ്ധ ഷിപ്പിംഗ്, നാവിഗേഷൻ, മാരിടൈം വ്യവസായം, മറൈൻ എഞ്ചിനീയേഴ്സ്, ഷിപ്പിംഗ്ര ലോജിസ്റ്റിക്സും, ഉൾനാടൻ ജലഗതാഗതം എന്നുതുടങ്ങിയ വിദഗ്ധരാണത്. സ്വാഭാവികമായും നാട് വലിയ ഉയർച്ചയിലേയ്ക്ക് പോകുമ്പോൾ തീർച്ചയായും ആ വിദഗ്ധരുടെ കൂട്ടത്തിൽ ഒരു ടെക് പേഴ്സണെക്കൂടി (ഐ.ടി.-യിൽ വിദഗ്ധനായ ഒരാളെ) ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഈ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള എല്ലാ മേഖലയിലും പുതിയ സാരഥികളെ കണ്ടെത്താൻ, അത്തരം ഐ.ടി. വിദഗ്ധൻ കൂടി ഇതിലുണ്ടാകുമ്പോൾ അവരെക്കൂടി

ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നല്ല രൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനമായിരിക്കണം.

ഞാൻ ഇതിൽ ഒന്നുരണ്ട് ചെറിയ ഭേദഗതികൾ മാത്രമാണ് പറയുന്നത്. സ്വാഭാവികമായും ആക്ടിൽ വന്നിരിക്കുന്ന, രണ്ടാം വകുപ്പിന്റെ ഭേദഗതിയിലെ- പ്രധാന ആക്ടിലെ രണ്ടാം വകുപ്പിൽ, (വൈ എ) -ൽ 'രൂപീകരിക്കപ്പെട്ട' എന്നതിനുപകരം 'രൂപീകരിച്ച്' എന്ന രൂപത്തിൽ അതിനെ ഭേദഗതി ചെയ്യുന്നത് നന്നായിരിക്കും.

മി. സ്പീക്കർ: ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ വരുമ്പോൾ ആയത് ഉൾപ്പെടുത്താം.

ശ്രീ. സി. കെ. കാസിം: സർ, വയോജനങ്ങൾക്കുവേണ്ടി ഒരു പുതിയ വകുപ്പ് രൂപീകരിക്കുകയും അവരുടെ പരിരക്ഷയ്ക്കായി നിയമനിർമാണം നടത്തുകയും ചെയ്യ. അപ്പോഴും നമ്മളെ ആശങ്കപ്പെടുത്തുന്നത്, പത്തുവർഷംകൂടി കഴിഞ്ഞാൽ, നമ്മുടെ കേരളത്തിലെ യുവതീയുവാക്കൾ വിദേശത്തെ പല കോർപ്പറേറ്റ് കമ്പനികൾക്കും വേണ്ടി ജോലി ചെയ്യുന്ന

സ്ഥിതിയുണ്ടാകുമെന്നതിനെക്കുറിച്ചാണ്. നമ്മുടെ കുട്ടികളുടെ നല്ല തലച്ചോറ്..., ഇവിടെനിന്നും ബ്രെയിൻ ഡ്രെയിൻ സംഭവിക്കുന്ന കാലഘട്ടം തുടങ്ങിക്കഴിഞ്ഞു. അതിനാൽ അവരെ പിടിച്ചുനിർത്തേണ്ടതുണ്ട്. അവരുടെ ആ നല്ല തലച്ചോറിനെയും വിദഗ്ധമായ കഴിവുകളെയും കേരളത്തിന്റെ മണ്ണിൽ നിലനിർത്താൻ കൂടി ഈ പദ്ധതിക്ക് സാധിക്കും. അത്തരത്തിലുള്ള ലക്ഷ്യബോധത്തോടുകൂടി വിഭാവനം ചെയ്തിട്ടുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. റോണി കെ. ബേബി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്കയക്കണമെന്ന 2 ബി ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

"A politician is thinking about the next election but a statesman is thinking about the next generation" എന്നൊരു ഇംഗ്ലീഷ് ചൊല്ലുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഒരുപാട്

രാഷ്ട്രീയ പ്രവർത്തകരുണ്ട്. But very few Statesman. വിപ്ലവകരമായ ഈ രണ്ട് നിയമനിർമ്മാണങ്ങളിലൂടെ കേരള നിയമസഭയ്ക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയും ആ സ്റ്റേറ്റ്സ്മാൻഷിപ്പിന്റെ ഏറ്റവും ഉന്നതമായ തലങ്ങളിലേക്കാണ് ഉയരുന്നതെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം, ലോർഡ് മൗണ്ട് ബാറ്റനെ ചൂണ്ടിക്കാണിച്ച് വൈസ്രോയിയെയും നേഷനെയും കുറിച്ച് പറയുകയുണ്ടായി. അന്ന് വൈസ്രോയിയും നേഷനും രണ്ടായിരുന്നു. എന്നാൽ ഇന്ന് വൈസ്രോയിയും നേഷനും ഒന്നാണ്. ലൂയി പതിനാലാമൻ രാജാവ് പറഞ്ഞതുപോലെയുള്ള "I am the State" (ഞാനാണ് രാജ്യം) എന്ന ഭരണക്രമമല്ല. മറിച്ച്, മഹാനായ എബ്രഹാം ലിങ്കൺ പറഞ്ഞതുപോലെ "By the people, for the people, of the people" ജനങ്ങൾക്ക് വേണ്ടി, ജനങ്ങളാൽ ഭരിക്കുന്ന, ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി ഭരിക്കുന്ന ഒരു ഭരണകൂടമാണിത്. ബ്രിട്ടീഷുകാർ തകർത്തെറിഞ്ഞ ഇന്ത്യയിൽ നിന്നുകൊണ്ടാണ്, 'The Great Bengal Famine of 1943' , ലക്ഷക്കണക്കിന് ആളുകൾ മരിച്ചുവീണ അവിടെ നിന്നുകൊണ്ട് അല്ലെങ്കിൽ

'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' (Freedom at Midnight) വിവരിക്കുന്ന വർഗ്ഗീയ കലാപത്തിലൂടെ ലക്ഷങ്ങൾ മരിച്ചുവീണ ആ രാജ്യത്ത് നിന്നുകൊണ്ടാണ് മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു ദീർഘദർശിയെപ്പോലെ, ഉത്തമനായ ഒരു സ്റ്റേറ്റ്സ്മാനെപ്പോലെ 21-ാം നൂറ്റാണ്ടിലെ ഈ രാജ്യത്തെക്കുറിച്ച് സ്വപ്നം കണ്ടത്. ഐ.ഐ.ടി. (IIT) ഐ.ഐ.എം. (IIM), എയിംസ് (AIIMS), എന്നിവയിലൂടെ അദ്ദേഹം ഈ രാജ്യത്തെ പടുത്തുയർത്തി. ഇന്ന് ലോകത്തിന്റെ നെറുകയിലേക്ക് നമ്മുടെ രാജ്യം നടന്ന് അടുക്കുകയാണ്. അതുപോലെ, വിപ്ലവകരമായ രണ്ട് നിയമനിർമ്മാണങ്ങളിലൂടെ കേരളവും ഇന്ന് ലോകത്തിന്റെ ഭ്രപടത്തിലേക്ക് നടന്നുനീങ്ങുകയാണ്. ഈ അവസരത്തിൽ വളരെ അഭിമാനമുണ്ട്. 16-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ വയോജന ക്ഷേമത്തിനായുള്ള ബിൽ പാസ്സാക്കിയ അന്ന് എനിക്ക് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ആരും നോക്കാനില്ലാത്ത, പരിചരിക്കാനില്ലാത്ത ആയിരക്കണക്കിന് മാതാപിതാക്കളുടെ കണ്ണീരണിഞ്ഞ മുഖങ്ങളായിരുന്നു അന്ന് മനസ്സിൽ ഉണ്ടായിരുന്നത്. ഞാൻ ഒരു ജനപ്രതിനിധിയായപ്പോൾ

എനിക്ക് വന്നൊരു ഫോൺ കോളിലൂടെ വൃദ്ധയായ ഒരു മാതാവ് നിലവിളിക്കുകയാണ്. എന്നെ എന്റെ മകനും മരുമകളും ചേർന്ന് മർദ്ദിക്കുന്നുവെന്ന് പറഞ്ഞ് അവർ ഫോണിലൂടെ നിലവിളിക്കുകയായിരുന്നു. ഒരു വാക്കുപോലും വ്യക്തമായി കേൾക്കാൻ സാധിച്ചില്ല. അങ്ങനെയുള്ള ആയിരക്കണക്കിന് മാതാപിതാക്കളുടെ കണ്ണുനീർ ഒപ്പുവാൻ വിപ്ലവകരമായ നിയമം പാസാക്കിയ ഈ ഭരണകൂടം, ഇപ്പോൾ 'കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ' എന്ന സുപ്രധാനമായ മറ്റൊരു നിയമനിർമ്മാണത്തിലേക്ക് കടക്കുകയാണ്.

ഇവിടെ ചിലർ പതിവ് നരേറ്റീവുകളും ക്ലീഷേകളും ആവർത്തിച്ചു. സാമ്രാജ്യത്വമെന്നും മുതലാളിത്തമെന്നും കോർപ്പറേറ്റുകളെന്നും പറഞ്ഞു. മൂന്നരക്കോടി വരുന്ന മലയാളികളെ കാലഹരണപ്പെട്ടുപോയ പ്രത്യയശാസ്ത്രങ്ങളുടെ തടവറകളിൽ ഇനിയും നമുക്ക് തളച്ചിടാൻ സാധിക്കുമോ; എത്രയോ നഷ്ടവസന്തങ്ങളാണ് നമുക്ക് ഉണ്ടായത്. ഐ.ടി. മേഖലയിലും പാരാമെഡിക്കൽ മേഖലയിലും സ്വകാര്യ സർവകലാശാലകളുടെ കാര്യത്തിലും നമുക്ക് വലിയ നഷ്ടങ്ങൾ സംഭവിച്ചു.

കഴിഞ്ഞ വർഷം മാത്രം കേരളത്തിൽനിന്നും രണ്ടര ലക്ഷം വിദ്യാർഥികളാണ് കേരളത്തിന്റെ പുറത്തേയ്ക്ക് പോയത്, രണ്ടര ലക്ഷം വിദ്യാർഥികളാണ് ഇന്ത്യയ്ക്ക് പുറത്തേയ്ക്ക് പോയത്. അഞ്ച് ലക്ഷത്തോളം ആളുകളാണ് കേരളത്തിൽ നിന്നും മാറിപ്പോയത്. 'ബ്രെയിൻ ഡ്രെയിൻ' അഥവാ ബൗദ്ധിക ചോഷണം എന്ന പ്രതിഭാസത്തിന്റെ കണക്കുകൂട്ടാൻ നമുക്ക് സാധിക്കുമോ; എത്ര മില്യൺ ഡോളറുകൾ വച്ച് കണക്കുകൂട്ടിയാലും നമുക്ക് അവിടെ എത്താൻ സാധിക്കില്ല. ഈ കേരളത്തിൽനിന്നും ഏറ്റവും വലിയ ബുദ്ധിശക്തി ചോർന്നുപോകുന്നതിന്റെ യഥാർഥ കണക്കെടുക്കാൻ നമുക്ക് സാധിക്കില്ല. അവിടെയാണ് ഈ പുതിയ ഭരണകൂടം ഒരു പുതിയ ദിശാബോധത്തോടെ, പുതുയുഗ കേരളത്തെ വീണ്ടെടുക്കാനുള്ള പോരാട്ടവുമായി മുന്നോട്ടുപോകുന്നത്. പക്ഷേ എനിക്ക് ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്കറിയാം, വ്യാവസായിക വിപ്ലവത്തിനുശേഷം ലോകത്തുണ്ടായതാണ് ഇക്കണോമിക് ഡിവൈഡ് (സാമ്പത്തിക വിഭജനം). ഇന്ന് വിപ്ലവകരമായ വിഴിഞ്ഞം പദ്ധതികൾ പോലെയും ഇതുപോലെയുള്ള നിയമനിർമ്മാണങ്ങളുമായും

മുന്നോട്ടുപോകുമ്പോൾ, വരുംകാലങ്ങളിൽ കേരളത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ഇക്കണോമിക് ഡിവൈഡ് നമ്മൾ ഒഴിവാക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പദ്ധതികളുണ്ടാകണം. ഇന്ന് വലിയ തുറമുഖങ്ങളെക്കുറിച്ചും വിമാനത്താവളങ്ങളെക്കുറിച്ചും അവയ്ക്ക് ചുറ്റുമുള്ള പദ്ധതികളെക്കുറിച്ചും വലിയ വ്യവസായിക കോറിഡോറുകൾ സംബന്ധിച്ചും പറയുമ്പോൾ, നമ്മുടെ മലയോര മേഖലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട തുടങ്ങിയ ജില്ലകൾക്ക് വേണ്ടിയും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർഥിക്കാനുള്ളത്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വരുന്ന വളരെ സുപ്രധാനമായ മറ്റൊരു പദ്ധതിയായ വിഴിഞ്ഞം-നാവായികുളം ഔട്ടർ റിങ് റോഡിന് കണക്ഷനായി, എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെ നീളുന്ന 257 കിലോമീറ്റർ ദൂരമുള്ള ഗ്രീൻഫീൽഡ് ഹൈവേ (NH 183). 2023-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പദ്ധതിയായിരുന്ന ഈ നാലുവരിപ്പാത. എം.സി. റോഡിന് സമാന്തരമായി കേരളത്തിലെ 6 ജില്ലകളിലൂടെ, 73 വില്ലേജുകളിലൂടെ കടന്നുപോകുന്ന ഗ്രീൻഫീൽഡ്

ഹൈവേയാണിത്. ഇതിന്റെ 75 ശതമാനം സ്ഥലമേറ്റെടുപ്പ് ചെലവ് കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കാൻ നിശ്ചയിച്ചിരുന്നത്. അതുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും മുന്നോട്ടുപോവുകയും അലൈൻമെന്റും ഡി.പി.ആറും ഉൾപ്പെടെ തീരുമാനിക്കുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഓഫീസർമാരെ നിശ്ചയിക്കുകയും ഒടുവിൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട വിജ്ഞാപനം വരികയും ചെയ്തു. അപ്പോഴാണ് ഈ പദ്ധതി മരവിപ്പിച്ചത്. എനിക്ക് വിനീതമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും അഭ്യർഥിക്കാനുള്ളത്, വിഴിഞ്ഞം പദ്ധതിയുടെ ഗുണഫലങ്ങൾ കോട്ടയം, ഇടുക്കി, പത്തനംതിട്ട പോലുള്ള മലയോര ജില്ലകൾക്കുകൂടി ലഭിക്കുന്നതിനാവശ്യമായ ശ്രമങ്ങളും സമ്മർദങ്ങളും നടത്തണമെന്നാണ്. ഇപ്പോൾ ആ ഫയൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിന്റെ പരിഗണനയിലാണ്. വിഴിഞ്ഞം പദ്ധതിയുടെ ഗുണഫലങ്ങൾ കോട്ടയം, ഇടുക്കി, പത്തനംതിട്ട പോലുള്ള മലയോര മേഖലകൾക്ക് വികസനത്തിന്റെ ഗുണം ലഭിക്കാൻ NH 183 എന്ന പദ്ധതിയുടെ

ഭാഗമായിട്ടുള്ള തിരുവനന്തപുരം-അങ്കമാലി പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന്.... എം.സി. റോഡിന്റെ വിപുലീകരണത്തെ സംബന്ധിച്ച് 5000 കോടി രൂപയോളം രൂപ സ്ഥലമേറ്റെടുക്കലിന് ആവശ്യമുണ്ടെന്ന് ഇന്നലെ ഇവിടെ പറയുകയുണ്ടായി. ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടി 1000 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാൻ പോകുന്നത്. ഇതിന്റെ 80 ശതമാനവും തോട്ടഭൂമിയാണ്. അതുകൊണ്ട് ആരെയും കുടിയൊഴുപ്പിക്കേണ പുനരധിവസിപ്പിക്കേണ്ടിയോ ഭൂമി ബലമായി ഏറ്റെടുക്കേണ്ടതായോ വരില്ല. 80 ശതമാനവും തോട്ടഭൂമിയിലൂടെ കടന്നുപോകുന്ന ഈ ഹൈവേ യാഥാർഥ്യമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സർക്കാർ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട്, ഈ നിയമത്തെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ സംസരിച്ചോട്ടെ.

മി. സ്പീക്കർ: ഇതിൽ പ്രൊവിഷനില്ല. എന്തെങ്കിലും സംസാരിക്കണമെങ്കിൽ ചുരുക്കി സംസാരിച്ചോളൂ.

ശ്രീമതി കെ. കെ. രമ: സർ, ഇനി എനിക്ക് സംസാരിക്കാൻ

അവസരമില്ല. അതിനാൽ ഒരു അഭിപ്രായം പറയാൻ അനുവദിക്കണം.

മി. സ്പീക്കർ: ഔട്ട് ഓഫ് അജണ്ടയാണ്. എന്നാലും സാരമില്ല, ആ മാർജിനിൽനിന്ന് സംസാരിക്കൂ.

ശ്രീമതി കെ. കെ. രമ: സർ, ഇതൊരു വലിയ ലക്ഷ്യംവച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുവന്ന വലിയൊരു ബിൽ ആണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു സ്വപ്നപദ്ധതികൂടിയാണ്. തീർച്ചയായും അതിനെ ആ അർഥത്തിൽതന്നെ കാണുന്നു. അതോടൊപ്പം ചില ആശങ്കകൾകൂടി ഇതുമായി ബന്ധപ്പെട്ട് പങ്കുവയ്ക്കാനുണ്ട്. ഇതിനകത്ത് മൂന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ഇനം 18-ൽ ചില ആളുകളെ നാമനിർദേശം ചെയ്തിട്ടുണ്ട്. ഷിപ്പിങ്, ലോജിസ്റ്റിക്, ഉൾനാടൻ ഗാതഗതം..

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പറയുന്നത് കേൾക്കൂ. വകുപ്പുതിരിച്ച് പരിഗണിക്കുന്ന വേളയിൽ അങ്ങേയ്ക്ക് മൂവ് ചെയ്യാനുള്ള അസരമുണ്ട്. വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങളാണ് ഇപ്പോൾ ഇവിടെ സംസാരിച്ചത്.

ശ്രീമതി കെ. കെ. രമ: സർ, ഒരു വാചകംകൂടി പറഞ്ഞ്

അവസാനിപ്പിക്കാം. അപ്രകാരം പറഞ്ഞിരിക്കുന്ന ആളുകളിൽ, അറിവും അനുഭവസമ്പത്തുമുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണമെന്ന ഒരു നിർദേശം വയ്ക്കുകയാണ്. തീരദേശത്ത് പട്ടയമോ ഭൂമിരേഖകളോ ഒന്നുമില്ലാത്ത സാധാരണക്കാരായ നിരവധി മത്സ്യത്തൊഴിലാളികളുണ്ട്. അവരുടെ ഭൂമി ഏറ്റെടുക്കുമ്പോൾ, അവരുടെ ആവാസ വ്യവസ്ഥയിൽനിന്നും മാറ്റിനിർത്തപ്പെടാതെ ഭൂമി ലഭ്യമാക്കുകയും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾകൂടി ഇതിന്റെ ഭാഗമായുണ്ടാകണം. തീരദേശ മേഖലയിൽ അധിവസിക്കുന്ന ആളുകളുടെ ആശങ്കകളും പ്രയാസങ്ങളും മനസ്സിലാക്കി അവരെക്കൂടി സംരക്ഷിക്കുന്ന തരത്തിലുള്ള നടപടികൾ ഈ ബില്ലിന്റെ ഭാഗമായുണ്ടാകണം. പൊതുജനാഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം ഈ ബിൽ ഏറ്റവും കുറ്റമറ്റതാക്കി പാസ്സാക്കണമെന്നുകൂടി രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമയ്ക്ക് വേണമെങ്കിൽ മൂന്നാം വായനയിൽ ഈ വാക്കുതന്നെ പറയാമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ സംസാരിച്ച ചില അംഗങ്ങൾ ബിൽ അവതരിപ്പിച്ച വേളയിലുള്ള സമീപനമല്ല സ്വീകരിച്ചത്, ചില ഉത്കണ്ഠകൾ ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അതായത്, മാരിടൈം ബോർഡ് സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും തീരപ്രദേശത്തുള്ള എല്ലാ സർക്കാർ ഭൂമിയും ബലം പ്രയോഗിച്ച് പിടിച്ചെടുക്കുകയാണെന്ന്, റവന്യൂ വകുപ്പിന്റെ ഭൂമി, മിച്ച ഭൂമി തുടങ്ങിയവ മാരിടൈം ബോർഡിന്റെ ലാൻഡ് ബാങ്കിന് കീഴിൽ വരുമെന്നാണ് പറയുന്നത്. ഒരു വകുപ്പിന്റെ ക്ലോസ് വായിക്കുമ്പോൾ മുഴുവൻ വായിക്കണം. 22 എ (iii)-ൽ ഒരു കാര്യം പറയുന്നുണ്ട്, 'ഒന്നാം ഉപവകുപ്പുപ്രകാരമുള്ള മാരിടൈം ലാൻഡ് ബാങ്കിൽ ഉൾപ്പെടുന്ന ഭൂമിയിൽ തുറമുഖ പരിധിയിൽപ്പെടുന്നതും' അതായത്, ലാൻഡ് ബാങ്ക് ഏറ്റെടുക്കുന്ന തുറമുഖ പരിധിയിൽപ്പെടുന്ന ഭൂമിയെക്കുറിച്ചാണ് അതിൽ പറയുന്നത്. അത് വേണ്ടേ; അവിടെയല്ലേ ഡെവലപ്മെന്റ് വരുന്നത്? അതിനുപകരം കേരളത്തെ തീരപ്രദേശത്തെ മുഴുവൻ സർക്കാർ ഭൂമിയും മാരിടൈം ബോർഡിന്റെ ലാൻഡ് ബാങ്കിലേക്ക് വരികയും പിന്നീട് സ്വകാര്യ കുത്തകകളുടെ കൈകളിലേക്ക് പോകുമെന്നും പറയുന്നത്

എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല; ആ വകുപ്പിലെ ഒരുഭാഗം ഒഴിവാക്കി വായിച്ചുകൊണ്ടാണ് കേരളത്തിലെ മുഴുവൻ തീരപ്രദേശത്തെയും ഭൂമി ലാൻഡ് ബാങ്ക് ഏറ്റെടുക്കുകയാണെന്ന് പറയുന്നത്. തുറമുഖ പരിധിയിൽപ്പെടുന്ന ഭൂമിയാണ് ലാൻഡ് ബാങ്ക് ഏറ്റെടുക്കുന്നത്. അതിന് കാരണമെന്താണ്; ഹാർബർ ഡെവലപ്മെന്റും ഔട്ട് ഓഫ് ഹാർബർ ഡെവലപ്മെന്റുമാണ് ഇത് വരുമ്പോഴുണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങൾ. ഹാർബറിൽ ഇപ്പോൾ നടക്കുന്ന പലതും തൊഴിൽ സാധ്യതകളുള്ളവയല്ല. വിഴിഞ്ഞം പോർട്ടിൽ എത്രപേർക്ക് തൊഴിൽ സാധ്യതയുണ്ട്; എല്ലാം ഓട്ടോമാറ്റിക്കാണ്. ഔട്ട് ഓഫ് പോർട്ട് ബേഡ്ഡും പോർട്ട് കണക്റ്റഡുമായ എംപ്ലോയ്മെന്റ് ജനറേഷൻ, കൂടുതൽ ഇൻവെസ്റ്റ്മെന്റ്സ് എന്നിവ വരേണ്ടത് അനിവാര്യമാണ്. അതിൽ ഹാർബർ ഡെവലപ്മെന്റുണ്ട്, മാരിടൈം ഇൻഡസ്ട്രിയുണ്ട്, മാരിടൈം ലോജിസ്റ്റിക്സുണ്ട്, കണ്ടെയ്നർ സ്റ്റേഷൻസ് വരും, ബങ്കറിങ് ഉണ്ടാകും, ഫ്രൈറ്റ് ഫോർവേഡിങ് ഉണ്ടാകും, കാർഗോയുടെ മൂവ്മെന്റ്സുണ്ടാകും, ട്രാൻസ്ഷിപ്മെന്റുണ്ടാകും, പുറത്ത് വെയർഹൗസ് വരും, സപ്ലൈ ചെയിനുകളുണ്ടാകും. കേരളത്തിൽ

ഉൽപാദിപ്പിക്കുന്ന സ്പൈസസും അഗ്രികൾച്ചർ പ്രൊഡക്ട്സും, വാല്യു ആഡഡ് പ്രോഡക്ട്സും ഉൾപ്പെടെയുള്ളവ കയറ്റി അയയ്ക്കാനുള്ള സംവിധാനങ്ങൾ വരും. ഒരു സെന്ററിൽനിന്നും മറ്റൊരു സെന്ററിലേക്കുള്ള ലോജിസ്റ്റിക് മൂവ്മെന്റ് ഈ പോർട്ടുകളുടെ കണക്റ്റിവിറ്റിയോടുകൂടി സാധ്യമാകും. അതിനാലാണ് ആ ഇറമുഖ പരിധിയിൽപ്പെട്ട, സർക്കാരുമായി ബന്ധപ്പെട്ട ഭൂമി മാരിടൈം ബോർഡിന്റെ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തുന്നത്. ഇൻവെസ്റ്റ്മെന്റുകളും മറ്റ് കാര്യങ്ങളും വരുമ്പോൾ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. മാത്രമല്ല, മാരിടൈം ബോർഡ് എന്നുപറയുന്നത് ഗവൺമെന്റിന്റെതന്നെ ഒരു സ്റ്റ്യാറ്റ്യൂട്ടറി ബോഡി ആണ്. ഭൂമി ഏറ്റെടുത്തിട്ട് മറ്റാർക്കെങ്കിലും നൽകുകയല്ല ചെയ്യുന്നത്. ഈ ഒരു പർപ്പസിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. പോർട്ട് ബേസ്ഡായ ഡെവലപ്മെന്റിനുവേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്. തീരദേശത്തെ ഭൂമി മുഴുവൻ ഏറ്റെടുക്കും, സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെടും, മത്സ്യത്തൊഴിലാളികൾക്ക് പോകാൻ സാധിക്കില്ല എന്നിങ്ങനെയൊക്കെ

പറയുന്നത് വലിയ ഭാവനകളാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ ഇത്രയും നെഗറ്റീവായ ഒരു അപ്രോച്ച് സ്വീകരിച്ചത് എന്നെ വിസ്മയിപ്പിച്ചുകളഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് അതിലൂടെ പോകാൻ സാധിക്കില്ല, യാത്ര ചെയ്യാൻ സാധിക്കില്ല എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. അതുപോലെ സെക്ഷൻ 17 (എ)-യെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജീവനക്കാരുടെ സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട ആശയക്കുഴപ്പം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. പ്രവീൺ ആണ് സൂചിപ്പിച്ചത്. അദ്ദേഹംകൂടി അംഗമായ സബ്ജക്ട് കമ്മിറ്റിയിൽവച്ചതന്നെ ആ കൺഫ്യൂഷൻ ക്ലിയർ ചെയ്തതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ടെമ്പററി, പെർമനന്റ് എന്നിങ്ങനെ രണ്ടുതരത്തിലാണ് ആളുകളെ റിക്രൂട്ട് ചെയ്യുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പെർമനന്റായി റിക്രൂട്ട് ചെയ്ത ആളുകളെയാണ് സ്ഥിരപ്പെടുത്തുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു സംശയം ഇവിടെ പ്രകടിപ്പിച്ചപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽവച്ച് അത് കറക്ട് ചെയ്തതാണ്. പ്രസ്തുത അമെന്റ്മെന്റോടുകൂടിയാണ് ബിൽ സഭയിൽ വന്നിട്ടുള്ളത്.

കൺസഷണയർ എന്നൊരു വാക്ക് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. രാജൻ സൂചിപ്പിക്കുകയുണ്ടായി. അത് എല്ലാ പോർട്ട് ആക്ടിലുമുണ്ട്. വിഴിഞ്ഞത്തെ എഗ്രിമെന്റിൽ ഇല്ലേ? വിഴിഞ്ഞത്തുള്ളത് കൺസെഷൻ എഗ്രിമെന്റാണ്. അദാനി ഗ്രൂപ്പാണ് കൺസഷണയർ. അതിന്റെ ഉദ്ഘാടന വേളയിലെ സ്വാഗത പ്രസംഗത്തിൽ അന്നത്തെ തുറമുഖ വകുപ്പുമന്ത്രി അദാനി ഗ്രൂപ്പിനെ സർക്കാരിന്റെ പാർട്നർ എന്നാണ് വിശേഷിപ്പിച്ചത്. എന്നിട്ടാണ് കൺസഷണയർ എന്ന വാക്ക് ഇതിലെ ഡെഫനിഷൻ ക്ലോസിൽ ഉൾപ്പെടുത്തിയതിനെ വിമർശിക്കുന്നത്. വളരെ സിംപിളായ ഒരു ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്, കേരളത്തിലെ 18 പോർട്ടും ഡെവലപ് ചെയ്യാൻ സംസ്ഥാന സർക്കാരിനെക്കൊണ്ട് സാധിക്കുമോ; ഒരുകാരണവശാലും സാധിക്കില്ല. അവിടെ ഇൻവെസ്റ്റ്മെന്റുണ്ടാകണം. കോർപ്പറേറ്റ് നിക്ഷേപം വരുമെന്ന് നിങ്ങൾ പറഞ്ഞു. കോർപ്പറേറ്റ് കമ്പനികളുടെ നിക്ഷേപം ഉറപ്പായും വരും, അവരുടെ നിക്ഷേപം ആകർഷിക്കും. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എന്തിനാണ് ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയത്; ഇന്ത്യയിലെ മുഴുവൻ

ഗവൺമെന്റുകളെയാണോ അവിടേക്ക് വിളിച്ചത്; ഇന്ത്യയിലെ മുഴുവൻ പബ്ലിക് സെക്ടേഴ്സിനെയാണോ അതിനായി ക്ഷണിച്ചത്? കഴിഞ്ഞ ഗവൺമെന്റ് ഉൾപ്പടെയുള്ള എല്ലാ ഗവൺമെന്റുകളും ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയത് കേരളത്തിലേക്ക് നിക്ഷേപം കൊണ്ടുവരാനാണ്. അദാനി ഉൾപ്പെടെയുള്ള ഇന്ത്യയിലെ ഏറ്റവും പ്രമുഖരായ ബിസിനസ്സ് സ്ഥാപനങ്ങളെയും കോർപ്പറേറ്റ് സ്ഥാപനങ്ങളെയും നിങ്ങളുടെ ഗവൺമെന്റ് ക്ഷണിച്ചുവരുത്തിയതാണ്. ഞാൻ അവിടെ പോയി നെഗറ്റീവ് അല്ല പറഞ്ഞത്, കേരളത്തിൽ ഒരു കുഴപ്പവുമില്ലെന്നാണ് പറഞ്ഞത്. ഇവിടെ ട്രേഡ് യൂണിയൻ മിലിറ്റൻസിയാണെന്ന് കുറച്ചുപേർ പറയുകയുണ്ടായി. ഞാൻ പ്രതിപക്ഷനേതാവായിരുന്ന സമയത്ത് നിങ്ങളുടെ സർക്കാർ നടത്തിയ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഞാൻ പറഞ്ഞത്, 'ഞാൻ ട്രേഡ് യൂണിയൻ ലീഡർഷിപ്പിലുള്ള ഒരാളാണ്; ട്രേഡ് യൂണിയൻ ലീഡർമാർ എന്ന നിലയിൽ ഞങ്ങൾ ട്രേഡ് യൂണിയൻകാരോട്, തൊഴിലാളികളോട് പറയുന്നത്, you work hard and make the company profitable. Then we will bargain for your due share. You will get production incentives' എന്നാണ്.

അതാണ് ഞാൻ അവിടെ സംസാരിച്ചത്. നിങ്ങൾ നന്നായി ജോലി ചെയ്യുക, ജോലി ചെയ്ത് കമ്പനിയെ ലാഭത്തിലാക്കുക, ലാഭത്തിലായിക്കഴിയുമ്പോൾ തൊഴിലാളി നേതാക്കളായ ഞങ്ങൾ ആ ലാഭത്തിൽനിന്ന് നിങ്ങളുടെ പ്രൊഡക്ഷൻ ഇൻസെന്റീവ് വാങ്ങിച്ചുതരും എന്നാണ്. ഞങ്ങൾ യൂണിയൻ നേതൃത്വത്തിലിരുന്ന ഒരു സ്ഥലത്തും സമരമുണ്ടായിരുന്നില്ല. നിങ്ങളുടെ സർക്കാർ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയപ്പോൾ ഞാൻ അവിടെപ്പോയി ഈ രീതിയിൽ സംസാരിച്ച വ്യക്തിയാണ്. നിങ്ങൾ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തിയത് നിക്ഷേപം കൊണ്ടുവരാനല്ലേ? എന്നിട്ട് ഇപ്പോൾ വിമർശനപരമായി പറയുന്നത്, കേരളത്തിലേക്ക് സ്വകാര്യ/ കോർപ്പറേറ്റ് നിക്ഷേപം വരുമെന്നാണ്. നിക്ഷേപം വരണം, അതിനൊരു ഫോക്കസ് ഏരിയയായാണ് ഇത് കൊടുത്തിരിക്കുന്നത്. സ്വകാര്യ നിക്ഷേപകരും കോർപ്പറേറ്റ് നിക്ഷേപകരും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഗവൺമെന്റുകളും വിദേശത്തുനിന്നുള്ള സ്ഥാപനങ്ങളും വരും. പല സ്ഥാപനങ്ങളുമായും ഗവൺമെന്റുകളുമായും ഇനിഷ്യലായുള്ള ഡിസ്കഷനുകൾ നടന്നുകഴിഞ്ഞു. പോർട്ട് ഡെവലപ്മെന്റിനുവേണ്ടി ഇൻവെസ്റ്റ് ചെയ്യാൻ

പലരും തയ്യാറാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ സംസാരിച്ചപ്പോൾ ജിയോപൊളിറ്റിക്കൽ സിറ്റുവേഷനുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ പല സ്ഥലങ്ങളിലും പ്രത്യേകിച്ച്, ഗൾഫ് മേഖലകളിലെല്ലാം ഒരു ഇൻസെക്യൂരിറ്റിയുണ്ട്. പ്രവാസികളും വിദേശത്ത് നിക്ഷേപമുണ്ടായിരുന്ന ആളുകളും കേരളത്തിൽ നിക്ഷേപിക്കാൻ താൽപര്യം കാണിക്കുന്നുണ്ട്. അവർക്കൊരു മേഖല നമ്മൾ കാണിച്ചുകൊടുക്കുകയാണ്. ചെയ്യുകയാണ്. അവർക്ക് ഇവിടെ ഇൻവെസ്റ്റ് ചെയ്യാം, തുറമുഖ മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാം. അതിനായി നമ്മൾ നിരവധി ഇക്കണോമിക് മോഡലുകൾ നിർമ്മിക്കും. അതുകൊണ്ടാണ് ലാൻഡിന്റെ കാര്യവും പറഞ്ഞത്. തുറമുഖ പരിധിയിൽപ്പെട്ട ലാൻഡാണ് മാരിടൈം ബാങ്കിലേക്ക് വരുന്നത്. ആ ലാൻഡിന് അനുസൃതമായി നമുക്ക് പല ഇക്കണോമിക് മോഡലുകളും നിർമ്മിക്കാം. നമുക്ക് ചെലവാക്കാൻ പണമില്ലല്ലോ; നമ്മുടെ സാമ്പത്തിക സ്ഥിതി എല്ലാവർക്കും അറിയാവുന്നതാണല്ലോ? അതിനാൽ നമ്മുടെ ലാൻഡാണ് നമ്മുടെ ഇക്വിറ്റി.

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള അങ്ങയുടെ ആഗ്രഹങ്ങളെ ക്ഷീണിപ്പിച്ച് പറയുകയല്ല. ബില്ലിലെ പുതുതായി കൂട്ടിച്ചേർക്കുന്ന 22(a) വകുപ്പുപ്രകാരം, സർക്കാർ ഭൂമി ഉൾപ്പെടുത്തി മാരിടൈം ലാൻഡ് ബോർഡ് നടപ്പാക്കുമെന്നാണ് പറയുന്നത്. അങ്ങ് പറയുന്നത് തുറമുഖത്തോട് ചേർന്നുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നാണ്. അതിൽ ആശങ്കയുണ്ട്. എവിടം മുതൽ എവിടെ വരെയുള്ള ഭൂമിയാണെന്ന് വ്യക്തമാക്കണം. കാരണം റവന്യൂ വകുപ്പിന്റെ ധാരാളം ഭൂമി തീരദേശത്തുണ്ട്. തീരദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ റവന്യൂ വകുപ്പുവഴിയാണ് പട്ടയം അനുവദിക്കുന്നത്. ഇനി പട്ടയങ്ങൾ ലഭിക്കുമോ; റവന്യൂഭൂമി ഏറ്റെടുക്കുന്നുണ്ടോ; തുറമുഖത്തിന്റെ ഭൂമി മാത്രമാണോ ഏറ്റെടുക്കുന്നത്; ഇക്കാര്യത്തിലൊരു വ്യക്തത വരുത്തുവാൻ സാധിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, വകുപ്പ് 22(a)(3)(i)-ൽ കൃത്യമായി ഇക്കാര്യം പറയുന്നുണ്ട്. തീരദേശത്തെ മുഴുവൻ ഭൂമിയുമല്ല, തുറമുഖമുണ്ടെങ്കിൽ അതിന്റെ പരിധിയിൽപ്പെടുന്ന ഭൂമിയാണ് ലാൻഡ് ബാങ്കിലേക്ക് വരുന്നതെന്ന് വളരെ കൃത്യമായി നിർവചിച്ചിട്ടുണ്ട്. 17(a)-യുടെ കാര്യത്തിൽ

ഞാൻ നേരത്തെ വ്യക്തത വരുത്തിയിട്ടുണ്ട്. ക്ലോസ് 11-ൽ എക്സ്റ്റൻഷൻ നൽകാനുള്ള കാര്യങ്ങൾ പറയുന്നുണ്ട്. അത് എല്ലാ പോർട്ട് ആക്ടിലുമുണ്ട്, സെൻട്രൽ ഗവൺമെന്റിന്റെ പോർട്ട് ആക്ടിലുമുണ്ട്. നമുക്ക് എക്സ്റ്റൻഷൻ നൽകേണ്ടിവരും. 30 വർഷത്തെ കൺസഷൻ എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞ് വീണ്ടും കാലാവധി ദീർഘിപ്പിക്കാൻ കണസഷണയർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു വർഷം മുമ്പ് അറിയിച്ചാൽ ചെയ്യാമെന്നാണ് ഈ നിയമത്തിൽ പറഞ്ഞത്. എന്നാൽ കേന്ദ്ര നിയമം പരിശോധിച്ചപ്പോൾ അത് മൂന്ന് വർഷമെന്നാണ് കാണുന്നത്. മൂന്ന് വർഷം മുമ്പ് കരാറുകാർ ഗവൺമെന്റിനെ അറിയിച്ചാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച്, വേണമെങ്കിൽ പുതിയ വ്യവസ്ഥകൾ വച്ച് കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എക്സ്റ്റൻഷനുള്ള പ്രൊവിഷൻ എല്ലാ പോർട്ട് ആക്ടിലുമുണ്ട്. ഓഹരി വിൽപ്പനയെയും വാങ്ങലിനെയും കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. നമ്മൾ പുതിയ ഇക്കണോമിക് മോഡലുണ്ടാക്കുമ്പോൾ നിക്ഷേപകരുടെ ഓഹരികൾ വരും. റെമിറ്റൻസ് ഇക്കോണമിയെ ഇൻവസ്റ്റേഴ്സ് ഇക്കോണമിയാക്കി മാറ്റുമെന്നതാണ് സർക്കാർ നിലപാട്.

റെമിറ്റൻസ് ഇക്കോണമിയെന്ന് പറയുന്നത് പുറത്തുനിന്നുള്ള സാമ്പത്തികസ്രോതസ്, സമ്പദ്ഘടനയുടെ നട്ടെല്ലാണ്. ഓഷ്യനേറിയത്തിന് നമുക്ക് ഭൂമിയുണ്ട്. ആ ഭൂമി നമ്മുടെ ഇക്വിറ്റിയാക്കിവച്ച്, സിയാൽ മോഡലിൽ 51% നമ്മൾ കൈവശം വച്ചിട്ട്, അതിലേക്ക് നിക്ഷേപങ്ങളും ഓഹരികളും ക്ഷണിക്കാം. ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന വ്യക്തികൾക്കോ മലയാളികളായ വിദേശികൾക്കോ ഒരു ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ അതിൽ നിക്ഷേപം നടത്താം. അത് വരുമാനം വർധിപ്പിക്കാനുള്ള ഒരു പദ്ധതിയാണ്. പത്തോ പതിനഞ്ചോ ഇരുപതോ വർഷങ്ങൾ കഴിഞ്ഞ് അവർ പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരിച്ച് നാട്ടിൽ വരുമ്പോൾ ഒരു വരുമാനമാകും. സിയാലിൽ നിക്ഷേപം നടത്തിയവർക്ക് ഇപ്പോൾ അവരുടെ ഷെയറിന്റെ വാല്യൂ എത്രയോ ഇരട്ടിയായി വർധിച്ചിരിക്കുകയാണ്. അതുപോലെയുള്ള അഞ്ചോ ആറോ ഇക്കണോമിക് മോഡലുകൾ നമുക്കുണ്ടാക്കാം. അപ്പോൾ ഓഹരികൾ വരും. ആ ഓഹരികൾ വിൽപ്പന നടത്താനും വാങ്ങാനുമൊക്കെയുള്ള അധികാരം മാരിടൈം ബോർഡിനുണ്ട്, സർക്കാരിനുണ്ട്. സിയാലുമായി ബന്ധപ്പെട്ട്

അങ്ങനെയൊരു അധികാരം സർക്കാരിനുണ്ട്. സിയാൽ മോഡൽ മാത്രം നോക്കിയാൽമതി. കെ. കരുണാകരൻ എത്ര ദീർഘവീക്ഷണത്തോടുകൂടിയാണ് അന്ന് സിയാൽ എന്ന കൺസപ്റ്റ് കൊണ്ടുവന്നത്. അന്ന് അവിടെ ഇൻവെസ്റ്റ് ചെയ്തവരുടെ ഷെയറിന്റെ മൂല്യം ഇപ്പോൾ എത്രയാണ്? സാധാരണക്കാരും അവിടെ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. നമ്മൾ ഓഷ്യനേറിയവും മാരിടൈം മ്യൂസിയവും കൊണ്ടുവരുമ്പോൾ അതൊരു ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റും. ടൂറിസം വികസനം പോലും സംശയത്തോടെയാണ് പ്രതിപക്ഷം കാണുന്നത്. എത്ര നെഗറ്റീവായ സമീപനമാണ് നിങ്ങളുടേത്. ഓഷ്യനേറിയവും മാരിടൈം മ്യൂസിയവും കേരളത്തിൽ കൊണ്ടുവരും. അതെല്ലാം വലിയ ടൂറിസം ഡെസ്റ്റിനേഷനുകളാണ്. അക്കാര്യത്തിൽ ഒരു സംശയവും ആവശ്യമില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തുറമുഖത്തിന്റെ പരിധിയിലുള്ള ഭൂമിയെന്ന് അങ്ങ് പറഞ്ഞു. അത് എവിടെ വരെയാണെന്നും എങ്ങനെയാണെന്നുമുള്ളതിന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ; ഇൻഡസ്ട്രിയൽ ഏരിയ എന്ന് പറഞ്ഞാൽ കുറച്ച് ദൂരേയ്ക്കുമാകാമല്ലോ;

അതിന്റെ പരിധിയെ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡമുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരു തുറമുഖത്തിന്റെ പരിധിയെന്താണെന്നുള്ളതൊക്ക് ചട്ടത്തിൽ പറയും, ആക്ടിൽ അത് പറയേണ്ട ആവശ്യമില്ല. ഓരോ തുറമുഖത്തിന്റെയും പരിധിയിൽ വ്യത്യാസം വരും. കൊച്ചി തുറമുഖത്തിന്റെ പരിധിയല്ല വിഴിഞ്ഞം തുറമുഖത്തിന്റെ പരിധിയെന്ന് പറയുന്നത്. അഴീക്കൽ തുറമുഖത്തിന്റെയും പൊന്നാനി തുറമുഖത്തിന്റെയും ബേപ്പൂർ തുറമുഖത്തിന്റെയും പരിധി വ്യത്യസ്തമാണ്. ഓരോ പോർട്ടിന്റെയും വ്യാവസായിക പശ്ചാത്തലം അനുസരിച്ച് പോർട്ടിന്റെ പരിധിയിൽ വ്യത്യസമുണ്ടാകും. അവിടെയാണ് വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. അവിടെനിന്നാണ് സംസ്ഥാനത്തിന് വരുമാനവും ജി.എസ്.ടി.-യും ലഭിക്കുന്നത്. ജി.എസ്.ടി. വർധിക്കുമെന്ന് ഇന്നലെ ഉറപ്പായി പറഞ്ഞത് ഈ ആത്മവിശ്വാസത്തിലാണ്. നിക്ഷേപങ്ങൾ വന്നാൽ മാത്രമേ നമ്മുടെ വരുമാനം വർധിക്കുകയുള്ളൂ. മിഷൻ സമുദ്ര എന്ന പദ്ധതിയിലെ ഒരു പ്രധാനപ്പെട്ട ഘടകം ടൂറിസം തന്നെയാണ്. ലോജിസ്റ്റിക് മൂവ്മെന്റ് ഉണ്ടാകുമെന്ന് കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞിരുന്നു. നമ്മുടെ

സംസ്ഥാനത്തെ വാഹന സാന്ദ്രത വളരെ വലുതാണ്. നമ്മുടെ റോഡുകൾക്ക് താങ്ങാൻ സാധിക്കാത്ത വിധത്തിലുള്ള വാഹന സാന്ദ്രതയാണ്. നമ്മുടെ ചരക്ക് ഗതാഗതം പല ഘട്ടങ്ങളിലായി 50 ശതമാനത്തോളം ജലഗതാഗതത്തിലേക്ക് മാറ്റാൻ കഴിയും. റോഡ് മാർഗമുള്ള ഗതാഗതത്തിന്റെ മൂന്നിലൊന്ന് ചെലവുമാത്രമേ ജലഗതാഗതത്തിനുള്ളൂ. ഈ പോർട്ടുകളെല്ലാം കണക്ട് ചെയ്യാൻ സാധിക്കും. രണ്ടാമത്തെ കാര്യം യാത്ര ഗതാഗത മാർഗമാണ്. ഇപ്പോൾത്തന്നെ യാത്ര കപ്പലുകൾ വന്നുതുടങ്ങിയിട്ടുണ്ട്. കൊച്ചിയിൽനിന്ന് ദുബായിലേക്കും ശ്രീലങ്കയിലേക്കും മാലി ദ്വീപിലേക്കും യാത്ര ഗതാഗതം തുടങ്ങുന്നതിനെക്കുറിച്ച് ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. അതിന്റെ മാറ്റങ്ങളുണ്ടാകും. കോഴിക്കോട് കൊയിലാണ്ടിയിൽ ഒരു ടെർമിനൽ ആരംഭിക്കുന്നതിന്റെ പ്രാഥമിക പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടുത്തെ കടലിന്റെ ആഴം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞത്ത് നിലവിൽ ടെർമിനലുണ്ട്, കോഴിക്കോടും കൊച്ചിയിലും ഓരോ ടെർമിനലുകൾ വന്നാൽ ഈ മൂന്ന് സ്ഥലങ്ങളിൽനിന്നും പാസഞ്ചേഴ്സ് ഷിപ്പ് ആരംഭിക്കാം. ദുബായ്,

കൊളംബോ, മാലി ദ്വീപ്, ഗോവ എന്നീ സ്ഥലങ്ങളിലേക്കും പിന്നെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയും പാസഞ്ചേഴ്സ് ഷിപ്പ് വലിയ കാലതാമസമില്ലാതെ ആരംഭിക്കാം. ഇപ്പോൾ ക്രൂയിസ് വെസലിൽ യാത്ര ചെയ്യണമെങ്കിൽ യൂറോപ്പിൽ പോകണം, അതിനുള്ള സൗകര്യം ഇപ്പോൾ ഇവിടെയെങ്ങുമില്ല. അതിനുള്ള സ്ഥാപനങ്ങളും സംവിധാനങ്ങളും ഇൻവെസ്റ്റുമെന്റുകളും സംസ്ഥാനത്ത് വരുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ 44 നദികളുമായി അതിനെ ബന്ധിപ്പിക്കാനുള്ള പ്രോജക്ടാണ്. റിവർ ക്രൂയിസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വരുന്നുണ്ട്. വലിയ കോൺഫറൻസ് നടത്താൻ സാധിക്കും. പ്രധാനപ്പെട്ട നദികൾ, അഷ്ടമുടി കായൽ, വേമ്പനാട് കായൽ, പെരിയാർ, ചാലിയാർ തുടങ്ങിയ പ്രധാനപ്പെട്ട നദികളിൽ ആദ്യം അത് ആരംഭിക്കാൻ സാധിക്കും. ടൂറിസ്റ്റുകൾ വരുന്നതിന് ഡെസ്റ്റിനേഷനുകൾ വേണം; അതിനുവേണ്ടിയാണ് ഈ സംരംഭങ്ങൾ ആരംഭിക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ആകെ പ്രശ്നമാണെന്നാണ് പറയുന്നത്. ഇത് മത്സ്യത്തൊഴിലാളികൾക്കുകൂടിയുള്ള പദ്ധതിയാണ്. തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണ മനുഷ്യരുടെ ജീവിത നിലവാരം ഉയർത്താൻ

വേണ്ടിയുള്ള പദ്ധതിയാണ്. അവരെ മറന്നുകൊണ്ടോ അവരെ ചേരിയിലേക്ക്/ തെരുവിലേക്ക് പറഞ്ഞുവിട്ടോകൊണ്ടുള്ള ഒരു വികസനവും കേരളത്തിൽ ഒരു സ്ഥലത്തും നടക്കില്ല. മാരിടൈം പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി കോഴ്സുകൾ ആരംഭിക്കുകയാണ്. മാരിടൈം ലോ, ലോജിസ്റ്റിക്സ്, മാരിടൈം ഹിസ്റ്ററി ഉൾപ്പെടെ 12 അക്കാദമിക് പ്രോഗ്രാമുകൾ ഞങ്ങൾ ഡിസൈൻ ചെയ്തിട്ടുണ്ട്. അതിനുവേണ്ടി നല്ല ഹോം വർക്കുകൾ നടത്തിയിട്ടുണ്ട്. ഈ കോഴ്സുകൾ പാസ്സായി വരുന്ന വിദ്യാർഥികൾക്ക് ഇവിടെ വരുന്ന കമ്പനികളിൽത്തന്നെ ജോലി നൽകും. അതിൽ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തും. ഒരു വർഷം മുതൽ നാല് വർഷം വരെയുള്ള അക്കാദമിക് കോഴ്സുകളുടെ പ്രോഗ്രാമുകളുണ്ട്. 12 അക്കാദമിക് പ്രോഗ്രാമുകൾ വിവിധ സ്ഥാപനങ്ങളുടെ കീഴിൽ അടുത്ത രണ്ട് അധ്യയന വർഷങ്ങളിലായി ആരംഭിക്കും. അതിന്റെ സിലബസുകളും മറ്റ് അനുബന്ധകാര്യങ്ങളും സംബന്ധിച്ചുള്ള ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്. ഇവിടെ ഏത് ജോലിക്കാണ് സാധ്യതയെന്ന് പരിശോധിച്ചാണ് പ്രോഗ്രാമുകൾ ഡിസൈൻ ചെയ്യുന്നത്. ആ കോഴ്സുകൾ

പാസ്സാകുന്ന മുഴുവൻ വിദ്യാർഥികൾക്കും അപ്പോൾത്തന്നെ ജോലിക്ക് അവസരം ലഭിക്കുന്ന തരത്തിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്. അതിനെക്കുറിച്ച് യാതൊരു ആശങ്കയും വേണ്ട.

വിഴിഞ്ഞത്ത് 260 കോടി രൂപയുടെ ഫിഷിങ് ഹാബറിന് തറക്കല്ലിട്ടു. നിലവിലുള്ള ഫിഷിങ് ഹാർബറിനെ നവീകരിക്കാൻ 90 കോടി രൂപയുടെ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ മാത്രം കേന്ദ്രീകരിച്ച് 350 കോടി രൂപയുടെ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പ്രശ്നമുള്ള സ്ഥലത്ത് പുലിമുട്ട് നിർമ്മാണത്തിന് 125 കോടി രൂപയുടെ പ്രോജക്ട് നൽകിയിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, വിഴിഞ്ഞം ഹാർബർ നിർമ്മാണ സമയത്ത് മത്സ്യത്തൊഴിലാളികളോട് റൂട്ട് മാറ്റി മത്സ്യബന്ധത്തിന് പോകാൻ പറഞ്ഞതിലൂടെ അവർക്ക് കുറച്ച് അധികം യാത്ര ചെയ്യേണ്ടിവന്നു. അതിനുള്ള മണ്ണണ്ണ അധികമായി നൽകാമെന്ന് പറഞ്ഞത് പൂർണ്ണമായും നൽകാൻ സാധിച്ചില്ല. 2000 മത്സ്യത്തൊഴിലാളികൾക്ക് 24 മാസത്തെ മണ്ണെണ്ണ വാങ്ങിയതിന്റെ കുടിശ്ശിക തുക ഇപ്പോൾ ഈ സർക്കാർ നൽകി. ഒരാൾക്ക് ഒന്നര ലക്ഷവും

മൂന്നര ലക്ഷവും രൂപയുടെയുമൊക്കെ ബില്ലുകളാണുള്ളത്. ആ പാവപ്പെട്ടവരുടെ കുടുംബങ്ങളിലേക്ക് 35 കോടി രൂപയാണ് മാരിടൈം ബോർഡ് വഴി വിതരണം ചെയ്തത്. 2000 മത്സ്യത്തൊഴിലാളികളുടെ മുഴുവൻ കുടിശ്ശികയും തീർത്തുകഴിഞ്ഞു. മത്സ്യത്തൊഴിലാളികളെയും ഫിഷിങ് ഹാർബറുകളെയും സംരക്ഷിക്കുന്നതിനും മത്സ്യബന്ധനം ആധുനിക രീതിയിലാക്കുന്നതിനുമുള്ള സഹായം വേണം. മണ്ണെണ്ണയ്ക്ക് 40 രൂപ വിലയുള്ളപ്പോഴാണ് ഉമ്മൻചാണ്ടി സർക്കാർ 25 രൂപ സബ്സിഡി അനുവദിച്ചത്. മണ്ണെണ്ണയുടെ വില 130 രൂപയും 140 രൂപയുമായ കാലത്തും സബ്സിഡി 25 രൂപ തന്നെയായിരുന്നു. ഒരു രൂപപോലും കൂട്ടിയില്ല. ഇപ്പോൾ ഈ സർക്കാർ മണ്ണെണ്ണയുടെ സബ്സിഡി 75 രൂപയായി ഉയർത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ ഒരു കാരണവശാലും മറക്കുകയില്ല. അവരുടെ ജീവിതത്തിനും വരാനിരിക്കുന്ന തലമുറകൾക്കും ആ മാറ്റമുണ്ടാകും. Development of Minor Ports, Coastal Protection തുടങ്ങിയവയാണ് നാം ഉദ്ദേശിക്കുന്നത്. ക്ലൈമറ്റ് ചെയിഞ്ചിന്റെ ഭാഗമായി തീരദേശത്ത് വലിയതോതിലുള്ള നഷ്ടമുണ്ടാകുന്നുണ്ട്. സ്ഥലം കടലെടുത്ത്

പോകുന്നുണ്ട്. അതിനെ നമ്മൾ പ്രൊട്ടക്ട് ചെയ്യും. ബേസിക് ഫെസിലിറ്റീസ് പോർട്ടുകളിൽ സജ്ജീകരിക്കും. ഡ്രെഡ്ജിങ് നടത്തേണ്ട സ്ഥലങ്ങളിൽ അത് നടത്തും. പുതിയ വെസൽസിന് ലൈസൻസിങ് സംവിധാനം ഈ ബില്ലിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. ഏത് പ്രോജക്ട് കൊണ്ടുവന്നാലും Environment Protection സംബന്ധിച്ച് യാതൊരു കോംപ്രൈമൈസും ഇല്ല. Environmental Impact Assessment നടത്താതെ ഒരു പ്രോജക്ടും ചെയ്യില്ല. ആർക്കെങ്കിലും ദ്രോഹകരമാകുന്ന രീതിയിലോ നമ്മുടെ പ്രകൃതിക്ക് തന്നെ ദ്രോഹകരമാകുന്ന രീതിയിലോ ഒന്നും ചെയ്യില്ല. അതെല്ലാം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയുള്ള ഒരു സമഗ്ര നിയമമാണിത്. ലോകത്ത് പല തരത്തിലുള്ള പോർട്ട് ആക്ടുകളുണ്ട്. സെൻട്രൽ പോർട്ട് ആക്ടുൾപ്പെടെയുള്ള നിരവധി നിയമങ്ങൾ ഗൃഹപാഠം ചെയ്ത് നന്നായി പഠിച്ചതിനുശേഷമാണ് സമഗ്രമായ ഈ നിയമമുണ്ടാകുന്നത്. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെതന്നെ, അംഗങ്ങൾ വളരെ നല്ലരീതിയിലുള്ള ഭേദഗതികളാണ് നൽകിയിട്ടുള്ളത്. നിയമം കുറ്റമറ്റതാക്കാൻ കഴിയുന്നത്ര ഭേദഗതികൾ സ്വീകരിക്കുകയും ചെയ്യും. കഴിഞ്ഞ ദിവസം സഭയിലെടുത്ത

2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബില്ലിൽ റെക്കോർഡ് എന്നതുപോലെ ഭേദഗതികളുണ്ടായി. നിയമനിർമ്മാണത്തിൽ നിയമസഭാംഗങ്ങൾ ഇത്രയും സജീവമായി പങ്കെടുക്കുന്നത് വളരെ സന്തോഷകരമാണ്. അക്കാര്യത്തിൽ നിങ്ങളോട് പ്രത്യേകം നന്ദി പറയുന്നു. സബ്ജക്ട് കമ്മിറ്റിയിൽ പ്രതിപക്ഷാംഗങ്ങൾ ഉൾപ്പെടെ സൂചിപ്പിച്ച കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ചില കാര്യങ്ങൾക്ക്, ഉദാഹരണമായി എംപ്ലോയ്മെന്റുമായി ബന്ധപ്പെട്ട വിഷയത്തിന് അവിടെ വച്ചുതന്നെ പരിഹാരമുണ്ടാക്കി. ഇക്കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണ്. കാരണം സമഗ്രമായൊരു നിയമമാണിത്. നമ്മുടെ സംസ്ഥാനത്തിന്റെ ജാതകം മാറ്റിയെഴുതാൻ പറ്റുന്ന ഒരു പ്രോജക്ടാണ് മിഷൻ സമുദ്ര. അക്കാര്യത്തിൽ ഒരു സംശയവുമില്ല. നമുക്ക് എംപ്ലോയ്മെന്റ് ജനറേഷൻ വേണം, ഇൻവെസ്റ്റ്മെന്റ് വേണം, സംസ്ഥാന ഖജനാവിന് വരുമാനം വേണം. അതാണ് നമ്മുടെ സ്വപ്നം. അത് യാഥാർഥ്യമാക്കുവാനുള്ള കഠിനാധ്വാനവുമായി നമുക്കൊരുമിച്ച് മുന്നോട്ട് പോകാം. ഈ നിയമം

പാസ്സാക്കിയെടുക്കുന്നതിനുള്ള എല്ലാ സഹായങ്ങളും ഞാൻ അഭ്യർത്ഥിക്കുന്നു.

മി.സ്പീക്കർ: ശ്രീ. സി. കെ. കാസിം അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. കാസിം: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. കാസിം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോണി കെ. ബേബി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റോണി കെ. ബേബി: സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റോണി കെ. ബേബി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....

പ്രതിക്കൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

871. (viii)-ാം ഉപഖണ്ഡ പ്രകാരം ചേർക്കുന്ന (ഇസഡ് എഫ്എ) എന്ന നിർവ്വചനത്തിൽ " 22 എ" എന്ന അക്കത്തിനും അക്ഷരത്തിനും പകരം " 22 എ" എന്ന അക്കവും അക്ഷരവും ചിഹ്നവും ചേർക്കേണ്ടതാണ്.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "അനുബന്ധ" എന്നതിന് പകരം "അനുബന്ധിച്ചുള്ള" എന്ന് ചേർക്കുക.
198. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "ലാന്റ് ബാങ്ക്" എന്ന് വരുന്നിടത്തെല്ലാം "ലാൻഡ് ബാങ്ക്" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. വത്സരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "അനുബന്ധ" എന്നതിന് പകരം "അനുബന്ധമായുള്ള" എന്ന് ചേർക്കുക.
165. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ " ഉൾപ്പെടുന്നു" എന്നതിന് പകരം " ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

162. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ " കൺസെഷൻ" എന്നതിന് മുൻപ് " കോമ്പറ്റേറ്റീവ് ടെണ്ടറിലൂടെ തെരഞ്ഞെടുത്ത്" എന്ന് ചേർക്കുക.

178. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഫ്എ)-ൽ " എന്നാൽ" എന്നതിനു ശേഷം " ഈ ആക്ടിലെ" എന്ന് ചേർക്കുക.

208. ഖണ്ഡം 3(ix) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എച്ച്ബി)-ൽ "ഉപയോഗത്തിന്" എന്നതിന് ശേഷം "ബോർഡിന്" എന്ന് ചേർക്കുക.

215. ഖണ്ഡം 3(ix)(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എച്ച്ബി)-ൽ "നൽകേണ്ടതായ" എന്നതിന് ശേഷം "ഫീസിന്റെ" എന്ന് ചേർക്കുക.

162-ാം നമ്പർ ഭേദഗതിയിൽ 'കോമ്പറ്റേറ്റീവ് ടെണ്ടർ' എന്നതിനുപകരം 'കോമ്പറ്റേറ്റീവ് ടെണ്ടറിലൂടെ തെരഞ്ഞെടുക്കണം' എന്ന ഭേദഗതിയാണ് അവതരിപ്പിക്കുന്നത്.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

163. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ " രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി" എന്നതിന് പകരം " സംയോജിപ്പിച്ച കമ്പനി" എന്ന് ചേർക്കുക.

3. (ii) (ഡിഎ)-ൽ സൂചിപ്പിക്കുന്നത് 'രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി'

എന്നാണ്. കമ്പനീസ് ആക്ടിലെ 20-ാമത്തെ ഡെഫനിഷനിൽ സൂചിപ്പിച്ചിട്ടുള്ളത് "Company' means a company incorporated under this act' എന്നാണ്. അതായത് അവിടെ രജിസ്റ്റർ ചെയ്യുകയല്ല incorporate ചെയ്യുകയാണ്. 'രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി' എന്നതിനുപകരം ' സംയോജിപ്പിച്ച കമ്പനി' എന്നാക്കി മാറ്റണമെന്നാണ് എന്റെ പ്രൊപ്പോസൽ.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ " കൺസോർഷ്യം" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ബിനിമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 3(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ) താഴെപ്പറയും പ്രകാരം മാറ്റുക:
"(ഡിഎ) "കൺസെഷനെയർ" എന്നാൽ ബോർഡ് കൺസെഷൻ കരാർ മുഖേന ഉൾപ്പെടെ, ഇറമുഖത്തിനകത്തോ ഇറമുഖ സൗകര്യത്തിനകത്തോ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനായി ഏതെങ്കിലും അവകാശം, ലൈസൻസ്, പെർമിറ്റ് അല്ലെങ്കിൽ അംഗീകാരം നൽകിയിട്ടുള്ള ഏതൊരു വ്യക്തിയും

എന്നർത്ഥമാകുന്നതും ഇതിൽ 2013-ലെ കമ്പനീസ് ആക്ട് (2013-ലെ 18-ാം കേന്ദ്ര ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി, 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്ട് (1932-ലെ 9-ാം കേന്ദ്ര ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പങ്കാളിത്ത സ്ഥാപനങ്ങൾ, കൺസോർഷ്യം എന്നിവയും ഉൾപ്പെടുന്നു."

ശ്രീ. പി. കെ. ഫിറോസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 3(iv) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഫ്എ)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിനു പകരം " രൂപീകരിച്ച" എന്ന് ചേർക്കുക.

211. ഖണ്ഡം 3(ix)(ബി) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എച്ച്ബി)-ൽ "നൽകേണ്ടതായ" എന്നതിന് പകരം "സർക്കാർ നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

184. പ്രധാന ആക്ടിലെ വകുപ്പ് 2(യു) താഴെപ്പറയും പ്രകാരം മാറ്റുക:
" (യു) " തുറമുഖം" എന്നാൽ, കേന്ദ്രസർക്കാർ ഏതെങ്കിലും ആക്ടിൻ കീഴിൽ, അതത് സമയം അപ്രകാരം പ്രഖ്യാപിച്ച ഒരു വൻകിട തുറമുഖം അല്ലാതെയുള്ള, 2025-ലെ ഇന്ത്യൻ തുറമുഖ ആക്ടിലെ വകുപ്പ് 2(1)(u)-ൽ വിനിർദ്ദേശിച്ച പ്രകാരമുള്ളതും ഈ ആക്ട് ബാധകമായതുമായ തുറമുഖം എന്നർത്ഥമാകുന്നു;"

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതി അവതരിപ്പിക്കുന്നു.

187. പ്രധാന ആക്ടിലെ വകുപ്പ് 2(യു)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:
" (യുഎ) " ഇറമുഖ സൗകര്യം" എന്നാൽ 2025-ലെ ഇന്ത്യൻ ഇറമുഖ ആക്ടിലെ വകുപ്പ് 2(1)(v)-ൽ വിനിർദ്ദേശിച്ച പ്രകാരമുള്ളതും ഈ ആക്ട് ബാധകമായതുമായ ഇറമുഖ സൗകര്യം എന്നർത്ഥമാകുന്നു;"

<u>ശ്രീ. കല്ലട മാഹിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3(vi) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(വൈ എ)-ൽ " രൂപീകരിക്കപ്പെട്ട" എന്നതിന് പകരം " രൂപീകരിച്ച" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "സംസ്ഥാന" എന്നതിന് മുമ്പ് "കേരള" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "22 എ" എന്നതിന് പകരം "22 എ" എന്ന് ചേർക്കുക.

ശ്രീ. എ. ഡി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

205. പ്രധാന ആക്ടിലെ വകുപ്പ് 2(ഇസഡ് എച്ച്) താഴെപ്പറയും പ്രകാരം മാറ്റുക:
" (ഇസഡ് എച്ച്) " ജലയാനം" എന്നാൽ 2025-ലെ ഇന്ത്യൻ തുറമുഖ ആക്ടിലെ വകുപ്പ് 2(1)(zj)-ൽ വിനിർദ്ദേശിച്ച പ്രകാരമുള്ള ജലയാനം എന്നർത്ഥമാകുന്നു;"

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 200-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 3(viii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഇസഡ് എഫ്എ)-ൽ "രൂപീകരിച്ചിട്ടുള്ള" എന്നതിന് പകരം "രൂപീകരിച്ച" എന്ന് ചേർക്കുക.

മി.സ്പീക്കർ: 155 മുതൽ 160 വരെയുള്ള ഭേദഗതികൾ 154-ാം നമ്പർ ഭേദഗതിക്കും 166 മുതൽ 171 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ

ഭേദഗതിക്കും 173, 174 എന്നീ നമ്പർ ഭേദഗതികൾ 172-ാം നമ്പർ ഭേദഗതിക്കും 180 മുതൽ 183 വരെയുള്ള ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 185, 186 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 188, 189 എന്നീ നമ്പർ ഭേദഗതികൾ 187-ാം നമ്പർ ഭേദഗതിക്കും 191 മുതൽ 194 വരെയുള്ള ഭേദഗതികൾ 190-ാം നമ്പർ ഭേദഗതിക്കും 196, 197 എന്നീ നമ്പർ ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 201 മുതൽ 204 വരെയുള്ള ഭേദഗതികൾ 200-ാം നമ്പർ ഭേദഗതിക്കും 206, 207 എന്നീ നമ്പർ ഭേദഗതികൾ 205-ാം നമ്പർ ഭേദഗതിക്കും 209, 210 എന്നീ നമ്പർ ഭേദഗതികളും 212 മുതൽ 214 വരെയുള്ള ഭേദഗതികളും 211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. ബിനിമോൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി, 'കൺസെഷനെയർ എന്നാൽ ബോർഡ് കൺസെഷൻ കരാർ മുഖേന ഇറമുഖത്തിനകത്തോ ഇറമുഖ സൗകര്യത്തിനകത്തോ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനായി ഏതെങ്കിലും അവകാശം, ലൈസൻസ്, പെർമിറ്റ് അല്ലെങ്കിൽ അംഗീകാരം നൽകിയിട്ടുള്ള ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നതും ഇതിൽ 2013-ലെ കമ്പനീസ് ആക്ട് (2013-ലെ 18-ാം കേന്ദ്ര ആക്ട്) പ്രകാരം സംയോജിപ്പിച്ചിട്ടുള്ള കമ്പനി, 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്ട് (1932-ലെ 9-ാം കേന്ദ്ര ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പങ്കാളിത്ത സ്ഥാപനം, കൺസോർഷ്യം എന്നിവയും ഉൾപ്പെടുന്നതാണ്' എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

> "(ഡിഎ) "കൺസെഷനെയർ" എന്നാൽ ബോർഡ്, കൺസെഷൻ കരാർ മുഖേന ഇറമുഖത്തിനകത്തോ ഇറമുഖ സൗകര്യത്തിനകത്തോ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനായി ഏതെങ്കിലും അവകാശം, ലൈസൻസ്, പെർമിറ്റ് അല്ലെങ്കിൽ അംഗീകാരം

നൽകിയിട്ടുള്ള ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നതും ഇതിൽ 2013-ലെ കമ്പനീസ് ആക്ട് (2013-ലെ 18-ാം കേന്ദ്ര ആക്ട്) പ്രകാരം സംയോജിപ്പിച്ചിട്ടുള്ള കമ്പനി, 1932-ലെ ഇന്ത്യൻ പങ്കാളിത്ത ആക്ട് (1932-ലെ 9-ാം കേന്ദ്ര ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പങ്കാളിത്ത സ്ഥാപനം, കൺസോർഷ്യം എന്നിവയും ഉൾപ്പെടുന്നതുമാകുന്നു."

ശ്രീ. പി. കെ. ഫിറോസ് അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. അബിൻ വർക്കി കോടിയാട്ട് അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി, ‘ ഖണ്ഡം 3, ഉപഖണ്ഡം (vi)ൽ 'ഖണ്ഡം' എന്ന വാക്കിനു പകരം 'ഖണ്ഡങ്ങൾ' എന്ന വാക്ക് ചേർക്കേണ്ടതും, (വൈ എ) ഉപഖണ്ഡത്തിനു ശേഷം (വൈ ബി) എന്ന ഉപഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് (വൈ ബി) 'തുറമുഖ സൗകര്യം' എന്നാൽ 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്ട് (2025-ലെ 27-ാം കേന്ദ്ര ആക്ട്) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (വി) ഖണ്ഡത്തിൽ തുറമുഖസൗകര്യം എന്നർത്ഥമാകുന്നതും അതിൽ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയും മാരിടൈം മേഖലയുമായോ അനുബന്ധ പ്രവർത്തനവുമായോ ബന്ധപ്പെട്ട പ്രദേശവും ഉൾപ്പെടുന്നതുമാണ് എന്ന

ഭേദഗതിയോടെ സ്വീകരിക്കുന്നു.

ശ്രീ. കല്ലട മാഹിൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. എ. ഡി. തോമസ് അവതരിപ്പിച്ച 205-ാം നമ്പർ ഭേദഗതി, '(ഇസഡ് എച്ച്) ജലയാനം എന്നാൽ 2025-ലെ ഇന്ത്യൻ പോർട്ട്സ് ആക്ടിലെ (2025-ലെ 27-ാം കേന്ദ്ര ആക്ട്) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇസഡ് ജെ) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ജലയാനം എന്നർത്ഥമാകുന്നു' എന്ന ദേഗതിയോടെ സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 871, 200 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച 163, 179, 190, എന്നീ നമ്പർ ഭേദഗതികളും ഭേദഗതിയോടുകൂടി സ്വീകരിച്ച 172, 187, 205 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 153, 198 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ് അവതരിപ്പിച്ച 154, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 162, 178, 208, 215 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ഫിറോസ് അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ii)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;
" (iii) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി: വൈസ് ചെയർപേഴ്സൺ"

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(x)-ൽ " നിയമ സെക്രട്ടറി" എന്നതിന് പകരം " ഗവൺമെന്റ് സെക്രട്ടറി" എന്ന് ചേർക്കുക.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

219. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(x)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;
" (xi) ഗവൺമെന്റ് സെക്രട്ടറി
(തദ്ദേശസ്വയംഭരണ വകുപ്പ്) : എക്സ്-ഒഫിഷ്യോ അംഗം"

<u>ശ്രീ. എഫ്. രാജ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)(xiv)-ൽ "ഭാരതത്തിന്റെ" എന്നതിന് പകരം "ഇന്ത്യൻ" എന്ന് ചേർക്കുക.

<u>ശ്രീമതി രമ്യ ഹരിദാസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)(xiv)-ൽ "ഭാരതത്തിന്റെ" എന്നതിന് പകരം "ഭാരതീയ" എന്ന് ചേർക്കുക.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(xv)-ൽ " തീര കടലിന്റെയും" എന്നതിന് പകരം " തീരക്കടലിന്റെയും" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(xvi)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.
" (xvii) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രതിനിധി: എക്സ്-ഓഫിഷ്യോ അംഗം"

ശ്രീ. സിറിയക് തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(xvii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.
" (xviii) കൊച്ചിൻ ഷിപ്യാർഡ് പ്രതിനിധി- എക്സ്-ഒഫീഷ്യോ അംഗം"

ശ്രീമതി ഫാത്തിമ തഹിലിയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

235. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(xviii)-ൽ " നാല്" എന്നതിന് പകരം " അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

243. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ " മാരിടൈം നിയമങ്ങൾ" എന്നതിന് ശേഷം " അല്ലെങ്കിൽ ഓഷ്യാനോഗ്രാഫി" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

249. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ " നിയമങ്ങൾ" എന്നതിനു ശേഷം " വിവര സാങ്കേതികവിദ്യ" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

250. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ " നിയമങ്ങൾ" എന്നതിനു ശേഷം " പരിസ്ഥിതി ശാസ്ത്രജ്ഞൻ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

252. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(5)-ൽ " ഏതെങ്കിലും മേഖലയിൽ" എന്നതിന് ശേഷം "നിശ്ചിത യോഗ്യതയും" എന്ന് ചേർക്കുക.

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

253. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(6)-ൽ " പരമാവധി" എന്നതിന് മുൻപ് "നാമനിർദ്ദേശം ചെയ്ത തീയതി മുതൽ" എന്ന് ചേർക്കുക.

255. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ 6-ാം ഉപവകുപ്പിന് ശേഷം 7-ാം ഉപവകുപ്പ് ആയി താഴെ പറയുന്നവ ചേർക്കുക;

"(7) നിലവിൽ പ്രബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചെയർപേഴ്സന്റെയോ വൈസ്-ചെയർപേഴ്സന്റെയോ ബോർഡ് അംഗത്തിന്റെയോ സ്ഥാനം ലാഭകരമായ ഒരു പദവിയായി കണക്കാക്കപ്പെടുന്നതല്ല."

ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പിൽ പറയുന്നത് 'ഇനം പ്രകാരം നാമനിർദേശം ചെയ്യപ്പെടുന്ന

അംഗങ്ങളുടെ കാലാവധി പരമാവധി മൂന്ന് വർഷമായിരിക്കുന്നതാണ് . ഒരു ആക്ടിൽ അതിന്റെ കാലാവധി സ്പെസിഫികായി പറയേണ്ടതുണ്ട്. അതിനാൽ എന്റെ ഭേദഗതി ഇനം പ്രകാരമുള്ള നാമനിർദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി നാമനിർദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷമായിരിക്കും എന്നതാണ് ആദ്യത്തെ ഭേദഗതി. രണ്ടാമത്തേത് ഈ വകുപ്പിൽ Office of Profit-ന്റെ പ്രശ്നം വരുന്നുണ്ട്. ചെയർപേഴ്സൺ ആയി മുഖ്യമന്ത്രിയും വൈസ് ചെയർപേഴ്സൺ ആയി ഉറമുഖ വകുപ്പുമന്ത്രിയുമാണ് വരുന്നത്. Office of Profit-ന്റെ ഒരു പ്രൊട്ടക്ഷൻ ലഭിക്കാൻ വേണ്ടിയുള്ള ഭേദഗതിയാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

254. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(6)-ൽ " പരമാവധി മൂന്നു വർഷമായിരിക്കുന്നതാണ്" എന്നതിന് പകരം "മൂന്ന് വർഷത്തിൽ കവിയാൻ പാടില്ലാത്തതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 222, 223 എന്നീ നമ്പർ ഭേദഗതികൾ 221-ാം നമ്പർ

ഭേദഗതിക്കും 225, 226 എന്നീ നമ്പർ ഭേദഗതികൾ 224-ാം നമ്പർ ഭേദഗതിക്കും 228, 229 എന്നീ നമ്പർ ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 232, 233 എന്നീ നമ്പർ ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്കും 236 മുതൽ 239 വരെയുള്ള ഭേദഗതികൾ 235-ാം നമ്പർ ഭേദഗതിക്കും 244 മുതൽ 248 വരെയുള്ള ഭേദഗതികൾ 243-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. അബിൻ വർക്കി കോടിയാട്ട് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതിയും ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതിയും ഞാൻ സ്വീകരിക്കുന്നു. ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി

താഴെപ്പറയുന്ന ഭേദഗതിയോടെ അവതരിപ്പിക്കുന്നു.

"(7) നിലവിൽ പ്രബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വിദഗ്ധ അംഗങ്ങൾ ഒഴികെയുള്ള ബോർഡ് അംഗങ്ങളുടെ സ്ഥാനം ലാഭകരമായ ഒരു പദവിയായി കണക്കാക്കപ്പെടുന്നതല്ല."

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച ഭേദഗതികളും ഭേദഗതിയോടുകൂടി അവതരിപ്പിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എഫ്. രാജ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി രമ്യ ഹരിദാസ് അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സിറിയക് തോമസ് അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഫാത്തിമ തഹിലിയ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ " പ്രവർത്തിക്കേണ്ടതാണ്" എന്നതിന് പകരം " ചുമതല നിർവ്വഹിക്കേണ്ടതാണ്" എന്ന് ചേർക്കുക.

263. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "കാരണത്താലോ അല്ലാതെയോ" എന്നതിന് പകരം "ഏതെങ്കിലും കാരണത്താൽ" എന്ന് ചേർക്കുക.

264. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഒഴിവുണ്ടെങ്കിൽ" എന്നതിന് പകരം "ഒഴിഞ്ഞുകിടക്കുന്ന പക്ഷം" എന്ന് ചേർക്കുക.

273. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " ആവശ്യമായി വരികയും" എന്നതിന് പകരം " ചേരേണ്ട സാഹചര്യം ഉണ്ടാകുകയും" എന്ന് ചേർക്കുക.

287. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " ആദ്ധ്യക്ഷ്യം" എന്നതിന് പകരം " അദ്ധ്യക്ഷത" എന്ന് ചേർക്കുക.

<u>ശ്രീ. ജ്യോതികുമാർ ചാമക്കാല</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "രാജി കാരണത്താലോ അല്ലാതെയോ ചെയർപേഴ്സൺ സ്ഥാനം ഒഴിവുണ്ടെങ്കിൽ അങ്ങനെയുള്ള" എന്നതിന് പകരം "രോഗത്താലോ മറ്റ് ന്യായമായ കാരണത്താലോ ചെയർപേഴ്സൺ ബോർഡ് യോഗങ്ങളിൽ സന്നിഹിതനാകാൻ സാധിക്കാത്ത" എന്ന് ചേർക്കുക.

രാജി കാരണത്താലോ അല്ലാതെയോ ചെയർപേഴ്സൺ സ്ഥാനം ഒഴിയുന്നുണ്ടെങ്കിൽ അങ്ങനെയുള്ള സാഹചര്യത്തിൽ വൈസ് ചെയർപേഴ്സൺ ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ് എന്നാണ്. ഇവിടത്തെ പ്രശ്നം, ബോർഡിന്റെ ചെയർപേഴ്സണായി തീരുമാനിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വൈസ് ചെയർപേഴ്സണായി തീരുമാനിച്ചിരിക്കുന്നത് തുറമുഖ വകുപ്പ് മന്ത്രിയേയുമാണ്. നിലവിൽ തുറമുഖ വകുപ്പ് കൈകാര്യം ചെയ്യുന്നത് മുഖ്യമന്ത്രിതന്നെയായതിനാൽ അദ്ദേഹം രാജിവച്ചാൽ സ്വാഭാവികമായും വൈസ് ചെയർപേഴ്സണും മന്ത്രിസഭയും ഉണ്ടാകിയില്ല. അതുകൊണ്ടുതന്നെ ഞാൻ ഭേദഗതിയായി കൊണ്ടുവരുന്നത് "രോഗത്താലോ മറ്റ് ന്യായമായ കാരണത്താലോ ചെയർപേഴ്സന് ബോർഡ് യോഗങ്ങളിൽ സന്നിഹിതനാകാൻ സാധിക്കാത്ത" സാഹചര്യത്തിൽ വൈസ് ചെയർപേഴ്സൺ ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ്, എന്നാണ്.

ശ്രീ. കെ. ബിനിമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

265. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ഒഴിവുണ്ടെങ്കിൽ" എന്നതിന് പകരം "ഒഴിയുകയാണെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

274. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " വരുന്നിടത്ത്" എന്നതിന് പകരം " വരുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന

ഭേദഗതി

അവതരിപ്പിക്കുന്നു.

286. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ " ചീഫ് സെക്രട്ടറി" എന്നതിന് മുമ്പ് " ഗവൺമെന്റ്" എന്ന് ചേർക്കുക.

മി.സ്പീക്കർ: 266, 267 എന്നീ നമ്പർ ഭേദഗതികൾ 265-ാം നമ്പർ

ഭേദഗതിക്കും 275 മുതൽ 278 വരെയുള്ള ഭേദഗതികൾ 274-ാം നമ്പർ

ഭേദഗതിക്കും 288 മുതൽ 290 വരെയുള്ള ഭേദഗതികൾ 287-ാം നമ്പർ

ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി താഴെപ്പറയും പ്രകാരം ഭേദഗതിയോടെ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "രാജി കാരണത്താലോ അല്ലാതെയോ ചെയർപേഴ്സൺ സ്ഥാനം ഒഴിവുണ്ടെങ്കിൽ അങ്ങനെയുള്ള" എന്നതിന് പകരം "മറ്റ് കാരണങ്ങളാൽ ചെയർപേഴ്സണ് ബോർഡ് യോഗങ്ങളിൽ സന്നിഹിതനാകാൻ സാധിക്കാത്ത" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതിയും ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ഭേദഗതി ചെയ്ത 262-ാം നമ്പർ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും

സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചതും ഭേദഗതിയോടുകൂടി സ്വീകരിച്ചതുമുൾപ്പെടെയുള്ള ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 261, 263, 264, 273, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബിനിമോൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

291. ഖണ്ഡം 6-ൽ "വിട്ടുകളയേണ്ടതാണ്" എന്നതിന് പകരം "ഒഴിവാക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

872. 7-ാം ഖണ്ഡ പ്രകാരം പുതുതായി ചേർക്കുന്ന 7 എ വകുപ്പിൽ,-

(i) (ഇസഡ് സി) ഉപവകുപ്പിൽ "തുറമുഖ പ്രവേശന ഭാഗങ്ങളുടെയോ" എന്ന വാക്കുകൾക്ക് പകരം "തുറമുഖപ്രവേശങ്ങളുടെയോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) (ഇസഡ് പി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" (ഇസഡ് പി) യാനം, ഉൾനാടൻ ജലയാനം, ബാർജ്, യാട്ട്, ബോട്ട്, ടഗ്, ഡ്രെഡ്ജർ, ജെട്ടി, തുറമുഖം, വാർഫ്, മൂറിങ് എന്നിവയ്ക്ക് ബാധകമാകുന്ന അതത് നിയമങ്ങളിലെയും അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവിധ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ എന്നിവ നൽകുക;" .

(iii) (ഇസഡ് ക്യു) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

" (ഇസഡ് ക്യു) ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന തുറമുഖേതര ഭൂമികളുടെ ഉൽപാദനപരമായ ഉപയോഗത്തിനായി, കേന്ദ്ര

പരിസ്ഥിതി സംരക്ഷണ നിയമത്തിലെയും തീരദേശ പരിപാലന നിയമങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി സംയോജിത ടൗൺഷിപ്പുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക;" .

ശ്രീ. ഫൈസൽ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

292. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എ)-ൽ "മേഖലയ്ക്കായി " എന്നതിന് പകരം "വികസന" എന്ന് ചേർക്കുക.

392. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ജെ)-ൽ " പരിഷ്കരിക്കുകയും" എന്നതിന് പകരം " പുതുക്കുകയും" എന്ന് ചേർക്കുക.

465. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(പി)-ൽ " പ്രാബല്യത്തിലുള്ള" എന്നതിന് പകരം " നിലവിലുള്ള" എന്ന് ചേർക്കുക.

492. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ക്യു)-ൽ "സമാഹരിക്കുക" എന്നതിന് പകരം "പിരിച്ചെടുക്കുക" എന്ന് ചേർക്കുക.

532. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഡബ്ല്യു)-ൽ "സർക്കാരിലേക്ക്" എന്നതിന് പകരം "സർക്കാരിന്റെ" എന്ന് ചേർക്കുക.

592. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് സി)-ൽ " പ്രവർത്തനങ്ങൾ" എന്നതിന് പകരം " നടപടികൾ" എന്ന് ചേർക്കുക.

632. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇസഡ് ഐ)-ൽ " ചെയ്യുകയും" എന്നതിന് പകരം " ചെയ്തത്" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

309. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എ)-ൽ " ആരംഭിക്കുന്നതിനും" എന്നതിന് പകരം " ആവിഷ്കരിക്കുന്നതിനും" എന്ന് ചേർക്കുക.

310. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എ)-ൽ " പുറപ്പെടുവിക്കുക" എന്നതിന് പകരം " നൽകുക" എന്ന് ചേർക്കുക.

329. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(സി)-ൽ " മെച്ചപ്പെടുത്തൽ" എന്നതിന് പകരം "നവീകരണം" എന്ന് ചേർക്കുക.

330. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഡി)-ൽ " ഫലപ്രദമായ" എന്നതിന് പകരം "കാര്യക്ഷമമായ" എന്ന് ചേർക്കുക.

331. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഡി)-ൽ " ഉറപ്പാക്കുക" എന്നതിന് പകരം "സുനിശ്ചിതമാക്കുക" എന്ന് ചേർക്കുക.

337. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ഇ)-ൽ " ആവിഷ്കരിക്കുക" എന്നതിന് പകരം " രൂപീകരിക്കുക" എന്ന് ചേർക്കുക.

343. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എഫ്)-ൽ "ഉചിതമെന്ന് കരുതുന്ന" എന്നതിന് പകരം "അനുയോജ്യമായ" എന്ന് ചേർക്കുക.

366. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എച്ച്)-ൽ " പ്രവർത്തനങ്ങൾ" എന്നതിന് പകരം " നടപടികൾ" എന്ന് ചേർക്കുക.

378. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ജെ)-ൽ " അതതു സമയങ്ങളിൽ" എന്നതിന് പകരം " കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

384. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ജെ)-ൽ " പരിശോധിക്കുകയും പരിഷ്കരിക്കുകയും" എന്നതിന് പകരം " അവലോകനം ചെയ്യുകയും പുതുക്കുകയും" എന്ന് ചേർക്കുക.

432. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എം)-ൽ "എല്ലാ വിവരങ്ങളും സർക്കാരിനു നൽകുക" എന്നതിന് പകരം "ആവശ്യമായ വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കുക" എന്ന് ചേർക്കുക.

437. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എൻ)-ൽ " തത്സമയം" എന്നതിന് പകരം " നിലവിൽ" എന്ന് ചേർക്കുക.

464. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(പി)-ൽ " തത്സമയം" എന്നതിന് പകരം " നിലവിൽ" എന്ന് ചേർക്കുക.

470. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(പി)-ൽ " നിശ്ചയിക്കുന്ന" എന്നതിന് പകരം " നിർണ്ണയിക്കുന്ന" എന്ന് ചേർക്കുക.

477. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(പി)-ൽ "കടൽത്തീരം" എന്നതിന് പകരം "തീരപ്രദേശം" എന്ന് ചേർക്കുക.

489. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(ക്യു)-ൽ "ചെയ്തതിൻ പ്രകാരമുള്ള" എന്നതിന് പകരം "ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

509. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എസ്)-ൽ "കപ്പൽ നിർമ്മാണം" എന്നതിന് പകരം "കപ്പൽനിർമ്മാണം" എന്ന് ചേർക്കുക.

515. ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7 എ(എസ്)-ൽ " റിപ്പയറിംഗ്" എന്നതിന് പകരം " അറ്റകുറ്റപ്പണി" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 874-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 854-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 856-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ശശി അവതരിപ്പിച്ച 857-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

858. ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 103 എ-ൽ " അതത് സമയങ്ങളിൽ" എന്നതിന് പകരം " സർക്കാർ കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

863. ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 103 എ-ൽ " അല്ലെങ്കിൽ ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ" എന്നതിന് പകരം " ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റ് തുടങ്ങി സമാന സ്വഭാവത്തിലുള്ള നിർമ്മിതികളുടെ" എന്ന് ചേർക്കുക.

866. ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 103 എ-യുടെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
" എന്നാൽ ഇവയുടെ പ്രവർത്തനം ഒരു തരത്തിലും ജലാശയങ്ങളെ മലിനമാക്കുന്നില്ല എന്നും ജലാശയങ്ങളിലെ ആവാസവ്യവസ്ഥകൾക്ക് ദോഷകരമാകുന്നില്ല എന്നും ബോർഡ് ഉറപ്പു വരുത്തേണ്ടതാണ്."

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

865. ഖണ്ഡം 18 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 103 എ-ൽ " രജിസ്ട്രേഷൻ" എന്നതിന് ശേഷം " ,രജിസ്ട്രേഷൻ," എന്ന് ചേർക്കുക.

മി. സ്പീക്കർ: 859 മുതൽ 862 വരെയുള്ള ഭേദഗതികൾ 858-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച 863-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ഗീതാ ഗോപി അവതരിപ്പിച്ച 858-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 866-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 865-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

875. ഖണ്ഡം 19 (i) താഴെപ്പറയും പ്രകാരം മാറ്റുക.

" (എ) 15 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന എൻഫോഴ്സ്മെന്റ് വിങ്ങിന്റെ ഘടന, പ്രവർത്തനം, ചുമതലകൾ, അധികാരങ്ങൾ എന്നിവ;

(എഎ) 17 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥർക്കും
ജീവനക്കാർക്കും ഓപ്ഷൻ നൽകുന്നതിനുള്ള ഫാറം;" .

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

867. ഖണ്ഡം 19(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 106(2)(ബി എ)-ൽ "ലാന്റ്" എന്നതിന് പകരം "ലാൻഡ്" എന്ന് ചേർക്കുക.

869. ഖണ്ഡം 19(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 106(2)(ഡി എ)-ൽ "രജിസ്ട്രേഷൻ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

868. ഖണ്ഡം 19(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 106(2)(ഡി എ)-ൽ "അല്ലെങ്കിൽ ഹോട്ടിങ്ങ് റെസ്റ്റോറന്റ് എന്നിവയുടെ" എന്നതിന് പകരം "ഹോട്ടിങ്ങ് റെസ്റ്റോറന്റ് തുടങ്ങി സമാന സ്വഭാവത്തിലുള്ള നിർമ്മിതികളുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 868- ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച 875-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 868- ാംനമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ ഷൗക്കത്ത് അവതരിപ്പിച്ച 867, 869 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

870. ഖണ്ഡം 20-ൽ "യഥാക്രമം "കേരളം", "ചെയർപേഴ്സൺ", "വൈസ് ചെയർപേഴ്സൺ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്" എന്നതിന് പകരം " "കേരളം", "ചെയർപേഴ്സൺ", "വൈസ് ചെയർപേഴ്സൺ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹു. മുഖ്യമന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജ്യോതികുമാർ ചാമക്കാല അവതരിപ്പിച്ച 870-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കയാൽ" എന്ന് ചേർക്കുക.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. തത്വപ്രഖ്യാപന വാക്യത്തിൽ " താഴെപ്പറയും" എന്നതിന് പകരം " താഴെക്കാണുന്ന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:
"(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്".

മി. സ്പീക്കർ: 110 മുതൽ 124 വരെയുള്ള ഭേദഗതികളും 135 മുതൽ 140 വരെയുള്ള ഭേദഗതികളും ചട്ടം 82 (iii) പ്രകാരം ക്രമാനുസൃതമല്ല. 126 മുതൽ 129 വരെയുള്ള ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 131 മുതൽ 134 വരെയുള്ള ഭേദഗതികൾ 130-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹു. മുഖ്യമന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. റഹ്മത്തുള്ള അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഈ ബില്ലിന്റെ അവതരണഘട്ടത്തിൽ തന്നെ വിയോജനക്കുറിപ്പിന്റെ ഭാഗമായി ഞങ്ങൾ ചില കാര്യങ്ങൾ ഉന്നയിച്ചിരുന്നു. അവിടെത്തന്നെയാണ് ഇപ്പോഴും കാര്യങ്ങൾ നിൽക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 21 ഉറപ്പുനൽകുന്ന ജീവിക്കാനും ഉപജീവനത്തിനുമുള്ള മൗലികാവകാശത്തെ അട്ടിമറിക്കുന്നതാണ് ഇപ്പോൾ പാസ്സാക്കിയെടുക്കാൻ പോകുന്ന 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ. സംസ്ഥാനത്തിന്റെ 590 കിലോമീറ്റർ തീരദേശത്ത് ചതുരശ്ര കിലോമീറ്ററിൽ 2500-ൽ അധികം പേർ തിങ്ങിപ്പാർക്കുന്ന അവസ്ഥയാണ്. അങ്ങനെയുള്ള 222 മത്സ്യബന്ധന ഗ്രാമങ്ങളിലെ പത്ത് ലക്ഷത്തിലധികം മനുഷ്യരെ കടുത്ത ആശങ്കയിലും അരക്ഷിതാവസ്ഥയിലുമാക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകൾ. തീരദേശവാസികളായ ഈ ജനത പാരമ്പര്യമായി കാത്തുസൂക്ഷിച്ച മണ്ണും കടലും കേവലം വാണിജ്യ താല്പര്യങ്ങൾക്കായി പിടിച്ചെടുക്കാനാണ് ഇതിൽ വ്യവസ്ഥ ചെയ്യുന്നത്. അത് നേരിട്ട് തകർക്കുന്നത് ഒരു ജനവിഭാഗത്തിന്റെ

നിലനിൽപ്പും ഉപജീവനവുമായിരിക്കും. ബില്ലിൽ ലാൻഡ് ബാങ്ക് രൂപീകരിക്കാൻ നിർദ്ദേശമുണ്ട്. 22 (എ) വകുപ്പുപ്രകാരം മറ്റു വകുപ്പുകളുടെ ഭൂമി പിടിച്ചെടുത്ത് ലാൻഡ് ബാങ്ക് രൂപീകരിക്കുകയാണ്. കൂടിയൊഴിപ്പിക്കപ്പെടുന്നത് വള്ളം കയറ്റിവയ്ക്കാനും വല ഉണക്കാനും യാനങ്ങൾ നന്നാക്കാനും തലമുറകളായി മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചുവരുന്ന തീരങ്ങളായിരിക്കും. മത്സ്യബന്ധന തുറമുഖങ്ങളും ലാൻഡിങ് സെന്ററുകളും ഇല്ലാതാക്കി അവിടെ സംയോജിത ടൗൺഷിപ്പുകളും സ്വകാര്യ പദ്ധതികളും വന്നാൽ പരമ്പരാഗത തൊഴിലാളികൾക്ക് കടലിലേയ്ക്കുള്ള സ്വാഭാവിക പ്രവേശനം എന്നന്നേക്കുമായി നഷ്ടപ്പെടുന്ന അവസ്ഥയാണുണ്ടാവുക. കടലിനെ മാത്രം ആശ്രയിച്ച് കഴിയുന്ന രണ്ട് ലക്ഷത്തിലധികം കുടുംബങ്ങളെ ഇത് പ്രതികൂലമായി ബാധിക്കും. അവരെ സ്വന്തം ആവാസ വ്യവസ്ഥയിൽനിന്നും ആട്ടിപായിച്ച് തൊഴിൽരഹിതരാക്കുന്ന അതീവ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് ഈ ബിൽ സൃഷ്ടിക്കുക. അതുപോലെ, മത്സ്യബന്ധനം പരമ്പരാഗതമായി നടത്തുന്ന കായലുകളിലും തീരക്കടലിലും വാട്ടർഫ്രണ്ട്

റോയൽറ്റി ഈടാക്കാനുള്ള വ്യവസ്ഥ തീർത്തും മനുഷ്യത്വരഹിതമായ ഒന്നാണ്. പ്രകൃതിദത്തമായ ജലാശയങ്ങളിൽ അധ്വാനിച്ച് ജീവിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കുമേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുന്നത് അവരുടെ തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. അതുമാത്രമല്ല, ഇവിടെ പരിശോധനകളുടെ പേരിൽ ബോർഡിന്റെ ഉദ്യോഗസ്ഥർക്ക് അമിതാധികാരങ്ങൾ നൽകുകയാണ്. അത് തീരദേശത്ത് നിരന്തരമായ പീഡനങ്ങൾക്കും ഭയപ്പാടിനും വഴിവയ്ക്കും. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്ര സഞ്ചാരവും തൊഴിലും നിയന്ത്രിക്കുന്നത് നിയമവാഴ്ചയ്ക്ക് നിരക്കുന്ന ഒന്നായിരിക്കില്ല. തീരദേശം എന്തുകൊണ്ടാണ് ആകർഷകമാകുന്നതെന്ന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ധാതുസമ്പത്താണ് പ്രശ്നം. അത് കൊള്ളയടിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ലാഭക്കൊതിയന്മാരായ കോർപ്പറേറ്റുകൾ വരാൻ തയ്യാറായി നിൽക്കുന്നുണ്ട്. അവർക്ക് സർക്കാർ

ചെലവിൽ വാതിൽ തുറന്നുകൊടുക്കുന്ന ഒന്നാണ് 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ എന്ന് ആശങ്കപ്പെടുകയാണ്.

പൊതുസ്വകാര്യ പങ്കാളിത്തത്തെ വലിയ തോതിൽ ആകർഷകമായി ഈ സർക്കാർ കാണുന്നുണ്ട്. പക്ഷേ, അങ്ങനെ ആരംഭിക്കുന്ന പദ്ധതികൾക്ക് കാലപരിധിപോലും വേണ്ടെന്നാണ് വയ്ക്കുന്നത്. അതായത് എന്നന്നേക്കുമായി ഈ ഭൂമി സ്വകാര്യ കോർപ്പറേറ്റ് ശക്തികൾക്ക് അടിയറ വയ്ക്കാനുള്ള വ്യവസ്ഥയാണ് ഇതിൽ വന്നിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇത്തരം പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ പുതുതായി രൂപീകരിക്കുന്ന ഒരു സംവിധാനത്തിലും തീരദേശത്തെ ജനങ്ങളുടെ പ്രതിനിധികളില്ല; പഞ്ചായത്തുകളില്ല; പഞ്ചായത്ത് സെക്രട്ടറിയില്ല; തദ്ദേശസ്വയംഭരണ വകുപ്പിന്റെ മന്ത്രിയില്ല; റവന്യൂ വകുപ്പില്ല; റവന്യൂ മന്ത്രിയും സെക്രട്ടറിയും ഇല്ല; ഫിഷറീസ് വകുപ്പില്ല; ഫിഷറീസ് വകുപ്പിന്റെ മന്ത്രിയും സെക്രട്ടറിയും ഇല്ല; മത്സ്യത്തൊഴിലാളികളുടെ പൊടിപോലുമില്ല. തീരദേശത്ത് അനേകം സംഘടനകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഒരു സംഘടനയ്ക്കും ഇതിൽ ഒരക്ഷരവും പറയാനുള്ള അവസരമില്ല. ഇത് നമ്മുടെ തീരദേശത്തെ

കോർപ്പറേറ്റ് മാഫിയകൾക്ക് തീറെഴുതി കൊടുക്കാനുള്ള സമ്മതപത്രമാണ്. ഇത് അംഗീകരിക്കാൻ കഴിയില്ല. ഈ ബില്ലിനോട് ഒരു തരത്തിലും യോജിക്കാനാവില്ല, തുടർന്നുള്ള നടപടിയുമായി സഹകരിക്കാനും ഞങ്ങൾ സന്നദ്ധമല്ലെന്ന് അറിയിക്കുകയാണ്. .....(ബഹളം).....

(ബില്ലിനോടുള്ള വിയോജിപ്പ് പ്രകടിപ്പിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ സ്വപ്ന പദ്ധതിയായ 'മിഷൻ സമുദ്ര'-യ്ക്കെതിരായി പ്രതിപക്ഷം നടത്തുന്ന ഈ പ്രകടനം ഒരു വിസ്മയവുമുണ്ടാക്കുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സംസാരിച്ചപ്പോൾ പറഞ്ഞത് വിഴിഞ്ഞം തുറമുഖം പൂർത്തിയാക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി ഞങ്ങൾക്ക് മാറാൻ കഴിഞ്ഞുവെന്നതിൽ അഭിമാനമുണ്ടെന്നാണ്. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. സർക്കാർ വിഴിഞ്ഞം തുറമുഖം കേരളത്തിൽ കൊണ്ടുവന്നപ്പോൾ ആറായിരം കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണെന്ന് പറഞ്ഞ പ്രതിപക്ഷനേതാവാണ് ഇന്ന് 'മിഷൻ

സമുദ്ര'-യെ എതിർക്കുന്നത്. അതിൽ ഒരു അത്ഭുതവുമില്ല. ഇന്ന് കേരളത്തിന്റെ വികസനത്തിന്റെ കവാടമായി മാറിയ വിഴിഞ്ഞം തുറമുഖം ഉമ്മൻ ചാണ്ടി സർക്കാർ കൊണ്ടുവന്നപ്പോൾ അതിനെ ശക്തിയായി എതിർത്ത പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. പിണറായി വിജയൻ. 'കടൽക്കൊള്ള' എന്നാണ് ദേശാഭിമാനിയുടെ ഫ്രണ്ട് പേജിൽ പറഞ്ഞത്. ആ പത്രം ഞങ്ങളുടെ കൈയിലുണ്ട്. അതേ മുദ്രാവാക്യമാണ് ഇന്ന് വിളിച്ചത്. 'കടൽ കൊള്ളയടിക്കുന്നു' എന്നാണ് പറഞ്ഞത്. അന്നും പറഞ്ഞു മത്സ്യത്തൊഴിലാളികളെ കുടിയിറക്കുമെന്ന്. ഇതെല്ലാം പറഞ്ഞവർ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായപ്പോൾ അദാനി ഞങ്ങളുടെ പാർട്നറാണെന്ന് പ്രസംഗിച്ചു. ഈ വിരോധാഭാസം, ഈ വികസന വിരുദ്ധത കേരളം കാണുന്നുണ്ട്. ഉമ്മൻ ചാണ്ടി തല കുനിക്കാതിരുന്നതുപോലെ; ആ സർക്കാർ തലകുനിക്കാതിരുന്നതുപോലെ ഈ സർക്കാരും ഇത്തരം ഭീഷണികളുടെ മുന്നിൽ മുട്ടുമടക്കില്ല. ഇത് കേരളത്തിനുവേണ്ടിയാണ്; കേരളത്തിന്റെ തീരപ്രദേശത്തിനുവേണ്ടിയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി തുകപോലും

വർധിപ്പിക്കാത്ത ആളുകൾ; അത് വർധിപ്പിക്കാൻ യു.ഡി.എഫ്. സർക്കാർ വരേണ്ടി വന്നില്ലേ? പത്ത് കൊല്ലം മുമ്പ് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മണ്ണെണ്ണ വില 40/- രൂപ ആയിരുന്നപ്പോൾ 25/- രൂപ സബ്സിഡി നൽകിയിരുന്നു. മത്സ്യത്തൊഴിലാളികളോട് സ്നേഹം കാണിക്കുന്ന എൽ.ഡി.എഫ് സർക്കാർ പത്തുവർഷം ഭരിച്ചിട്ടും സബ്സിഡി തുക വർധിപ്പിച്ചോ? അതിന് യു.ഡി.എഫ്. സർക്കാർ വരേണ്ടിവന്നു. 40/- രൂപ ആയിരുന്ന മണ്ണെണ്ണയ്ക്ക് ഇപ്പോൾ 140/-രൂപയായി. യു.ഡി.എഫ്. സർക്കാരാണ് സബ്സിഡി 75/- രൂപയാക്കിയത്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വിഴിഞ്ഞത്ത് അഞ്ഞൂറ്റി ചില്വാനം കോടി രൂപയുടെ പദ്ധതിക്കാണ് സർക്കാർ തറക്കല്ലിട്ടത്. ആ പ്ലാനിന്റെ പദ്ധതിതുക കുറഞ്ഞപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കുറവ് വരുതെന്ന് കരുതി 50 കോടി രൂപ അഡീഷണൽ തുക ബജറ്റിൽ നീക്കിവച്ച സർക്കാരാണിത്. അവരുടെ കുഞ്ഞുങ്ങൾ എന്നും അതുപോലെ ജീവിക്കണമെന്നാണ് ഇടതുപക്ഷം ആഗ്രഹിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം യു.ഡി.എഫ്. സർക്കാർ ഉയർത്തുകതന്നെ ചെയ്യും. തീരപ്രദേശത്തെ

പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളും ഈ തുറമുഖ നഗരത്തിന്റെ ഭാഗമായി, അവർ അഭിമാനത്തോടെ മിടുക്കരായും വിദഗ്ധരായും വളർന്ന് ഉയർന്ന ശമ്പളം ലഭിക്കുന്നവരായി മാറി കുടുംബത്തിൽ മാറ്റം കൊണ്ടുവരാനുള്ള പദ്ധതിയാണ് 'മിഷൻ സമുദ്ര' . എത്രപറഞ്ഞാലും കോർപ്പറേറ്റ്വൽക്കരണം, കോർപ്പറേറ്റ്വൽക്കരണം എന്ന വാക്കുകേട്ട് കേരളം മടുത്തു. ഇൻവെസ്റ്റേഴ്സ് മീറ്റിൽ പോയി ആളുകളെ സ്വാഗതം ചെയ്ത ആളുകളാണ് ഇടതുപക്ഷക്കാർ. കേരളത്തിലെ ഒരു സർക്കാരിന് ഏതെങ്കിലും കാലത്ത് ഈ പതിനെട്ട് മിനി പോർട്ടുകൾ/മൈനർ പോർട്ടുകൾ ഡെവലപ് ചെയ്യാൻ കഴിയുമോ? നമുക്ക് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ ലഭ്യമാക്കിക്കൊണ്ട്, പോർട്ട് മേഖലയിൽ, കേരളത്തിലേക്ക് ഇൻവെസ്റ്റ്മെന്റ് വരണം. ഇതുപോലുള്ള വഴിമുടക്കികളല്ലേ കേരളത്തെ തകർത്തത്; കേരളത്തിനെ ഈ സ്ഥിതിയിലാക്കിയത് ഇവരല്ലേ? എ.ഡി.ബി. (Asian Development Bank) സംഘത്തിനുനേരെ കരി ഓയിൽ ഒഴിച്ച ആളുകളാണ്. എന്നിട്ട് എ.ഡി.ബി.-യുടെ വാതിൽക്കൽ പോയിനിന്നു. കഴിഞ്ഞ പത്ത് വർഷം മുഴുവൻ ലോക ബാങ്കും എ.ഡി.ബി.-യും ആണ് ഉണ്ടായിരുന്നത്.

എ.ഡി.ബി.-ക്കാർ നൽകിയ വായ്പകളെ 'ചരടുള്ള വായ്പകൾ' എന്നാണ് പറഞ്ഞത്. ഞാൻ രാവിലെ പറഞ്ഞതുപോലെ, ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ അദ്ദേഹം മണിയടിക്കാൻ പോയി. എന്നിട്ടിപ്പോൾ കോർപ്പറേറ്റ്വൽക്കരണം എന്നുപറയുകയാണ്. കമ്പ്യൂട്ടറിന്റെയും ട്രാക്ടറിന്റെയുമൊന്നും ചരിത്രം ഞാൻ പറയുന്നില്ല. എല്ലാ മാറ്റങ്ങളുടെയും മുന്നിൽ വഴിമുടക്കികളായി നിന്ന് പത്ത് വർഷം കേരളത്തെ തകർത്തവരാണ്. വലിയ സ്വപ്ന പദ്ധതിയുമായി കേരളത്തിലെ സർക്കാർ വരുമ്പോൾ... 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിച്ചപ്പോൾ ഇതൊന്നും ഉണ്ടായില്ല. കഴിഞ്ഞ രണ്ടുമൂന്ന് ദിവസത്തെ ശ്രദ്ധാലോചനയാണ്. കാരണം 'മിഷൻ സമുദ്ര'-യിലൂടെ ഈ സർക്കാരിന് ഗ്രേസ് കിട്ടുമോയെന്നുള്ള പേടിയാണ്. ആ പേടിയിൽ നിന്നാണ് ഇല്ലാത്ത കഥകൾ ഉണ്ടാക്കുന്നത്. പോർട്ടിന്റെ ഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്ന് രണ്ടുമൂന്നുപേർ ശക്തമായി ഉന്നയിച്ചു. അവർക്ക് കൃത്യമായ മറുപടി കൊടുത്തു. അവർ അതിലൊരു ഭേദഗതി പോലും നൽകിയിട്ടില്ല.

ഇന്ന് പെട്ടെന്ന് സുപ്രഭാതത്തിൽ ഉണ്ടായ ഒരു എതിർപ്പാണ്. ആ എതിർപ്പിനുമുമ്പിൽ തലകുനിക്കില്ല. പിന്നീട് പറയുന്നത് ധാതുസമ്പത്ത് തട്ടിയെടുക്കാൻ വേണ്ടിയാണ് എന്നാണ്. ഈ പോർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് ഏത് ധാതുസമ്പത്തിനെക്കുറിച്ചാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്; എവിടെയാണ് പറഞ്ഞിരിക്കുന്നത്? ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ ബിൽ വായിച്ചുപോലും നോക്കിയിട്ടില്ല. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. ആരോ എഴുതിക്കൊടുത്തത് വായിച്ചു എന്നൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹമാണ് ആ പ്രസംഗം തയ്യാറാക്കിയതെങ്കിൽ, ഗുരുതരമായ രണ്ട് തെറ്റുകൾ പറഞ്ഞു. മത്സ്യബന്ധന വകുപ്പിന്റെ മന്ത്രിയും സെക്രട്ടറിയും ഇല്ല എന്ന് പറഞ്ഞു. മത്സ്യബന്ധന വകുപ്പിന്റെ സെക്രട്ടറി ഇതിൽ അംഗമാണ്. റവന്യൂ വകുപ്പ് സെക്രട്ടറി ഇല്ല എന്നുപറഞ്ഞു. റവന്യൂ വകുപ്പിന്റെ സെക്രട്ടറിയും ഇതിലുണ്ട്. ബിൽ പോലും വായിച്ചുനോക്കാതെയാണ് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തിപോയത്. എന്നിട്ട് ഇതൊന്നും ഇല്ല എന്ന് പറയുകയാണ്.

ധാതുഖനനം നടത്താൻ ആർക്കും പറ്റില്ല, പ്രൈവറ്റ് സെക്ടറിന് പറ്റില്ല.

മിനറൽ സെപ്പറേഷൻ നടത്താൻ പ്രൈവറ്റ് സെക്ടറിന് സാധിക്കില്ല. കാരണം മിനറൽ പോളിസി ഉള്ളതാണ്. ആരാണ് ഇവിടെ മിനറലിനെ കുറിച്ച് പറയുന്നത്? നമ്മൾ ചെയ്യുന്നത്, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളെയും ഒരു കണ്ടെയ്നർ സ്റ്റേഷനെയും പതിനെട്ട് മിനി തുറമുഖങ്ങളെയും സംയോജിപ്പിച്ച് കേരളത്തെ ഒരു തുറമുഖനഗരമാക്കി മാറ്റുക എന്ന സ്വപ്നം സാക്ഷാത്കരിക്കാനാണ്. ധാരാളം പേർക്ക് ജോലി കിട്ടുകയും ധാരാളം പണം കേരളത്തിലേക്ക് വരികയും ചെയ്യും. ധാരാളം ഇൻവെസ്റ്റ്മെന്റ് ഉണ്ടാകുകയും കേരളത്തിലെ ഇക്കോണമി ശക്തിപ്പെടുകയും ചെയ്യും.

നമുക്ക് ധാരാളം ഡിസ്അഡ്വാന്റേജസ് ഉണ്ട്. ഭൂമി വളരെ കുറവാണ്, ഫോറസ്റ്റ് ആക്ട് ഉണ്ട്, പാഡി ആക്ട് ഉണ്ട്, സി.ആർ.ഇസഡ്. ഉണ്ട്. എല്ലാം വെൽറെഗുലേറ്റഡ് ആണ്. ഇവിടെ ജനസാന്ദ്രത വളരെ കൂടുതലാണ്. നമ്മുടെ അഡ്വാന്റേജ് എന്താണ്? നമുക്ക് അറുനൂറ് കിലോമീറ്റർ കടൽത്തീരമുണ്ട്. അതിനെ നമുക്ക്... ലോകത്ത് എല്ലാ രാജ്യങ്ങളും അതിനെ വലിയ അസെറ്റ് ആക്കി മാറ്റി. ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ പറഞ്ഞു, ദുബായിലെ ജബൽ അലി പോർട്ട്, ദുബായിയുടെ ജി.ഡി.പി.-

യിലേക്ക് സംഭാവന ചെയ്യുന്നത് 28% ആണ്. ഇന്ത്യയിൽ ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ചെന്നൈ ഉൾപ്പെടെ പോർട്ട് ഉള്ള സംസ്ഥാനങ്ങൾ പോർട്ട് അപ്ഗ്രേഡ് ചെയ്യാൻവേണ്ടി മത്സരിക്കുകയാണ്. ഇന്റർനാഷണൽ റൂട്ടിനോട് പത്ത് നോട്ടിക്കൽ മൈൽ മാത്രം അകലമുള്ള ഏറ്റവും തന്ത്രപ്രധാനമായ ഈ പോർട്ടും തീരപ്രദേശവുമുള്ള കേരളം, അത് ഉപയോഗിക്കാൻ പാടില്ല എന്നാണ് പറയുന്നത്. ആര് എതിർത്താലും അത് ഉപയോഗിക്കും. അത് വലിയൊരു സ്വപ്ന പദ്ധതിയാക്കി യാഥാർഥ്യമാക്കാനുള്ള നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകതന്നെ ചെയ്യും. അത് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകൂടിയാണ്. ഈ മെസേജ് കേരളത്തിന് പുറത്തേക്കും നമ്മുടെ രാജ്യത്തിന് പുറത്തേക്കും പോയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നാണ് ഈ മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാൻവേണ്ടി ധാരാളം ആളുകൾ വരുന്നത്. അതിനെ തകർക്കാൻ, കേരളത്തെക്കുറിച്ച് റോങ്ങ് മേസേജ് നൽകാൻവേണ്ടിയാണ് ശ്രമിക്കുന്നത്. അതുകൊണ്ട് കേരളത്തെ മാറ്റിയെടുക്കാനുള്ള വലിയ ഒരു പദ്ധതിയുടെ ഭാഗമായാണ് ഈ

നിയമനിർമ്മാണം നടത്തുന്നത്. ഈ നിയമനിർമ്മാണത്തിൽ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന ഒരു പ്രൊവിഷൻ എവിടെയെങ്കിലുമുണ്ടോ? ഒരു സ്ഥലത്തുമില്ല; മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കുന്ന കാര്യങ്ങളാണ് ഇതിലുള്ളത്. അതുകൊണ്ട് നേരത്തെ പറഞ്ഞതുപോലെ കേരളത്തെ മാറ്റിയെടുക്കാൻ കഴിയുന്ന, ഒരു വലിയ സംവിധാനം നടപ്പാക്കാൻവേണ്ടി ഉണ്ടാക്കിയ ഈ നിയമം പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. ടി. സിദ്ദിഖ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. സി. പി. ജോൺ: സർ, ഈ ബില്ലിന്റെ അമെന്റ്മെന്റ് ഒരു പ്രത്യേക ലക്ഷ്യം വച്ചുകൊണ്ടുള്ളതാണെന്ന് സഭാംഗങ്ങൾക്ക് വ്യക്തമായി അറിയാം. മോട്ടോർ വെഹിക്കിൾ ടാക്സേഷൻ നിയമത്തിൽ 2, 11 വകുപ്പുകളിലാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ പ്രധാന ഉദ്ദേശ്യം വളരെ ലളിതമാണ്. ഇന്ന് ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കാനുള്ള ഒരു നിയമം കേരളത്തിൽ നിലവിലില്ല. അങ്ങനെ ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കാനും അത് യാർഡിൽ സൂക്ഷിക്കാനുമുള്ള ഭേദഗതിയാണ് ഇവിടെ അംഗീകരിക്കാൻ പോകുന്നത്. അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഭേദഗതികളിൽ വന്നിട്ടുണ്ട്.

(2026-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി)

ബിൽ സംബന്ധിച്ച് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ (ശ്രീ. ജി. ആർ. അനിൽ, ശ്രീ. പി. എ. മുഹമ്മദ് റിയാസ്, ശ്രീ. കെ. പ്രേംകുമാർ) സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(നോട്ടീസ് നൽകിയ അംഗം ശ്രീ. ജി. സ്റ്റീഫൻ സീറ്റിലില്ലാതിരുന്നതിനാൽ 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ചില്ല.)

<u>ശ്രീ. സുമേഷ് അച്യുതൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കുടിശ്ശികയുടെ പേരിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പൊലീസ് സ്റ്റേഷനുകളിലും മറ്റ് സ്ഥലങ്ങളിലും അലക്ഷ്യമായി ഇടുന്നത് ഒഴിവാക്കേണ്ടത് തന്നെയാണ്. ആരുടേതാണെങ്കിലും വാഹനങ്ങൾ ടാക്സ് ഈടാക്കിയതിനുശേഷം ഉടമകൾക്ക് ഉപയോഗിക്കേണ്ടതാണ്. അവയിൽ മിക്കതും ഓട്ടോ, ടാക്സി

വാഹനങ്ങളായിരിക്കും. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ താലൂക്ക് തലത്തിൽ ഒരു കേന്ദ്രം കണ്ടെത്തി നല്ല നിലയിൽ പരിപാലിച്ച് ചെറിയ വാടക ഈടാക്കി അത് തിരിച്ചുകൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. വാഹനങ്ങൾ സുരക്ഷിതമായി സംരക്ഷിക്കേണ്ടത് ആവശ്യമാണ്. ഗതാഗതവകുപ്പിനെ കുറിച്ച് സംസാരിക്കുമ്പോൾ യു.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും വിപ്ലവകരമായ ഒരു തീരുമാനത്തെക്കുറിച്ച് പറയാതെ പോകുന്നത് ശരിയല്ല. പ്രിയദർശിനി ബസ് വിപ്ലവകരമായ ഒരു തീരുമാനമായിരുന്നു. പ്രിയദർശിനി ബസ് നടപ്പാക്കിയതിനുപിന്നിൽ ഒരു സൈലന്റ് റവല്യൂഷനുംകൂടിയുണ്ടെന്ന അഭിപ്രായം എനിക്കുണ്ട്. പ്രിയദർശിനി ബസ് നടപ്പാക്കിയതിലൂടെ പൊതുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിനുള്ളതെന്ന് വ്യക്തമാവുകയാണ്. ലോകത്തെല്ലായിടത്തും ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ചെറുക്കാൻവേണ്ടി, കാർബൺ എമിഷൻ കുറയ്ക്കാൻവേണ്ടി പൊതുഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ പ്രിയദർശിനി ബസ് സർവീസ് സ്തീശാക്തീകരണം മാത്രമല്ല

അതിനുപിന്നിൽ ഇത്തരത്തിലുള്ള സദുദ്ദേശ്യവുമുണ്ട് എന്ന യാഥാർഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ അമെന്റ്മെന്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് ആവശ്യപ്പെടുകയാണ്.

(സഭ വിട്ട് പുറത്തുപോയ എൽ.ഡി.എഫ്. അംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

മി. സ്പീക്കർ: ശ്രീ. സുമേഷ് അച്ചുതൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സുമേഷ് അച്ചുതൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സുമേഷ് അച്ചുതൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

Shri G. R. Anil : Sir, I move the following amendments:

201. In section 2(fa) proposed to be inserted in the principal Act by clause 2(a) after the word " means" the word " the" shall be inserted.

210. In section 2(fa) proposed to be inserted in the principal Act by clause 2(a) after the words " means fee" the word " charged" shall be inserted.

234. In section 2(fa) proposed to be inserted in the principal Act by clause 2(a) for the words " the vehicle" the words " motor vehicles" shall be substituted.

249. In section 2(ga) proposed to be inserted in the principal Act by clause 2(b) after the word " means" the word " the" shall be inserted.

266. In section 2(ga) proposed to be inserted in the principal Act by clause 2(b) for the word " the" the word " any" shall be substituted.

280. In section 2(ka) proposed to be inserted in the principal Act by clause 2(c) for the words " keeping the" the words " keeping those" shall be substituted.

292. In section 2(ka) proposed to be inserted in the principal Act by clause 2(c) after the word " Act" the words and symbols " having CCTV surveillance, weather-proofing or adequate shade, and fire safety compliance" shall be inserted.

295. In section 2(ka) proposed to be inserted in the principal Act by clause 2(c) the following proviso shall be inserted:
" Provided that no yard shall refuse entry or safe custody to any vehicle due to lack of space without making alternate secure arrangements at government expense."

Shri P. M. A. Sameer: Sir, I move the following amendments:

221. In section 2(fa) proposed to be inserted in the principal Act by clause 2(a) for the word " transporting" the word " shifting" shall be substituted.

255. In section 2(ga) proposed to be inserted in the principal Act by clause 2(b) after the word " charged" the words " from the R C owner" shall be inserted.

270. In section 2(ka) proposed to be inserted in the principal Act by clause 2(c) for the words " Vehicle Seizure yard" the

words " Seized Vehicle Depositing Yard" shall be substituted.

Shri Najeeb Kanthapuram: Sir, I move the following amendments:

227. In section 2 (fa) proposed to be inserted in the principal Act by clause 2(a) for the word " transporting" the word " carrying" shall be substituted.

241. In section 2(fa) proposed to be inserted in the principal Act by clause 2(a) after the word " vehicle" the words " from the place of seizure" shall be inserted.

259. In section 2(ga) proposed to be inserted in the principal Act by clause 2(b) for the word " keeping" the word " detaining" shall be substituted.

Shri Vinu Job Kuzhimannil: Sir, I move the following amendments:

243. In section 2(fa) proposed to be inserted in the principal Act by clause 2(a) for the words " to the yard which is seized and detained under this Act;" the words " seized and detained under this Act to the yard" shall be substituted.

244. In section 2(ga) proposed to be inserted in the principal Act by clause 2(b) for the words " Storage fee" the words " Demurrage fee/Impound fee/Custody fee" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment:

267. In section 2(ga) proposed to be inserted in the principal Act by clause 2(b) after the word " vehicles" the words " in the yard" shall be inserted.

മി. സ്പീക്കർ: 202 മുതൽ 207-ാം നമ്പർ വരെയുള്ള ഭേദഗതികൾ 201-ാം നമ്പർ ഭേദഗതിക്കും 208, 209 എന്നീ നമ്പർ ഭേദഗതികൾ 211 മുതൽ 214-ാം നമ്പർ വരെയുള്ള ഭേദഗതി 210-ാം നമ്പർ ഭേദഗതിക്കും 222 മുതൽ 226-ാം നമ്പർ വരെ ഭേദഗതികൾ 221-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 230-ാം നമ്പർ വരെ ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 231 മുതൽ 233 വരെയും 235 മുതൽ 237-ാം നമ്പർ വരെയുമുള്ള ഭേദഗതികൾ 234-ാം നമ്പർ ഭേദഗതിക്കും 239, 240 എന്നീ ഭേദഗതികൾ 241-ാം നമ്പർ ഭേദഗതിക്കും 245 മുതൽ 248-ാം നമ്പർ വരെയുള്ള ഭേദഗതികളും 250-ാം നമ്പർ ഭേദഗതിയും 249-ാം നമ്പർ ഭേദഗതിക്കും 256-ാം നമ്പർ ഭേദഗതിയും

255-ാം നമ്പർ ഭേദഗതിക്കും 257, 258, 260 എന്നീ നമ്പർ ഭേദഗതികൾ 259-ാം നമ്പർ ഭേദഗതിക്കും 261 മുതൽ 265-ാം നമ്പർ വരെ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും 269, 271 -ാം നമ്പർ ഭേദഗതികൾ മുതൽ 273-ാം നമ്പർ വരെ ഭേദഗതി 270-ാം നമ്പർ ഭേദഗതിക്കും 281 മുതൽ 286-ാം നമ്പർ വരെ ഭേദഗതി 280-ാം നമ്പർ ഭേദഗതിക്കും 289 മുതൽ 291-ാം നമ്പർ വരെ ഭേദഗതിയും 296-ാം നമ്പർ ഭേദഗതി മുതൽ 300 -ാം നമ്പർ വരെ ഭേദഗതി 295-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 201, 234, 249, 266, 280, 292, 295 എന്നീ നമ്പർ ഭേദഗതികൾ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എം. എ. സമീർ അവതരിപ്പിച്ച 221, 255, 270, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 227, 241, 259 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 243, 244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri Chandy Oommen :

325. In section 11(1A) proposed to be inserted in the principal Act by clause 3(b) for the words " the safe" the word " safe" shall be substituted.

Shri K. Premkumar :

340. In section 11(1A) proposed to be inserted in the principal Act by clause 3(b) after the word " rates" the words " subject to a maximum of Rupees ten thousand and fifteen thousand respectively" shall be inserted.

Shri Vinu Job Kuzhimannil :

347. The section 11 (1A) proposed to be inserted in the principal Act shall be recast as follows:
" (1A) in addition to the clause provided that upon payment of

the removal fee, storage fee and other dues the seized and detained vehicle shall be released to the owner within two days (upto 48 hours)."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ശ്രീ. ആര്യാടൻ ഷൗക്കത്തിന്റെ 319-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

319. In section 11(1A) proposed to be inserted in the principal Act by clause 3(b) for the words "If a vehicle is seized and detained and kept in the safe custody" the words "If a vehicle is seized, detained and kept in safe custody" shall be substituted.

ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ 319-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>Shri G. R. Anil</u>: Sir, I move the following amendments:

121. In the preamble for the word " expedient" the word

" beneficial" shall be substituted.

159. In the preamble for the words " purposes hereinafter appearing" the words " following purposes" shall be substituted.

168. In the preamble for the word " appearing" the word " included" shall be substituted.

172. In the enacting formula for the word " enacted" the word " executed" shall be substituted.

187. In clause 1(2) after the word " Government" the words " of Keralam" shall be inserted.

191. In clause 1(2) after the words " in the official Gazette, appoint." the words " within three months from the date of assent of the Act." shall be inserted.

Shri C. Ajaya Prasad: Sir, I move the following amendments:

127. In the preamble for the word " expedient" the word

" convenient" shall be substituted.

151. In the preamble for the word " purposes" the word " objectives" shall be substituted.

മി. സ്പീക്കർ: 110 മുതൽ 120 വരെയുള്ള ഭേദഗതികൾ ചട്ടം 82(3) പ്രകാരം ക്രമപ്രകാരമല്ലാത്തതിനാലും 122 മുതൽ 126 വരെയുള്ള ഭേദഗതികൾ 121-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 128 മുതൽ 144 വരെയുള്ള ഭേദഗതികൾ ചട്ടം 82(3) പ്രകാരവും 145 മുതൽ 150 വരെയുള്ള ഭേദഗതികൾ ചട്ടം 82(5) പ്രകാരവും ക്രമപ്രകാരമല്ലാത്തതിനാലും 153 മുതൽ 158 വരെയും 160 മുതൽ 162 വരെയുള്ള ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 163 മുതൽ 167 വരെയുള്ള ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 169 മുതൽ 171 വരെയുള്ള ഭേദഗതികളും 173, 174 എന്നീ നമ്പർ ഭേദഗതികളും 172-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും 175 മുതൽ 182 വരെയുള്ള ഭേദഗതികൾ ചട്ടം

82(3) പ്രകാരം ക്രമപ്രകാരമല്ലാത്തതിനാലും 183 മുതൽ 186 വരെയുള്ള ഭേദഗതികളും 188-ാം നമ്പർ ഭേദഗതിയും 187-ാം നമ്പർ ഭേദഗതിക്കും 189, 190, 192, 193 എന്നീ നമ്പർ ഭേദഗതികൾ 191-ാം നമ്പർ ഭേദഗതിക്കും 194 മുതൽ 198 വരെ ഭേദഗതികളും 200-ാം നമ്പർ ഭേദഗതിയും 199-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. ജി. ആർ. അനിൽ അവതരിപ്പിച്ച 121, 159, 168, 172, 187, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. അജയപ്രസാദ് അവതരിപ്പിച്ച 127, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, 2026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. ഷംസുദ്ദീൻ): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബില്ലിൽ, ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനോ യാർഡിന്റെ ദൈനംദിന നടത്തിപ്പിനോ സാമ്പത്തിക ബാധ്യത അനിവാര്യമാണെന്നിരിക്കെ ഇതിനായി

സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു അധികചെലവും ഉണ്ടാകില്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നു. സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകണമെന്ന നിയമസഭ ചട്ടത്തിന്റെ ലംഘനവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണ് ഇത്. കൂടാതെ ഭേദഗതി ബില്ലിലൂടെ പുതുതായി ഏർപ്പെടുത്തുന്ന റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവ സർക്കാരിന്റെ വരുമാനമായി സംസ്ഥാന സഞ്ചിതനിധിയിലേക്ക് മുതൽക്കൂട്ടുമോ അതോ സ്വകാര്യ യാർഡ് നടത്തിപ്പുകാർക്ക് നേരിട്ട് ലഭിക്കുമോ എന്ന കാര്യത്തിൽ ബില്ലിൽ വ്യക്തമാക്കുന്നില്ല. മാതൃ നിയമത്തിലെ വകുപ്പ് 11(1)-ൽ ശേഷം നിർദിഷ്ട ഉപവകുപ്പ് 1(A) പ്രകാരം ഫീസുകളുടെ നിരക്കും അത് ഈടാക്കുന്ന രീതിയും ചട്ടങ്ങളിലൂടെ തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ടെങ്കിലും ഈ ഫീസുകളുടെ പരമാവധി പരിധിയോ മാനദണ്ഡമോ മാതൃനിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവ് അമിതാധികാരം കൈമാറ്റം ചെയ്യുന്നതിന് തുല്യമാണ്. അതുകൊണ്ടുതന്നെ ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയിൽ എന്റെ വിയോജിപ്പ്

രേഖപ്പെടുത്തി ഞാൻ അത് വീണ്ടും ആവർത്തിക്കുകയാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 22026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബില്ലിലെ നിർദിഷ്ട ഉപവകുപ്പ് 1(A)-യിൽ ഫീസുകളുടെ നിരക്കും ഈടാക്കുന്ന രീതിയും ചട്ടങ്ങളിലൂടെ തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഫീസുകളുടെ പരിധിയോ മാനദണ്ഡങ്ങളോ സംബന്ധിച്ച് മാതൃനിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിത അധികാരം കൈമാറ്റം ചെയ്യുന്നതിന് തുല്യമായതിനാൽ ഭേദഗതി ബില്ലിൽ വിയോജിപ്പ് ആദ്യംതന്നെ അറിയിക്കുന്നു. സബ്ജക്ട് കമ്മിറ്റിയിലും ഇതുസംബന്ധിച്ച വിയോജിപ്പ് അറിയിച്ചിരുന്നു. യാർഡുകൾ കേരളത്തിലെ മോഡിഫൈഡ് വാഹനങ്ങളുടെ യാർഡുകളായി മാറുമോ എന്ന ഭയം എനിക്കുണ്ട്. ഇത് വെറുതെ പറയുന്നതല്ല. ഈ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ കേരളത്തിൽ എത്രയേറെ വാഹനങ്ങൾ രൂപമാറ്റം സംഭവിച്ചുകഴിഞ്ഞു എന്നുള്ളത് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. അതിന്റെ പ്രധാന കാരണം കേരളത്തിന്റെ മുഖ്യമന്ത്രി ജെൻസികൾക്കും വാഹനപ്രേമികൾക്കും ഒരു ഉറപ്പ് കൊടുത്തിരുന്നു എന്നതാണ്.

അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള മോഡിഫിക്കേഷൻ നടപ്പിലാക്കുമെന്നായിരുന്നു മുഖ്യമന്ത്രിയുടെ വാഗ്ദാനം. ഇതിന്റെ ഭാഗമായി പലരും വാഹന മോഡിഫിക്കേഷൻ നടത്തുകയും അവർക്കെല്ലാം ഇരുട്ടടിയായി പിഴയും ലഭിച്ചു. യു.ഡി.എഫ്. സർക്കാരിന്റെ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ വാഹന മോഡിഫിക്കേഷൻ നടത്തിയതിന് 7360 പേർക്ക് പിഴ ചുമത്തുകയും 5.7 കോടി രൂപ ഫൈൻ അടച്ചു എന്നാണ് പത്രവാർത്ത. ആദ്യം പറഞ്ഞു പറ്റിച്ചു; ഇപ്പോൾ ഫൈൻ അടപ്പിച്ച് പറ്റിക്കുകയാണ്. ഈ സർക്കാർ രണ്ടാഴ്ച മുമ്പ് ഒരു ഉത്തരവ് പുറത്തിറക്കിയിരുന്നു. 'ഇതാ വാഹന മോഡിഫിക്കേഷൻ സാധ്യമായിരിക്കുന്നു' എന്നാണ് ഇതിന്റെ പിന്നിൽ പറഞ്ഞിട്ടുള്ളത്. ഫോഗ് ലൈറ്റ് ഘടിപ്പിക്കൽ, സ്റ്റിക്കർ ഒട്ടിക്കൽ, ടയർ ഫേസ് മാറ്റൽ, അലോയ് വീലുകൾ മാറ്റൽ, സസ്പെൻഷനും എക്സോസ്റ്റും ഘടിപ്പിക്കൽ, ഓഫ് റോഡ് മോഡിഫിക്കേഷൻ എന്നിവയാണ് വാഹന ഉടമകൾ ആവശ്യപ്പെടുന്ന മോഡിഫിക്കേഷനുകൾ. 2026 ഒക്ടോബർ 7-നാണ് ഗതാഗത കമ്മീഷണർ ആർ. ടി. ഓഫീസർമാർക്ക് പുതിയ നിർദേശങ്ങൾ അടങ്ങിയ കത്ത് അയച്ചത്. ഇതിൽ ഏഴ് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. ടി ഏഴ ഇളവുകളും

2022 സെപ്റ്റംബർ 19-ന് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ചതാണ്. എം.വി.ഡി.-യുടെ അനുവാദത്തോടെ നടത്താവുന്ന പ്രസ്തുത ഏഴ് കാര്യങ്ങൾക്കല്ലാതെ മറ്റൊരു കാര്യത്തിനും അനുമതിയില്ലെന്ന് യു.ഡി.എഫ്. സർക്കാരിന്റെ കത്തിൽ പറയുന്നു. 2022-ലെ ഗതാഗത മേധാവിയുടെ കത്തിൽ പ്രഖ്യാപിച്ച ഇളവുകളുടെ എണ്ണം 19 ആയിരുന്നു. നിലവിലുള്ള 19 ഇളവുകളിൽ നിന്ന് ഏഴെണ്ണം എടുത്തെഴുതി പുതിയ ഇളവുകളാണെന്ന് പ്രചരിപ്പിക്കുകയായിരുന്നു സർക്കാർ ചെയ്തത്. ജെൻസി തലമുറയോടും വാഹനപ്രേമികളോടും ഈ കൊടുംചതി ചെയ്യേണ്ടിയിരുന്നില്ല. ഇനിയെങ്കിലും കേന്ദ്ര നിയമത്തിനും സുപ്രീംകോടതി വിധികൾക്കും അപ്പുറം ഇളവുകൾ അനുവദിക്കാൻ സാധ്യമാക്കില്ലെന്ന സത്യം ഈ സർക്കാർ തുറന്നുപറയണം. ഇല്ലെങ്കിൽ ഈ സർക്കാർ കൊണ്ടുവരാൻ പോകുന്ന യാർഡുകൾ മോഡിഫൈഡ് വാഹനങ്ങളുടെ ശവപ്പറമ്പുകളായി മാറും. ഈ വിഷയം കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഒരു ചിരിയായിരുന്നു. അതിനെ 'പൂക്കി ചിരി' എന്നായിരുന്നു വിശേഷിപ്പിച്ചത്. ആ ചിരി ഇന്ന് മോഡിഫൈഡ്

വാഹനങ്ങളുടെ ഉടമകളെ സംബന്ധിച്ചിടത്തോളം കൊലച്ചിരിയായി മാറിയെന്നതാണ് വസ്തുത. അതുകൊണ്ട് ഈ ഭേദഗതിയെ ഞാൻ എതിർക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, രണ്ടു കാര്യങ്ങളാണ് എനിക്കിവിടെ പറയാനുള്ളത്. ഒന്ന്, ഈ യാർഡുകൾ കൊണ്ടുവരുന്നത് പി.പി.പി. മാതൃകയിലാണ്. പി.പി.പി. മാതൃകയിലായതുകൊണ്ടുതന്നെ കൺസോളിഡേറ്റഡ് ഫണ്ടിന്റെ പ്രശ്നം അവിടെ ഉദിക്കുന്നില്ല. അതുകൊണ്ട് അത്തരത്തിലുള്ള ആശങ്ക ഈ സഭക്ക് ആവശ്യമില്ലെന്നാണ് എനിക്ക് വിനീതമായിട്ട് പറയാനുള്ളത്. രണ്ടാമത്തെ പ്രശ്നം, ബഹുമാനപ്പെട്ട അംഗം റിയാസ് ഈ വിഷയത്തിലേക്ക് മോഡിഫിക്കേഷൻ എന്നൊരു വിഷയം കൂടി കൊണ്ടുവന്നിരിക്കുകയാണ്. ഇതിന് മോഡിഫിക്കേഷനുമായി ബന്ധമൊന്നുമില്ല. മോഡിഫിക്കേഷൻ വേറൊരു സബ്ജക്ടാണ്. ടാക്സ് അടക്കാത്ത ആളുകൾ, ടാക്സ് ഇവേഡ് ചെയ്യുന്ന ആളുകളുടെ വാഹനങ്ങൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ള നിയമത്തിലില്ല. അത് എവിടെയെങ്കിലും കൂട്ടിയിടുകയാണ്. അതിനായി ഒരു നിയമം കൊണ്ടുവന്നുവെന്നല്ലാതെ

എഴുതാപ്പുറം വായിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, അദ്ദേഹം പറഞ്ഞതിൽ തീർച്ചയായും ഒരു കാര്യമുണ്ട്. കേന്ദ്ര വാഹന നിയമം വളരെ ശക്തമാണ്. ഹൈക്കോടതി, സുപ്രീംകോടതി വിധികളുമുണ്ട്. ഇതിൽ ഒരു കാര്യം വ്യക്തമായി പറയാം. അപകടകരമല്ലാത്ത മോഡിഫിക്കേഷൻസ്, ഉദാഹരണത്തിന് ഒരു വാഹനത്തിന്റെ ഇരുവശങ്ങളിലേക്കും പുറത്തേക്ക് തള്ളിനിൽക്കുന്ന തരത്തിലുള്ള ചില ഘടനകൾ നിർമ്മിക്കുന്നത് അംഗീകരിക്കാനാവില്ല. അതുപോലെതന്നെ, അതിശക്തിയുള്ള ലൈറ്റുകൾ, അമിതശബ്ദമുണ്ടാക്കുന്ന സൈലൻസറുകൾ, ഊരിമാറ്റിയിട്ടുള്ള ചില സംവിധാനങ്ങൾ എന്നിവയൊന്നും അംഗീകരിക്കാനാവില്ല. അതല്ലാത്ത മിതമായ മാറ്റങ്ങൾ അംഗീകരിക്കാമെന്നാണ് തീരുമാനിച്ചത്. അതുപോലെത്തന്നെ ബസുകളുടെ നിറം വെള്ളയാക്കണമെന്ന് കഴിഞ്ഞ സർക്കാർ നിർദേശിച്ചിരുന്നു. ഇപ്പോൾ ഒരു കളർ കോഡ് അവർക്ക് തീരുമാനിക്കാമെന്ന് പറഞ്ഞിരിക്കുകയാണ്.

അത്തരത്തിലുള്ള മിതമായതും അപകടകരമല്ലാത്തതുമായ മാറ്റങ്ങൾ അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. പക്ഷേ ആ പ്രശ്നം യാർഡുമായി ബന്ധപ്പെട്ട വിഷയമല്ല. യാർഡ് ഒരു പരീക്ഷണമാണ്. ആ പരീക്ഷണം നമ്മൾ നടത്തുകയാണ്. ഇന്ന് നിലവിലില്ലാത്ത ഒരു സംവിധാനം വരുന്നു എന്നു മാത്രം.

മി. സ്പീക്കർ: 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

നേരത്തെ ഞാൻ പറഞ്ഞ രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. സഭ കഴിഞ്ഞ് നമുക്ക് എ.ഐ.-യുടെ ഒരു ക്ലാസുണ്ട്. അതിനുശേഷം തൊട്ടടുത്തുള്ള മസ്ക്കറ്റ് ഹോട്ടലിൽ ഡിന്നർ ക്രമികരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ, എല്ലാ കാര്യങ്ങളിലും സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളിൽ പലരും ഉച്ചഭക്ഷണം ഉപേക്ഷിച്ചാണ് ഇരുന്നതെന്ന് എനിക്കറിയാം. ഞാനും ആ കൂട്ടത്തിൽപ്പെട്ട ഒരാളാണ്. ഇന്നലെയും ഇന്നും ഒരു ഉപവാസം പോലെയാണ്

നമ്മൾ ബിൽ പാസ്സാക്കുന്നതിനുവേണ്ടി സഹകരിച്ചത്. അതിന് ഒരിക്കൽക്കൂടി നന്ദി പറയുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഒക്ടോബർ മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 04.19-ന് പിരിഞ്ഞു.)